# ക്രൈസ്തവ കാഹളം

'ഒരു കർത്താവും
ഒരു വിശ്വാസവും
ഒരു മാമോദീസായും'

DHARMARAM COLLEGE LIBRARY, BANGALORE.



ക്രിസ്തുരാജൻ ജയിക്കട്ടെ

(രാജത്വത്തിരുനാൾ—ഒക്ടോബർ 31)

Vol. XXIV
October 1965
No. 10.

വരിസംഖ്യ മുൻക്കൂർ 3 ക.
വിദേശങ്ങളിൽ 4 ക.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ

പുറം

1. പത്രാധിപക്കുറിപ്പുകൾ. 301
2. അപ്പൊസ്തോലിക പിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും
-- മോൺ. തോമസ് വടക്കേരി എൽ. ഡി. 303
3. ദൈവമാതാവും ഓർത്തഡോക്സ് സഭയും. (തുടർച്ച) —ഫാ. സി. എ. എബ്രഹാം 306
4. മനുഷ്യൻ ആരാണ്? (തുടർച്ച) — ഐസക്ക് കത്രൂർ 309
5. കുരിശുമലയിലെ ക്രൈസ്തവാശ്രമം. — തോമസ് മാത്യു കൊട്ടാരത്തുംകുഴി 311
6. "ജപമാലരാജ്ഞി" — കെ. കച്ചിറമറ്റം 316
7. കൊച്ചനുജത്തിക്ക ചേച്ചിയുടെ ഒരു കത്ത് — സി. പി. കുഞ്ഞന്നാമ്മ 320
8. ഒരു പ്രാർത്ഥന — റവ. ഫാ. ഔസേപ്പൻ കപ്ലാശ്ശേരിൽ 323
9. 'റായന' മുടക്കരുത് —റവ. ഫാ. ഡാനിയേൽ അച്ചനേത്ത് 324
10. ധ്യാനചിന്തകൾ — വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ 325
11. കത്തോലിക്കാസഭയിലേക്ക് — റവി. കെ. ജേക്കബ് കിഴക്കേടത്ത് തുവയൂർ 329
12. ഗ്രന്ഥാലോകം
13. അതിരൂപത വാർത്തകൾ 332

*Chief Editor*: Rt. Rev. Msgr. Philipose Remban.

*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

പുസ്തകം 24. | ഒക്ടോബർ 1965. | ലക്കം 10.

## പത്രാധിപക്കുറിപ്പുകൾ

### 1. രാജത്വത്തിരുനാൾ

ഈ ഒക്ടോബർ മാസത്തിലാണ് നാം നമ്മുടെ കർത്താവിന്റെ രാജത്വത്തിരുനാൾ ആഘോഷിക്കുന്നത്. ക്രിസ്തു രാജാവാണ്. ഗബ്രിയേൽ ദൂതൻ കന്യകമറിയത്തോടു പ്രസ്താവിച്ചു: "അവൻ യാക്കോബിന്റെ ഭവനത്തിന്മേൽ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അതിർത്തിയുണ്ടാകയില്ല". രണ്ടാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു: "അതിനാൽ അവന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ ഞാൻ രാജാവായി നിയമിക്കപ്പെട്ടിരിക്കുന്നു. കർത്താവു എന്നോടു പറഞ്ഞു: "നീ എന്റെ പുത്രനാകുന്നു. ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു. എന്നോടു ചോദിക്കുക. പുറജാതികളെ നിന്റെ അവകാശമായിട്ടും ഭൂമിയുടെ അതിരുകളെ നിനക്കധീനമായിട്ടും ഞാൻ തരാം". അവിടന്ന് പീലാത്തോസിന്റെ മുമ്പിൽ വച്ച് തന്റെ രാജത്വം പ്രഖ്യാപനം ചെയ്തു. തന്റെ രാജ്യം ഐഹികമല്ലെന്നു അവിടന്നു കൂട്ടിച്ചേർക്കയും ചെയ്തു.

ക്രിസ്തുവിന്റെ രാജത്വത്തെക്കുറിച്ചു ചർച്ച ചെയ്യുകയിൽ അവിടന്നു ദാവീദിന്റെ ഗോത്രത്തിൽ പിറന്നവനാകയാൽ രാജാവാണെന്ന് ചില വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഈ വാദം കേവലം ബാലിശമാണ്. ഒരു രാജാവിന്റെ എല്ലാ മക്കളും രാജാക്കന്മാരല്ല. മാത്രമല്ല, ദാവീദിന്റെ സിംഹാസനം അവകാശമാക്കിയ ശലോമോന്റെ പിൻതുടർച്ച വഴിക്കല്ല, അതു ലഭിക്കാഞ്ഞ നാഥാന്റെ പിൻതുടർച്ച വഴിയാണു ക്രിസ്തു ജനിച്ചതു്. അതിനാൽ കേവലമായ ലൗകികരാജത്വാവകാശം ക്രിസ്തുവിനുണ്ടെന്നു പറയുന്നതിൽ കഴമ്പില്ല.

എന്നാൽ അവിടന്നു രാജാവായിരിക്കുന്നതു് അവിടത്തെ സ്വഭാവത്താലെയും വിജയത്തിന്റെ അവകാശത്താലെയുമത്രെ. പ. തമത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാൻ മനുഷ്യസ്വഭാവം സ്വീകരിച്ചു. അവിടന്നു മനുഷ്യർക്കുവേണ്ടി മരിച്ച് വിജയിയായി. പിതാവായ ദൈവം മനുഷ്യവർഗ്ഗത്തിന്റെമേൽ അവിടത്തേക്കു ആധിപത്യം നൽകി.

ക്രിസ്തുവിന്റെ രാജ്യം ഐഹികമല്ലല്ലോ. അവിടത്തെ രാജ്യമാണ് വീണ്ടെടുക്കപ്പെട്ട ദൈവജനമായ സഭ. ആ രാജ്യം വർദ്ധിക്കുന്നതിനുവേണ്ടി നാം പ്രയത്നിക്കുക. നമ്മുടെ ആത്മാക്കളിൽ അവിടത്തെ ആധിപത്യം എന്നും ഉണ്ടായിരിക്കട്ടെ.

മാതൃരാജ്യത്തോടുള്ള കൂറ് ഇൻഡ്യാക്കാരായ നാം കാണിച്ചുകൊണ്ടിരിക്കുന്ന അവസരമാണല്ലോ ഇതു്. അതുപോലെതന്നെ ക്രിസ്തുവിന്റെ രാജ്യമായ സഭയോടുള്ള കൂറു നാം കാണിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ഭരണം നമ്മുടെ ആത്മാക്കളിൽ ഉണ്ടായിരിക്കുകയും സഭയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ രാജത്വം നാം ഏറ്റുപറയുക.

## ജപമാലഭക്തി പരിശീലിക്കുക

കുടുംബപ്രാർത്ഥനകൾക്ക് ഇക്കാലത്തു് ആളുകൾ വേണ്ടത്ര പ്രാധാന്യം നൽകാത്തതു് ശോചനീയമായ ഒരു കാര്യമത്രെ. രാവിലെയും വൈകിട്ടും കുടുംബാംഗങ്ങളെല്ലാവരും ഒന്നിച്ച് ഏകമനസ്സോടെ ദൈവത്തെ സ്തുതിക്കുകയും അവരുടെ ഹൃദയങ്ങളെ ദൈവസന്നിധിയിലേക്കുയർത്തുകയും ചെയ്യുന്ന കാഴ്ച എത്രയോ മനോഹരമാണ്! എത്രയോ ആവശ്യമായ ഒരു കാര്യമാണ് കുടുംബപ്രാർത്ഥന. പക്ഷെ, ഇന്നു മിക്ക ഭവനങ്ങളിലും കുടുംബപ്രാർത്ഥനയ്ക്കു വേണ്ട സ്ഥാനം നല്കുന്നില്ല. അതിന്റെ ഫലമായി കുടുംബത്തിലും കുടുംബാംഗങ്ങളുടെ ജീവിതത്തിലും എന്തെല്ലാം കുഴപ്പങ്ങളാണുണ്ടാകുന്നതു്! കുടുംബാംഗങ്ങൾ തമ്മിലുള്ള യോജിപ്പിനും കുടുംബസമാധാനത്തിനും കുടുംബാംഗങ്ങളുടെ ക്രിസ്തീയജീവിതത്തിനും കുടുംബപ്രാർത്ഥന നൽകുന്ന മഹത്തായ സംഭാവന അനുപമമത്രെ. പിള്ളേക്കും സ്ത്രീകൾക്കും ആവശ്യമെങ്കിൽ നടത്തേണ്ട ഒരേർപ്പാടായിട്ടാണ് മിക്ക ഭവനങ്ങളിലും ഇന്നു കുടുംബപ്രാർത്ഥന പരിണമിച്ചിരിക്കുന്നതു്. പ്രായപൂർത്തിയായ പുരുഷന്മാക്കു കുടുംബപ്രാർത്ഥനയിൽ സംബന്ധിക്കേണ്ട കാര്യമൊന്നുമില്ലെന്നുവരെയായിട്ടുണ്ടു് ഇന്നു് മിക്ക ഭവനങ്ങളിലെയും സ്ഥിതി. ഈ സ്ഥിതി മാറാതെ നമ്മുടെ കുടുംബങ്ങൾ ഭക്തിചൈതന്യമുള്ളവയാകുകയില്ല.

ഇത്രയും പ്രസ്താവിച്ചതു് വേറൊരുകാര്യംകൂടി അനുസ്മരിക്കുന്നതിനാണ്. ഒക്ടോബർ മാസം ജപമാലഭക്തിയിൽ കത്തോലിക്കർക്കു തീക്ഷ്ണത വർദ്ധിക്കുന്നതിനുവേണ്ടി സഭ മാററിവച്ചിട്ടുള്ള മാസമാണ്. ദൈവമാതാവായ കന്യകമറിയത്തോടു പല പ്രകാരങ്ങളിൽ നമ്മുടെ ഭക്തി നാം കാണിക്കുന്നുണ്ടു്. അങ്ങനെ നാം ചെയ്യുന്ന ഭക്തകൃത്യങ്ങളിൽ മുഖ്യമായ സ്ഥാനം ജപമാലഭക്തിക്കായിരിക്കണം. നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ ദിവ്യരഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ടു് ഭക്തിപൂർവ്വം ജപമാലപ്രാർത്ഥന നടത്തുക ആധ്യാത്മികവും ലൗകികവുമായ നിരവധി അനുഗ്രഹങ്ങൾക്കു കാരണമാകും. ആധ്യാത്മികമായ ശുഷ്കാന്തി നമ്മിൽ വർദ്ധിക്കും, ദിവ്യരക്ഷകനോടും അവിടത്തെ മാതാവിനോടുമുള്ള ഭക്തി നമ്മിൽ ദീപ്തമാകും, പ്രാർത്ഥനയുടെ അരൂപിയിൽ വളന്നവരും, ദൈവാനുഗ്രഹങ്ങൾ നമ്മിലും കുടുംബത്തിലും വർഷിക്കപ്പെടും, ആപൽഘട്ടങ്ങളിലും മനഃപ്രയാസഹേതുകമായ സന്ദർഭങ്ങളിലും നമുക്കു ആന്തരികമായ സമാശ്വാസം ലബ്ധമാകും.

വെറും കവിണിയും കല്ലുംകൊണ്ടു് ദാവീദ് മഹാശക്തിമാനായ ഫെലിസ്ത്യനെ അടിപ്പെടുത്തി നശിപ്പിച്ചുകളഞ്ഞു. "നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു.......... യഹോവ വാൾകൊണ്ടും കുന്തംകൊണ്ടുമല്ല രക്ഷിക്കുന്നതു് എന്നു ഈ സംഘമെല്ലാം അറിവാൻ ഇട വരും". (1 ശമുവേൽ 17: 45-47) വെറും നിസ്സാരമെന്നു തോന്നുന്ന, വെറും സാധാരണമായ, കവിണികൊണ്ടു് ദാവീദു ശത്രുക്കളെ ജയിച്ചതുപോലെതന്നെ ആധുനികലോകത്തെ തിന്മകൾക്കെതിരായി പോരാടുവാനുള്ള ഒരായുധമായി ജപമാലപ്രാർത്ഥനയെ പരിഗണിച്ചുപയോഗിക്കുക. ഫലം അത്ഭുതാവഹമായിരിക്കും.

നമ്മുടെ കുടുംബങ്ങളിൽ സന്ധ്യാനമസ്കാരം കഴിഞ്ഞു് ഭക്തിപൂർവ്വം ജപമാലപ്രാർത്ഥന ചൊല്ലുന്ന പതിവു് നാം പാലിക്കുക. കുടുംബാംഗങ്ങളെല്ലാവരും ഒന്നിച്ചു ചേന്നു് ദൈവമാതാവിനോടു ജപമാലപ്രാർത്ഥനവഴി നല്ല നല്ല ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനു മുട്ടിപ്പായി അപേക്ഷിക്കട്ടെ. വ്യക്തിപരവും കുടുംബപരവുമായ അനുഗ്രഹങ്ങളും പാപികളുടെ മാനസാന്തരവും സഭയുടെ വളർച്ചയും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ മോചനവുമെല്ലാംതന്നെ നമ്മുടെ ഉദ്ദേശ്യങ്ങളായിരിക്കട്ടെ. ജപമാലഭക്തി ശരിയായി പരിശീലിക്കുക.

## പൗരോഹിത്യരജതജൂബിലി

കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങളായി തിരുവനന്തപുരം അതിരൂപതയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുപോരുന്ന വെരി. റവ. ഫാ. തോമസ് കരിയിൽ അവർകളുടെ പൗരോ

(ശേഷം 32[illegible]-ാം പേജിൽ)

# അപ്പൊസ്തോലികപിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും

(മോൺ. തോമസ് വടക്കേശ്ശേരി എൽ. ഡി.)

(തുടർച്ച)

## 2. റോമായിലെ ക്ലീമീസ്

### 1. ജീവചരിത്രം.

#### 1) സുനിശ്ചിത വിവരങ്ങൾ

റോമായിലെ ക്ലീമീസിനെ സംബന്ധിച്ച ആദ്യമായി വിവരങ്ങൾ നൽകുന്നതു എജസിപ്പൂസും വി. ഇരേനയസുമാണ്.

ആദ്യത്തെ സഭാചരിത്രകാരൻ എന്നു വിളിക്കപ്പെടുന്ന എജസിപ്പൂസ് ക്രിസ്തുമതം സ്വീകരിച്ച ഒരു യഹൂദനാണ്. അപ്പൊസ്തോലന്മാർ ലോകത്തിനു നൽകിയ സത്യവിശ്വാസം കണ്ടുപിടിക്കണമെന്നുള്ള ഉദ്ദേശ്യത്താൽ പ്രേരിതനായി അദ്ദേഹം ജറുസലേമിൽനിന്നു റോമായിലേക്കു ഒരു യാത്ര നടത്തി. മാർഗ്ഗമദ്ധ്യേ പല പള്ളികളും സന്ദർശിച്ചു തൻെറ അനുഭവങ്ങൾ അദ്ദേഹം രേഖപ്പെടുത്തി. അഞ്ചു പുസ്തകങ്ങളിലായി അദ്ദേഹം ശേഖരിച്ച "സഭാകാര്യങ്ങൾ" സഭാചരിത്രകാരനായ എവുസേബിയസിൻെറ ഏതാനും ഉദ്ധരണികളിൽനിന്നേ നമുക്കു അറിയുവാൻ ഇന്നു സാധിക്കുന്നുള്ളു. എജസിപ്പൂസ് തൻെറ ഗ്രന്ഥം രചിച്ചതു ക്രിസ്ത്വബ്ദം 180നോടടുത്താണ്. അദ്ദേഹം റോമായിൽ വസിച്ചിരുന്നതു 150-നും 166-നും ഇടയ്ക്കായിരുന്നു. അന്നു റോമാസിംഹാസനത്തിൽ വാണിരുന്നതു വി. പത്രോസിൻെറ പത്താമത്തെ പിൻഗാമിയായ അനിസെററസ് മാർപ്പാപ്പായാണ്. (ഭരണകാലം 157—168). "ക്ലീമീസിൻെറ കാലത്തു് കൊറിന്തുക്കാരുടെ ഇടയിൽ ഒരു വിപ്ലവമുണ്ടായി" എന്നാതു എജസിപ്പൂസ് രേഖപ്പെടുത്തിയിരിക്കുന്നതു് (Cf· Euseb· Hist. Eccl· III, 16)

വി. ഇരേനയസ് (ജീവിതകാലം 140—202) വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായ വി. പോളികാർപ്പിൻെറ ശിഷ്യനായിരുന്നു. പൌരസ്ത്യനെങ്കിലും അദ്ദേഹം ദീർഘകാലം പാശ്ചാത്യദേശങ്ങളിൽ വസിച്ചു ഒടുവിൽ ലിയൺസിലെ (ഫ്രാൻസ്) മെത്രാനായി. അദ്ദേഹം റോമായിൽ വസിച്ചതു് 177—178-നു ഇടയ്ക്കാണ്. അന്നു വി. പത്രോസിൻെറ പന്ത്രണ്ടാമത്തെ പിൻഗാമിയായ വി. എലവുത്തേരസായിരുന്നു മാർപ്പാപ്പാ. (177—192). പാഷണ്ഡികൾക്കെതിരായി വി. ഇരേനയസ് എഴുതിയ ഗ്രന്ഥത്തിൽ വി. ക്ലീമീസിനെപ്പററി ഇപ്രകാരം പറയുന്നു:- "അപ്പൊസ്തോലന്മാരെതന്നെ കാണുകയും അവരോടു സംഭാഷണം നടത്തുകയും ചെയ്തിട്ടുള്ള ക്ലീമീസ് അപ്പൊസ്തോലന്മാരിൽനിന്നു മെത്രാൻസ്ഥാനം സ്വീകരിച്ചു മൂന്നാമതായി റോമാസിംഹാസനത്തിൽ വാണു..... ഈ ക്ലീമീസിൻെറ കാലത്തു കൊറീന്ത്യയിലെ സഹോദരന്മാരുടെ ഇടയിൽ അനല്പമായ ഭിന്നതയുണ്ടാകയും, റോമായിലെ സഭ കൊറീന്ത്യക്കു ഏററം അധികാരപരമായ ലേഖനങ്ങൾ എഴുതി അവരെ സമാധാനത്തിൽ സംയോജിപ്പിക്കയും ചെയ്തു" Adv Haer. III, 3, 3)

ഈ വിവരങ്ങളെല്ലാം സുനിശ്ചിതങ്ങളാണ്. റോമായിൽ നടന്ന കാര്യങ്ങൾ സജീവമായിരിക്കുമ്പോൾതന്നെ അവിടെ പോയി നേരിട്ടു മനസ്സിലാക്കിയവരാണ് ഇവ എഴുതിയിട്ടുള്ളതു്. ക്ലീമീസിൻെറ മരണകാലവും ഇവ എഴുതപ്പെട്ട കാലവും തമ്മിൽ വളരെ അകൽച്ചയില്ല.

പ്രധാനമായി താഴെ പറയുന്ന സംഗതികളാണ് അവർ രേഖപ്പെടുത്തുന്നത്.

1. ക്ലീമീസ് അപ്പോസ്തോലന്മാരായ പത്രോസിനെയും പൌലോസിനെയും അറിഞ്ഞിരുന്നു.
2. അവരോടു സംഭാഷണം നടത്തുകയും അടുത്തു പെരുമാറുകയും ചെയ്തിട്ടുണ്ട്.
3. ക്ലീമീസ് റോമാസിംഹാസനത്തിൽ വി. പത്രോസിൻെറ മൂന്നാമത്തെ പിൻഗാമിയാണ്.
4. അദ്ദേഹത്തിൻെറ ഭരണകാലത്തു കൊറീന്ത്യാസഭയിൽ വലിയ ഒരു ഭിന്നതയുണ്ടായി.
5. ഈ ഭിന്നത അവസാനിപ്പിച്ചു ക്രമവും സമാധാനവും സ്ഥാപിക്കുവാൻ റോമായിലെ സഭ, അതായതു സഭാചരിത്രകാരനായ എവുസേബിയസ് പിൽക്കാലത്തു് പറയുന്നതുപോലെ (Hist· Eccl· III, 38) ക്ലീമീസ് ഏറ്റം ഫലപ്രദമായ ഒരെഴുത്തു അയക്കയുണ്ടായി.

265—340-ൽ ജീവിച്ചിരുന്ന സഭാചരിത്രകാരനായ എവുസേബിയസ് എജസിപ്പൂസിൻെറയും ഇരേനയസിൻെറയും മററും സാക്ഷ്യങ്ങളെ ആസ്പദമാക്കി ക്ലീമീസ് 92 മുതൽ 101 വരെയാണ് റോമാസിംഹാസനത്തിൽ വാണിരുന്നതെന്നും അഭിപ്രായപ്പെടുന്നു.

## 2. സംശയാസ്പദമായ വിവരങ്ങൾ

"ആയുസ്സിൻെറ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ക്ലീമീസിനോടും എൻെറ മററു സഹായികളോടും കൂടി എന്നോടൊരുമിച്ചു് സുവിശേഷത്തിൽ അവർ അദ്ധ്വാനിച്ചിട്ടുണ്ട്" (പീലിപ്പോ. 4, 3) എന്നു വി. പൌലോസ് പ്രശംസിക്കുന്ന ക്ലീമീസു തന്നെയാണ് റോമായിലെ ക്ലീമീസെന്നു ഒരിജൻ (In Joh· VI, 36), എവുസേബിയസ് (Hist· Eccl. III, 4, 15), വി. എപ്പിഫാനിയോസ് (Panarion, haer· 27, 6) വി. ജറോം (De vir· illust. III, 15 and Adv Jovin· 1, 12) എന്നിവർ പറയുന്നു. എന്നാൽ വി. ഇരേനയസ് റോമാസിംഹാസനത്തിൽ പത്രോസിൻെറ പിൻഗാമികളായി വാണ പന്ത്രണ്ടുപേരെപ്പററി പറയുകയിൽ ഒന്നാമത്തെ പിൻഗാമിയായ ലീനോസിനെപ്പററി പറയുമ്പോൾ II തിമോത്തി 4, 21-ൽ പറയുന്ന ലീനോസ് തന്നെയാണ് ഈ ലീനോസും എന്നു പ്രസ്താവിക്കുന്നു. എന്നാൽ റോമായിലെ ക്ലീമീസിനെപ്പററി പറയുമ്പോൾ വി. പൌലോസ് പീലിപ്പോ. 4, 3-ൽ പറയുന്ന ക്ലീമീസു തന്നെയാണ് ഈ ക്ലീമീസും എന്നു അദ്ദേഹം പ്രസ്താവിക്കുന്നില്ലെന്നുള്ളതു് സ്മരണീയമാണ്. ഇരേനയസ് റോമായിൽ വസിച്ചകാലത്തു് ഇങ്ങനെ ഒരു അറിവില്ലായിരുന്നു എന്നുള്ളതിൻെറ ലക്ഷ്യമായി കരുതാം ഈ മൌനം. ഒരിജൻെറയും മററും കാലം വളരെ പിന്നീടാണ്.

ദെ രൊസ്സി എന്ന പുരാണവസ്തുശാസ്ത്രവിദഗ്ദ്ധൻ ദൊമിത്തില്ലായുടെ നാമത്തിൽ അറിയപ്പെടുന്ന ഭൂഗർഭാലയത്തിൽ ഗവേഷണം നടത്തി ചരിത്രപരമായ പല വസ്തുതകൾ വെളിച്ചത്തു കൊണ്ടുവന്നതിൽ പിന്നീട് പല വിമർശകരും റോമൻ ഭരണസമിതിയിലെ ഒരംഗവും ഡൊമീഷ്യൻ ചക്രവർത്തിയുടെ ഒരു സഹോദരനും (Cousin), അനേകരോടുകൂടി 95-ൽ രക്തസാക്ഷിയായി മരിച്ചവരുമായ തീത്തൂസ് ഫ്ളാവിയസ് ക്ലീമീസും മാർപ്പാപ്പായായിരുന്ന ക്ലീമീസും ഒരാൾ തന്നെയാണെന്നു അഭിപ്രായപ്പെടുന്നു എന്നാൽ ഈ അഭിപ്രായം സ്വീകാര്യയോഗ്യമായി തോന്നുന്നില്ല. ക്ലീമീസ് മാർപ്പാപ്പാ മരിച്ചതു 101-ലും, ഫ്ളാവിയസ് ക്ലീമീസ് മരിച്ചതു 95-ലും ആണ്. കൊറിന്ത്യാലേഖനത്തിൽനിന്നു വ്യക്തമാകുന്നതുപോലെ ക്ലീമീസ് മാർപ്പാപ്പാ യഹൂദമതത്തിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ആളാണ്. ഫ്ളാവിയസ് ക്ലീമീസ് പുറജാതിമതത്തിൽനിന്നും മാനസാന്തരപ്പെട്ട ആളാണെന്നുള്ളതിൽ സംശയമില്ല.

എജസിപ്പൂസ്, ഇരേനയസ്, ജറോം (De vir, III, 15) എന്നിവരെല്ലാം ക്ലീമീസിനെ പത്രോസിൻെറ മൂന്നാമത്തെ പിൻഗാമിയായി പരിഗണിക്കുന്നു. മാർപ്പാപ്പാമാരുടെ പട്ടിക നല്കുകയിൽ പത്രോസ്, ലീനോസ്, അനേക്ലേത്തസ്, ക്ലീമീസ് എന്നാണ് ഇവരെല്ലാം പറയുന്നതു്.

എന്നാൽ തെർത്തുല്യനും (160—222; De praescrip 32) പിന്നീട് വി. ജറോമും (Adv. Jovin. 1, 12; in Isaiam 52, 13) പത്രോസിൻെറ ആദ്യത്തെ പിൻഗാമിയായി ക്ലീമീസിൻെറ പേർ നല്കുന്നു. ക്ലീമീസിൻെറ നാമത്തിൽ അറിയപ്പെടുന്ന അപ്പൊസ്തോലിക നിബന്ധനകൾ (VII, 46), 354-ൽ എഴുതപ്പെട്ട ലിബേരിയൻ പഞ്ചാംഗം, മിലെവിസിലെ വി: ഒപ്റ്റാത്തസ് (370; De schisma. Donatist. II, 3) വി. അഗസ്തീനോസ് (354—430; Epist. 53, 2) വി. പത്രോസ്, ലീനോസ്, ക്ലീമീസ്, അനക്ലേത്തസ് എന്നിങ്ങനെയാണ് പേരുകൾ പറയുന്നത്. എജസിപ്പൂസിൻെറയും, വി. ഇരനേയസിൻെറയും പുരാതനത്വവും റോമായിൽനിന്നു നേരിട്ടുള്ള അറിവും പരിഗണിക്കുമ്പോൾ ക്ലീമീസ് മൂന്നാമനായിരുന്നു എന്നുള്ള അഭിപ്രായത്തിനാണ് പ്രാമാണ്യം.

പത്രോസിൻെറ അസാന്നിദ്ധ്യത്തിൽ ലീനോസും അനക്ലേത്തസുമാണ് റോമയിൽ ഭരണം നടത്തിയിരുന്നതെന്നും, പത്രോസിൻെറ മരണത്തെ തുടർന്ന് ആദ്യം ക്ലീമീസും പിന്നീട് അനക്ലേത്തസും ഭരിച്ചെന്നും, തന്നിമിത്തമാണ് ക്ലീമീസിൻെറ പേരു് ഒന്നാമതും മൂന്നാമതും പറയപ്പെടുന്നതെന്നും ചിലർ അഭിപ്രായപ്പെടുന്നു. ക്ലീമീസ് ട്രായൻ ചക്രവർത്തിയുടെ (ഭരണകാലം 98—117) കാലത്തുണ്ടായ മതപീഡനത്തിൽ രക്തസാക്ഷിയായി മരണം പ്രാപിച്ചു.

## 2. ക്ലീമീസിൻെറ കൃതികൾ

കൊറീന്ത്യാലേഖനം എന്ന പേരിൽ ക്ലീമീസിൻെറ നാമത്തിൽ അറിയപ്പെടുന്ന രണ്ടു ലേഖനങ്ങളിൽ ആദ്യത്തേതു ക്ലീമീസിൻെറ തന്നെയാണെന്നു പണ്ഡിതന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്നു. കൊറീന്ത്യർക്കുള്ള രണ്ടാം ലേഖനം, കന്യകമാർക്കുള്ള രണ്ടു ലേഖനങ്ങൾ അടങ്ങിയ അഞ്ചു ലേഖനങ്ങൾ, 85 അപ്പൊസ്തോലിക കാനോനാകൾ (85 Canons of the Apostles) നിശ്ചയങ്ങൾ, അപ്പൊസ്തോലിക നിബന്ധനകൾ (Constitutions of the Apostles), പരിശോധനകൾ (Recognitions) എന്നീ കൃതികളെല്ലാം ക്ലീമീസിൻെറ നാമത്തിൽ അറിയപ്പെടുന്നുണ്ടെങ്കിലും ഇവയൊന്നും അദ്ദേഹത്തിൻേറതല്ല എന്നത്രേ പണ്ഡിതന്മാരുടെ അഭിപ്രായം.

## 3. ക്ലീമീസും യാക്കോബായസഭയും

വി. കുർബാനയിലെ 5-ാം മദ്ധ്യസ്ഥപ്രാർത്ഥനയിൽ വി. ക്ലീമീസിൻെറ നാമം പ്രസ്താവിച്ചിട്ട് അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം യാക്കോബായക്കാർ യാചിച്ചുവരുന്നു. വി. ക്ലീമീസിൻെറ നാമത്തിൽ ഒരു കുർബാനക്രമവും (അനാഫൊറാ) യാക്കോബായസഭയിൽ പ്രചാരത്തിലിരിക്കുന്നു. ക്ലീമീസ് കൊറിന്ത്യർക്കെഴുതിയ രണ്ടു ലേഖനങ്ങളെ യാക്കോബായസഭ പുതിയ നിയമത്തിലെ വേദഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തുന്നു (ഹൂദായകാനോനാ 7, 9; വട്ടശ്ശേരിൽ തിരുമേനി എഴുതിയ മതോപദേശസാരങ്ങൾ, 33-ാം സംഗതി കാണുക). ക്ലീമീസിൻെറ നാമത്തിൽ അറിയപ്പെടുന്ന നിശ്ചയങ്ങൾ അടങ്ങിയ അഞ്ചു ലേഖനങ്ങളും 85 അപ്പൊസ്തോലിക കാനോനാകളും യാക്കോബായസഭ സ്വീകരിക്കുന്നുണ്ടു്. ഇക്കാരണങ്ങളാൽ ക്ലീമീസിൻെറ സാക്ഷ്യങ്ങൾ യാക്കോബായക്കാരെ സംബന്ധിച്ചു വളരെ വിലയേറിയതാണ്. ക്ലീമീസ് എഴുതിയ കൊറീന്ത്യർക്കുള്ള ഒന്നാംലേഖനത്തെ കത്തോലിക്കാസഭ സ്വീകരിക്കുന്നുണ്ടെങ്കിലും വേദഗ്രന്ഥങ്ങളിൽ അതു ഉൾപ്പെടുത്തുന്നില്ല.

**ക്രൈസ്തവകാഹളം**
**പരസ്യനിരക്ക്**

| | | |
|---|---|---|
| 1 പേജിന് | രൂപാ | 40 |
| ½ " | " | 20 |
| ¼ " | " | 10 |
| ഉപകാരസ്മരണാർത്ഥം വരം പ്രസിദ്ധപ്പെടുത്തുന്നതിന് | " | 5 |

മാനേജർ.

# ദൈവമാതാവും ഓർത്തഡോക്സ് സഭയും (തുടർച്ച)

## പ. ത്രിത്വവും ദൈവമാതാവും—
## മാതാവിന്റെ ഉയിർപ്പും ന്യായവിധിയും—
## അക്വിനാസിന്റെ അഭിപ്രായം—

## ഫാ. എം. വി. ജോർജിന്റെ വാദങ്ങൾക്കു മറുപടി.

[ഫാ. സി. എ. എബ്രഹാം, എം. ഏ., ബി. ഡി; ബി. ലിററ് (ഓക്സൺ)]

III

ഫാ. ജോർജിന്റെ രണ്ടു വേദവാക്യവ്യാഖ്യാനങ്ങളിലെ തെററുകൾ ചൂണ്ടിക്കാണിക്കുക മാത്രമായിരുന്നു 'ക്രൈസ്തവകാഹള'ത്തിലെ കുറിപ്പിന്റെ ലക്ഷ്യം. ഫാ. ജോർജാകട്ടെ തന്റെ വ്യാഖ്യാനപ്പിശകിനെ സമ്മതിക്കുന്നതിനുപകരം അമലോത്ഭവത്തിനും സ്വർഗ്ഗാരോപണത്തിനുമെതിരായി പുതിയ ചില വാദമുഖങ്ങൾ അവതരിപ്പിക്കാനാണു തന്റെ ലേഖനത്തിൽ ശ്രമിച്ചിരുന്നതു്. അദ്ദേഹത്തിന്റെ വാദമുഖങ്ങൾ നമുക്കു പരിശോധിക്കാം.

1) അമലോത്ഭവത്തെ നിരാകരിച്ചുകൊണ്ടു് ഫാ. ജോർജ് ഇപ്രകാരം വാദിക്കുന്നു: "ഏററവും സുപ്രധാനമായ ചോദ്യം മാതാവിന്റെ സ്ഥാനം മനുഷ്യരോടുകൂടെയാണോ വി. ത്രിത്വത്തിലാണോ എന്നുള്ളതാണു്. മനുഷ്യരോടുകൂടെയാണെങ്കിൽ......മനുഷ്യരാശിയുടെ പാപത്തിൽ പങ്കാളിയായിരിക്കണം..........മാതാവിനു് മററു മനുഷ്യരെപ്പോലെ ഇനിയും പുനരുത്ഥാനവും ന്യായവിധിയുമുണ്ടു്....... 'സഭയുടെ മാതാവു്' എന്നു പറഞ്ഞാൽ പോരാ 'സഭയുടെ അംഗം' എന്നു ദൈവമാതാവിനെ വിവക്ഷിക്കണം...... മാലാഖമാരെപ്പോലെയാണു മാതാവു് എന്നു പറയുന്നതിലർത്ഥമില്ല."

a) മാതാവിന്റെ സ്ഥാനം ത്രിത്വത്തിലാണെന്നോ യേശുക്രിസ്തുവിന്റെ സ്ഥാനത്തിനു തുല്യമാണെന്നോ കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. (ത്രിത്വത്തിലാണു മാതാവെങ്കിൽ ത്രിത്വത്തിൽ നാലു പേരുണ്ടാകുമല്ലോ!) മാതാവു ദൈവസൃഷ്ടിതന്നെയാണു്. എന്നാൽ സകല സൃഷ്ടികൾക്കും ഉപരിയായി അവൾ ദൈവത്താൽ ഉയർത്തപ്പെട്ടു. ത്രിത്വത്തിൽ രണ്ടാമനായ ദൈവപുത്രന്റെ മാതാവായതുമൂലം പ. ത്രിത്വത്തോടു് ദൈവമാതാവിനു പ്രത്യേകമായ ഒരു ബന്ധമുണ്ടെന്നും സമ്മതിച്ചേ മതിയാവൂ. ഈ കാര്യം ഞാൻ പറഞ്ഞാൽ ഫാ. ജോർജിനു സ്വീകാര്യമല്ലെങ്കിൽ അദ്ദേഹത്തിന്റെ ഗുരുവായ ഫാ. ഫ്ളെറോവ്സ്കിയുടെ വാക്കുകൾ ഞാനുദ്ധരിക്കാം: "Mary was at once a representative of the human race and set apart. There is an antinomy here implied in the divine election. She was set apart. She was put into a unique and unparallelled relation to God, to the Holy Trinity, even before the Incarnation as the prospective mother of the Incarnate Lord." (The Mother of God- P. 55) "മറിയം മനുഷ്യവംശത്തിന്റെ പ്രതിനിധിയും അതേസമയംതന്നെ (മനുഷ്യവംശത്തിൽ നിന്നു) വേർതിരിക്കപ്പെട്ടവളുമായിരുന്നു. ദൈവികതിരഞ്ഞെടുപ്പിൽ അന്തർഭവിച്ചിരിക്കുന്ന ഒരു വൈരുദ്ധ്യം ഇതിലുണ്ടു്. മനുഷ്യാവതാരം ചെയ്യുന്ന കർത്താവിന്റെ മാതാവാകാൻ പോകുന്നവൾ എന്ന നിലയ്ക്കു് ദൈവത്തോടുള്ള, വി. ത്രിത്വത്തോടുള്ള,

നിരുപമവും അതുല്യവുമായ ഒരു ബന്ധത്തിൽ, മനുഷ്യാവതാരത്തിനു മുമ്പുതന്നെ, ദൈവം മറിയാമിനെ ആക്കിയിരുന്നു."

ദൈവമാതാവിൻെറ പ്രത്യേക സ്ഥാനത്തെപ്പററി ഗ്രഹിക്കുന്നതിന് അടിസ്ഥാനപരമായ രണ്ടു് സത്യങ്ങൾ ഓർത്തിരിക്കേണ്ടതാണ്. ഒന്ന് ത്രിത്വത്തിൽ രണ്ടാമനായ ദൈവപുത്രൻ മറിയാമിൽനിന്നു ജഡം ധരിച്ച് (മനുഷ്യപ്രകൃതി സ്വീകരിച്ച്) പൂർണ്ണ മനുഷ്യനും സത്യദൈവവുമായി ജനിച്ചു. രണ്ടു്, ദൈവപുത്രൻ മറിയാമിൽനിന്നു സ്വീകരിച്ച മനുഷ്യത്വം (human nature) തൻെറ സ്വർഗ്ഗാരോഹണത്തിനും മഹത്വീകരണത്തിനു ശേഷവും തന്നിൽ സ്ഥിതി ചെയ്യുന്നു. ദൈവപുത്രൻ മറിയാമിൽനിന്നെടുത്ത മനുഷ്യത്വം ഇപ്പോഴും തന്നിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടു് മറിയാം ഇപ്പോഴും ദൈവമാതാവുതന്നെയാണ്. മറിയാമിൻെറ മകനാണ് ദൈവത്തിൻെറ വലത്തുഭാഗത്തിരിക്കുന്നതും ലോകത്തെ വിധിപ്പാനായി വരാൻ പോകുന്നതും. മറിയാമും ദൈവപുത്രനും തമ്മിലുള്ള ബന്ധം അല്പകാലികമായ ഒരു ബന്ധമല്ല, നിത്യതയിൽ നിലനില്ക്കുന്ന ഒരു ബന്ധമാകുന്നു. ഈ സത്യങ്ങൾ ഗ്രഹിച്ചെങ്കിൽ മാത്രമേ മനുഷ്യവർഗ്ഗത്തിൽ മറിയാമിനുള്ള പ്രത്യേകസ്ഥാനവും പ. ത്രിത്വവുമായി മറിയാമിനുള്ള നിരുപമമായ ബന്ധവും മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു.

b) ദൈവമാതാവിൻെറ സ്ഥാനം മനുഷ്യരോടുകൂടെയാണെങ്കിൽ "മനുഷ്യരാശിയുടെ പാപത്തിൽ പങ്കാളിയായിരിക്കണം" എന്നാണ് ഫാ. ജോർജിൻെറ വേറൊരു വാദം. ദൈവമാതാവ് മനുഷ്യരാശിയുടെ പ്രതിനിധിയാണെങ്കിലും ദൈവത്താൽ പ്രത്യേകം വേർതിരിക്കപ്പെട്ടു് പ. ത്രിത്വവുമായി അതുല്യമായ ഒരു ബന്ധത്തിൽ ദൈവത്താൽ ആക്കപ്പെട്ടവളായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. പാപമില്ലെങ്കിൽ മനുഷ്യവർഗ്ഗവുമായി ബന്ധമില്ല എന്ന ധാരണയിലാണ ഫാ. ജോർജ് വാദിക്കുന്നതു്. പാപമില്ലാത്ത മനുഷ്യത്വം അപൂർണ്ണമാണെന്നായിരിക്കുമോ ബ. അച്ചൻ ധരിച്ചുവച്ചിരിക്കുന്നതു്.? അങ്ങനെയെങ്കിൽ കർത്താവിൻെറ മനുഷ്യത്വം അപൂർണ്ണമായിരുന്നെന്നും ആദാമും ഹവ്വായും പാപത്തിൽ വീഴുന്നതിനുമുമ്പ് അവർ പൂർണ്ണ മനുഷ്യരായിരുന്നില്ലെന്നും പറയേണ്ടിവരികയില്ലെ? മനുഷ്യനു ദൈവത്തിൽനിന്നു ലഭിക്കാത്തതായി ഒന്നുള്ളതു് പാപം മാത്രമാണ്. പാപത്തിൽ നിന്നുള്ള വിമുക്തി മനുഷ്യത്വത്തിലുള്ള ന്യൂനതയായി കരുതാവുന്നതല്ലെന്നു വ്യക്തമാണ്.

മനുഷ്യരാശിയുടെ പാപത്തിൽ മറിയാം പങ്കാളിയായിരിക്കരുതു് എന്നു പറയുന്നതാണ് യുക്തിക്കും ദൈവിക വെളിപാടിനും അനുയോജ്യമായതു് എന്ന് അല്പം ആലോചിച്ചാൽ ഗ്രഹിക്കാവുന്നതേയുള്ളു. ആദിമ മനുഷ്യൻെറ പാപവീഴ്ചമൂലം നഷ്ടപ്പെട്ട ദൈവികസംസർഗ്ഗം പുനഃസ്ഥാപിക്കുക എന്നുള്ളതായിരുന്നു മനുഷ്യാവതാരത്തിൻെറ ലക്ഷ്യം. പാപം മൂലം ഉളവായ ഗർത്തത്തിനു മുകളിൽ വയ്ക്കപ്പെട്ട ഒരു പാലമായി ക്രിസ്തുവിൻെറ മനുഷ്യസ്വഭാവം ക്രിസ്തു സ്വീകരിച്ചതു് മറിയാമിൽ നിന്നാണെന്നുള്ളതാണു ദൈവികസത്യം. ഈ മനുഷ്യസ്വഭാവസ്വീകരണം പുതിയ മനുഷ്യവർഗ്ഗത്തിൻെറ ആരംഭത്തെയാണു കുറിക്കുന്നതു്. ലോകത്തിൻെറ ഈ നവസംവിധാനത്തിൽ പങ്കാളിയായ മറിയത്തിന് പഴയ ലോകത്തിൻെറ പാപവുമായി ബന്ധമില്ലാതിരിക്കേണ്ടതാണാവശ്യം. അതുകൊണ്ടാണ് വി. ആഗസ്തീനോസ് ഇപ്രകാരം പറയുന്നതു്: "പാപത്തെ സംബന്ധിച്ചു പറയുമ്പോൾ കന്യകമറിയാമിനെപ്പററി എന്തെങ്കിലും പ്രശ്നം ഉന്നയിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. എന്തെന്നാൽ എല്ലാ വശത്തുനിന്നും പാപത്തെ ജയിച്ച്, പാപമില്ലാത്തവനെ ഗർഭം ധരിച്ചു പ്രസവിക്കുന്നതിന് അർഹയായിത്തീരുന്നതിനുവേണ്ടി അവൾക്കു വളരെ കൃപ ദൈവം കൊടുത്തിട്ടുള്ളതായി നാം അറിയുന്നു." ജന്മപാപത്തെ (മൂലപാപത്തെ) നിസ്സാരമായി തള്ളിക്കളഞ്ഞ പെലാജിയസിനെതിരായി, "നമുക്കു പാപമില്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു" എന്നുള്ള വി. യോഹന്നാൻെറ വാക്യം ഉദ്ധരിച്ചുകൊണ്ടു വാദിക്കുന്ന വി. ആഗസ്തീനോസാണ് കന്യക

മറിയാമിനെ മാത്രം പാപവുമായുള്ള എല്ലാ ബന്ധത്തിൽനിന്നും അകററി നിർത്തുന്നതു് എന്നോർക്കണം. ഇപ്രകാരമുള്ള മാതാവാണ് "മനുഷ്യരാശിയുടെ പാപത്തിൽ പങ്കാളിയായിരിക്കണം" എന്നു ഫാ. ജോർജ് ശഠിക്കുന്നതു്. കരുണയുടെ മാതാവു അദ്ദേഹത്തോടു ക്ഷമിക്കട്ടെ!

c) 'ഇരുളിൽനിന്നെന്നും ഇരുളിലേയ്ക്കു' എന്നുള്ള മട്ടിൽ ഒരു തെററിൽനിന്നു വേറൊന്നിലേയ്ക്കു വഴുതി വീഴുകയാണ് ഫാ. ജോർജ് ചെയ്യുന്നതു്. "മാതാവിനു് ഇനി പുനരുത്ഥാനവും ന്യായവിധിയുമുണ്ടു്" എന്നുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനം ഇതിനു തെളിവാണ്. മാതാവു് മഹത്വീകരിക്കപ്പെട്ട ശരീരത്തോടും ആത്മാവോടും കൂടെ സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടു എന്നുള്ളതു കത്തോലിക്കാവിശ്വാസം മാത്രമല്ല ഓർത്തഡോക്സ് വിശ്വാസം കൂടെയാണെന്നു് ഫാ. ജോർജ് അറിഞ്ഞിട്ടില്ലാത്തതു് എന്നെ അത്ഭുതപ്പെടുത്തുന്നു. സ്വർഗ്ഗത്തിൽനിന്നും മാതാവു് വീണ്ടും ഭൂമിയിൽ വന്നു്, മരിച്ചു് ഉയിർത്തെഴുന്നേൽക്കും എന്നാണൊ ബ. അച്ചൻ വിശ്വസിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം. ഓർത്തഡോക്സ് വേദശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ തന്നെ ഇക്കാര്യത്തിൽ ഞാനുദ്ധരിക്കാം. ആദ്യമായി, ഫാ. ഫ്ളോറോവ്സ്കി: "Mary is now seen as inseparably united with her son who sitteth at the right hand of God the Father. For her the final consummation of life has already come in an anticipation" [The Mother of God-P. 63] "പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന തന്റെ പുത്രനോടു് അഭേദ്യമായി സംയോജിച്ചിരിക്കുന്ന അവസ്ഥയിലാണു് മറിയാം ഇപ്പോൾ കാണപ്പെടുന്നതു്. അവളെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ പരമമായ അന്ത്യം മുൻകൂട്ടി അവൾക്കു കൈവന്നുകഴിഞ്ഞു."

പ്രൊഫസർ വ്ളാഡിമിർ ലോസ്കി എന്ന വേറൊരു ഓർത്തഡോക്സ് പണ്ഡിതന്റെ വാക്കുകൾ ഇപ്രകാരമാണ്: "This glory of the Mother of God, this eschaton realized in a created person before the end of the world, place the Mother of God beyond death, beyond the resurrection and beyond the Last judgment.
This supreme transition by which the Mother of God rejoins her son in his celestial glory is celebrated by the Church on the Feast of the Assumption". [The Mother of God-P. 35]

"സൃഷ്ടിയായ ഒരു വ്യക്തിക്കു് ലോകാവസാനത്തിനു മുമ്പുതന്നെ പരലോകത്തിലെ പരമമായ ഭാഗ്യം (അന്ത്യം) ലഭിക്കുക എന്നുള്ള മഹത്വമാണ് ദൈവമാതാവിന്റേതു്. ഈ മഹത്വം അവളെ മരണത്തിനും ഉയിർപ്പിനും അവസാനത്തെ ന്യായവിധിക്കും അപ്പുറത്തു് ആക്കിയിരിക്കുന്നു. തന്റെ പുത്രന്റെ മഹത്വത്തിൽ അവൾ പങ്കു കൊള്ളുകയും അവനോടുകൂടെ വാഴുകയും ചെയ്യുന്നു.....ദൈവമാതാവു് തന്റെ പുത്രന്റെ സ്വർഗ്ഗീയ മഹത്വത്തിൽ അവനോടു സംയോജിച്ചിരിക്കുന്ന ഈ പരമമായ അവസ്ഥാന്തരം മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിലാണ് സഭ ആഘോഷിക്കുന്നതു്,"

കേരളത്തിലെ ഓർത്തഡോക്സ് സഭയുടെ തലവനായ ഇപ്പോഴത്തെ പാത്രിയർക്കീസു് ബാവാ തിരുമനസ്സിന്റെ സാക്ഷ്യവും കൂടെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. വി. കന്യകമറിയാമിന്റെ ഇടക്കെട്ടിനെപ്പററി ഷെവലിയർ വി. ഒ. എബ്രഹാം മലയാളമനോരമയിൽ പ്രസിദ്ധം ചെയ്തിരുന്ന ഒരു ലേഖനത്തിൽ പ. പാത്രിയർക്കീസിന്റെ ഒരു കല്പന ഉദ്ധരിച്ചിരിക്കുന്നു. ദൈവമാതാവിന്റെ വാങ്ങിപ്പിനെപ്പററി ആ കല്പനയിൽ ഇപ്രകാരം പറയുന്നു: '.....തദവസരത്തിൽ ഇന്ത്യയിൽനിന്നും മാർത്തോമാശ്ലീഹാ വരികയും മാതാവിന്റെ ശരീരം കാണുവാൻ ആവശ്യപ്പെടുകയും ചെയ്തു. അതിനായി അവർ കബർ തുറന്നുനോക്കിയപ്പോൾ പുറമെ ചുററിയിരുന്ന ശീലയും വസ്ത്രാംശങ്ങളും മാത്രം കാണപ്പെട്ടു. അപ്പോൾ ശ്ലീഹന്മാർ ദൈവമാതാവു് ആത്മാവിലും ശരീരത്തിലും സ്വർഗ്ഗത്തിലേക്കു്

(ശേഷം 317-ാംൽ)

# മനുഷ്യൻ ആരാണു്

## ക്രൈസ്തവതത്വചിന്തയിലൂടെ ഒരവലോകനം

[ഐസക്കു് കത്രൂർ]

(തുടർച്ച)

മനുഷ്യൻെറ ബുദ്ധിയാണെങ്കിൽ സകല സത്യങ്ങളെയും ഗ്രഹിക്കുന്നതിനുള്ള അത്യഭിവാഞ്ഛയോടുകൂടെ നിലകൊള്ളുന്നു. ഏതെങ്കിലും രഹസ്യം കീഴടക്കുവാൻ സാധിക്കാത്തിടത്തോളം കാലം അതിനു വിശ്രമിക്കാനാഗ്രഹമില്ല. സകലത്തിൻെറയും കാരണങ്ങൾ കണ്ടുപിടിക്കുവാൻ അതു വെമ്പൽ കൊള്ളുന്നു. ആപ്പിൾ താഴേക്കു വീഴുന്നു. അതിൻെറ കാരണമെന്തു? ഇടി വെട്ടുന്നു, അതിൻെറ കാരണമെന്തു്? ഓരോന്നിനെപ്പററിയും, ചോദ്യങ്ങൾ തന്നെ തൊടുത്തുവിടുന്നു മനുഷ്യൻ. പ്രപഞ്ചപ്രതിഭാസങ്ങളുടെ കാരണങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള അവൻെറ പുരോഗതിയാണു് മനുഷ്യൻെറ സംസ്കാരത്തിൻെറ തോതു നിണ്ണയിക്കുന്നതു്. വസ്തുക്കളെ അവയുടെ കാരണങ്ങളിൽകൂടി പഠിക്കുന്നതാണു ശാസ്ത്രം. അന്ത്യകാരണങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള ശ്രമമാണു് തത്വചിന്ത. സകലത്തിൻെറയും കാരണമറിയാൻ വെമ്പൽ കൊള്ളുന്ന മനുഷ്യബുദ്ധിയുടെ പൂണ്ണത സകലത്തിൻെറയും പരമകാരണമായ ദൈവത്തിൽ മാത്രമേ കണ്ടെത്തുകയുള്ളു. ദൈവത്തിലുള്ള ബുദ്ധിയുടെ പ്രവത്തനമാണു് ബുദ്ധിയുടെ പരിപൂണ്ണത. ദൈവികവെളിപാടു് മനുഷ്യാത്മം ദൈവവുമായുള്ള അഭിമുഖ ദർശന (Beatific vision) മാണെന്നു പഠിപ്പിക്കുന്നു. തത്വചിന്ത ഈ സത്യത്തോടു് എത്രമാത്രം അടുക്കുന്നുവെന്നു കാണുക. എങ്കിലും ദൈവികസാരവും, മനുഷ്യസ്വഭാവവും തമ്മിലുള്ള അനന്തമായ അസമത്വംമൂലം മനുഷ്യനു നേരിട്ടുള്ള സ്വാഭാവിക ദർശനം ഈ സ്ഥിതിയിൽ സാദ്ധ്യമല്ല. ഇതിനു് ദൈവം തന്നെ നേരിട്ടു് അതിസ്വാഭാവികമായ കഴിവു് മനുഷ്യനു നൽകേണ്ടതുണ്ടു്. എല്ലാ മനുഷ്യരുടെയും യഥാത്ഥമായ അന്ത്യം അതിസ്വാഭാവികമായ ദർശനമാണു്. എങ്കിലും തത്വചിന്തയുടെ ഉപാധി ബുദ്ധി മാത്രമായതിനാൽ മനുഷ്യനു സ്വാഭാവികമായി സംലബ്ധമാകാവുന്ന ദൈവിക ദർശനം മാത്രമേ നിഗമനം ചെയ്യുവാൻ സാധിക്കുകയുള്ളു. മനുഷ്യമനസ്സ് (will) ഏതൊരു നന്മയേയും ആശ്ലേഷിക്കുവാൻ ഒരുങ്ങിയിരിക്കുകയാണു്. സകല നന്മസ്വരൂപിയായ ദൈവത്തിൽ മാത്രമേ മർത്ത്യ മനസ്സ് വിശ്രമിക്കുകയുള്ളു.

ഏതൊരു മനുഷ്യനും പ്രതീക്ഷിക്കുകയും ജീവിതകാലം മുഴുവനും അദ്ധ്വാനിക്കുകയും ചെയ്യുന്നതു് സന്തോഷ (Happiness) ത്തിനു വേണ്ടിയാണു്. ആഗ്രഹസാഫല്യത്തിൽ ഒരുവനുണ്ടാകുന്ന സംതൃപ്തിയെക്കുറിച്ചുള്ള ബോധാവസ്ഥയാണു്, സന്തോഷം. മനുഷ്യനു് അവൻെറ സിദ്ധി (Faculties) കളുടെ പൂത്തീകരണത്തിൽ സന്തോഷം ഉണ്ടാകുന്നു. നല്ലൊരു ദൃശ്യം ആസ്വദിക്കുമ്പോഴും സംഗീതസ്വാരസ്യം അനുഭവിക്കുമ്പോഴും ഒരു പുതിയ വത്തമാനം ലഭിച്ചു കഴിയുമ്പോഴും അവൻ സന്തോഷമാനസനാകുന്നു. സന്തോഷം ബുദ്ധിയുടെയും മനസ്സിൻെറയും അവസ്ഥയാണു്. മനുഷ്യൻെറ ഏററവും മികച്ച സിദ്ധികളായ ബുദ്ധിയുടെയും മനസ്സിൻെറയും പൂത്തീകരണത്തിൽ ഏററവും വലിയ സന്തോഷം അവനു ലഭിക്കുന്നു. ഊണും ഉറക്കവും മറന്നു് എഡിസണും, ഐൻസ്റ്റൈനും ശാസ്ത്രഗവേഷണത്തിൽ ഉൽസുകരായതിൻെറയും, ഭോജനത്തേക്കാളധികം പഠനത്തിൽ ബുദ്ധിശാലികൾ ദത്തശ്രദ്ധരാകുന്നതിൻെറയും കാരണമിതുതന്നെ. എല്ലാ മനുഷ്യരിലും കുടികൊള്ളുന്ന ഒന്നാണു് സന്തോഷത്തിനുള്ള ഈ അഭിവാഞ്ഛ. ഈ ആകാംക്ഷതന്നെയാണു് മനുഷ്യജീവിതത്തെ ഭരിക്കുന്നതും. അല്പമായ സന്തോഷം കൊണ്ടൊരുവനും തൃപ്തനാകുന്നില്ല. കൂടുതൽ ലഭിക്കുമെന്നുള്ള ബോദ്ധ്യംതന്നെ അവനിൽ അതിനുള്ള അഭിവാഞ്ഛ ഉളവാക്കുന്നു. പൂണ്ണ സന്തോഷം മാത്രമേ അവനെ പരിതൃപ്തനാക്കു. പൂണ്ണ സന്തോഷത്തിനുള്ള അഭിവാഞ്ഛ മനുഷ്യനു സ്വഭാവികമാണു്. ബുദ്ധിജീവിയിൽ മാത്രം കാണുന്ന ഒരു വിശേഷമാണു് പൂണ്ണ സന്തോഷത്തിനുള്ള ആഗ്രഹം. ഒരു മൃഗത്തിനു അതിനാവശ്യമായവ ലഭിച്ചുകഴിഞ്ഞാൽ പൂണ്ണതൃപ്തിയായി. മനുഷ്യനിലുള്ള ഈ അഭിവാഞ്ഛ അവൻെറ സ്വഭാവത്തിൽ നിന്നുള്ളതായതിനാൽ ഇതു സ്രഷ്ടാവായ ദൈവത്താൽ നേരിട്ടു നൽകപ്പെട്ടിട്ടുള്ളതും, പ്രത്യേകമായ ഉദ്ദേശത്തോടുകൂടി അവനിൽ പ്രതിഷ്ഠിച്ചിട്ടുള്ളതുമാണു്. അതേ, മനുഷ്യൻെറ

അന്ത്യം പരിപൂർണ്ണസന്തോഷം കണ്ടെത്തുക യാണ്. എന്നാൽ മുമ്പു പ്രസ്താവിച്ചതു പോലെ മനുഷ്യന്റെ മികച്ച സിദ്ധികളായ ബുദ്ധിയും മനസ്സും ദൈവത്തിൽ വ്യാപരിക്കുമ്പോൾ മാത്രമേ, മനുഷ്യൻ പൂർണ്ണാനന്ദം കൈക്കൊള്ളുകയുള്ളു. ഇങ്ങനെ മനുഷ്യന്റെ പരമാന്ത്യം ദൈവമാണെന്നും മനുഷ്യൻ ദൈവത്തെ പ്രാപിക്കുന്നതും ബൗദ്ധികമാനസിക പ്രവർത്തനങ്ങളാൽ സ്വയപരിഌതി പ്രാപിച്ചുകൊണ്ടാണെന്നും നാം കണ്ടു. എന്നാൽ ഈ വിധത്തിലുള്ള ദൈവസായൂജ്യവും പൂർണ്ണസന്തോഷവും ഈ ലോകത്തിൽ വച്ച് പൂർണ്ണമായി ലഭിക്കുന്നതല്ല എന്നുള്ളത് വ്യക്തമാണല്ലോ. അതിനാൽ മനുഷ്യാന്ത്യം ഐഹികമല്ല, പാരത്രികമത്രെ. പരലോകത്തിൽ ദൈവത്തെ പ്രാപിക്കുക എന്ന ഒരു മഹത്തായ ലക്ഷ്യമുണ്ട്. അതിനുവേണ്ടി അവനെത്തന്നെ ഒരുക്കുന്ന ചുമതലയും അവനുണ്ട്. ഐഹിക പ്രതിഭാസങ്ങൾക്കു വില നൽകുവാനുള്ളതല്ല അവന്റെ ജീവിതം. മഹനീയമായ ഒരന്ത്യം അവനെ മാടി വിളിക്കുന്നു.

പ്രപഞ്ചാൾത്താരയിലെ പുരോഹിതനാണ് മനുഷ്യൻ. അനന്തപൂർണ്ണതയായ ദൈവത്തിനു സൃഷ്ടിയിലുള്ള ലക്ഷ്യം സ്വന്തമായി ഒന്നും സമ്പാദിക്കുകയല്ല, പിന്നയോ സ്വനന്മയിൽ മററുള്ളവരേക്കൂടെ ഭാഗഭാക്കുകളാക്കുകയാണ്. തന്റെ നന്മയിൽ ഓഹരിക്കാരായ സൃഷ്ടികൾ തന്നെ മഹത്വപ്പെടുത്തണം എന്ന പരമലക്ഷ്യമാണ് ദൈവത്തിനുള്ളത്. ദൈവമഹത്വമാണ് സൃഷ്ട്യോദ്ദേശ്യം. പ്രപഞ്ചസൃഷ്ടികളെല്ലാം തന്നെ ദൈവത്തെ പുകഴ്ത്തണം എന്നുള്ളതാണ് ദൈവത്തിന്റെ ലക്ഷ്യം. സൃഷ്ടിവികാസത്തെ രണ്ടായിത്തിരിക്കാം; ബുദ്ധിജീവികളെന്നും, കേവലം പദാർത്ഥിക ജീവികളായ ബുദ്ധിയില്ലാത്തവയെന്നും. ഇവ രണ്ടും ദൈവമഹത്വത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാണ്. എന്നാൽ മഹത്വം പ്രകീർത്തിക്കുക എന്നതു് ബൗദ്ധികമായ പ്രവർത്തനമാണെന്നു പറഞ്ഞുവല്ലോ. പ്രപഞ്ചകടാഹത്തിൽ ബുദ്ധിജീവി മനുഷ്യൻ മാത്രമാണ്. അതിനാൽ സർവ്വ സൃഷ്ടികളുടെയും പ്രതിപുരുഷൻ എന്ന സ്ഥാനമാണ് മനുഷ്യനുള്ളത്. സൃഷ്ടിവികാസത്തിൽ പരക്കെ പ്രത്യക്ഷമായിട്ടുള്ള സൃഷ്ടികർത്താവിന്റെ വൈഭവത്തെ കണ്ടുപിടിക്കുന്നതിനും, തൽക്കർത്താവിന്റെ മഹത്വത്തെ പ്രഘോഷണം ചെയ്യുവാനും കടപ്പെട്ട പ്രപഞ്ചാൾത്താരയിലെ പുരോഹിതനാണ് മനുഷ്യൻ. പ്രപഞ്ചം അതിന്റെ ലക്ഷ്യം സഫലമാക്കുന്നതു് മനുഷ്യനിൽക്കൂടെയാണ്.

ക്രൈസ്തവതത്വചിന്ത മനുഷ്യന്റെ മഹത്വത്തെ പ്രഥമമായും പ്രധാനമായും ദർശിക്കുന്നതു് ദൈവത്തിലുള്ള അവന്റെ ആരംഭത്തിലും ദൈവത്തിലേക്കുള്ള അവന്റെ ലക്ഷീകരണത്തിലുമാണ്. മനുഷ്യനെ ഭൗതികവസ്തുക്കൾക്കുപരിയായി പ്രതിഷ്ഠിക്കുന്നതും, ഭൗതികവസ്തുക്കളെ അവന്റെ ഉപയോഗത്തിനായി പ്രതിഷ്ഠിക്കുന്നതും ദൈവത്തിലേക്കുള്ള അവന്റെ ഈ ലക്ഷീകരണമാണ്. മനുഷ്യനു ഈ ലക്ഷ്യത്തിലെത്താൻ കടമയുള്ളതിനാൽ അതിലെത്താനവനാവശ്യമായ മാർഗ്ഗങ്ങൾക്ക് അവകാശമുണ്ടാന്നു്. ഈ അവകാശങ്ങളാണ് നിയമത്തിനും നീതിക്കും അടിസ്ഥാനമായിരിക്കുന്നതു്. ഇങ്ങനെ ഉൽകൃഷ്ട ലക്ഷ്യവും, സ്വതസിദ്ധമായ അവകാശങ്ങളുമുള്ള ഒരു മഹത്വമുള്ള മനുഷ്യനേയാണ് ക്രൈസ്തവതത്വചിന്ത നമുക്കു കാണിച്ചുതരുന്നതു്.

---

**For favours received**



**Inserted by**
C. C. Zacharia

# കരിശ്ശുമലയിലെ ക്രൈസ്തവാശ്രമം

## (സിസ്റ്റേഴ്സ്യൻ സന്യാസിമാരുടെ തപോനിരതമായ അധ്വാനജീവിതം)

തോമസ് മാത്യൂ കൊട്ടാരത്തുംകുഴി

തപസ്വികളുടെ നാടാണ് ഭാരതം. ധ്യാനനിരതമായ ജീവിതം നയിക്കുന്നതിൽ ഭാരതത്തിന് അതിപ്രാചീനമായ ഒരു പാരമ്പര്യമുണ്ട്. പൂർവ്വികരായ താപസന്മാർ അതിനായി ഏകാന്തമായ വനസങ്കേതങ്ങളെയാണ് തേടിയിരുന്നത്. ഈ ഹൈന്ദവപാരമ്പര്യമാണ് ഇന്നും ഹിമാലയപ്രദേശങ്ങളിലേയും മററും ഏകാന്തവാസികളിൽ ദൃശ്യമാകുന്നത്.

### സന്യാസം ക്രിസ്തുമതത്തിൽ

മൂന്നാം ശതകത്തിൽ സെയ്ൻറ് ആൻറണിയുടെ കാലം തുടങ്ങിയാണ് ക്രിസ്തുമതത്തിൽ ശരിയായ സന്യാസജീവിതമുറ ആരംഭിച്ചത്. ഈജിപ്റ്റിലാണത്രെ അതുടലെടുത്തത്. അലക്സാന്ത്രിയായിലെ ഒരു കുബേര യുവാവായിരുന്ന ആൻറണി തനിക്കുള്ള സർവ്വവും വിററ് പാവപ്പെട്ടവർക്ക് ദാനം ചെയ്തിട്ട് ഈജിപ്ഷ്യൻ മരുഭൂമിയിലെ ഏകാന്തമൂകതയിൽ ധ്യാനനിരതനായി ജീവിച്ചു. കാലാന്തരത്തിൻ അദ്ദേഹത്തിന് അനുയായികളെ ലഭിക്കുകയും അങ്ങനെ പല സന്യാസ സമൂഹങ്ങൾ ഉണ്ടാകുകയും ചെയ്തു. ഈജിപ്റ്റിൽ സമാരംഭിച്ച ആ പുതിയ ജീവിതമുറ കാലന്തരത്തിൽ പലസ്തീൻ, സിറിയ, പേർഷ്യ, മെസൊപ്പൊട്ടേമിയ എന്നീ മദ്ധ്യപൗരസ്ത്യരാജ്യങ്ങളിലും പാശ്ചാത്യരാജ്യങ്ങളിലും ആരംഭിച്ചു.

ഇന്നു ലോകത്തിൻെറ നാനാ ഭാഗങ്ങളിലും നിരവധി ക്രൈസ്തവസന്യാസസഭകളുണ്ട്. ഓരോന്നിൻേറയും സ്ഥാപനോദ്ദേശ്യമനുസരിച്ച് അവ ഓരോവിധം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പടിഞ്ഞാറൻ സന്യാസജീവിതത്തിന് ശരിയായ ഒരു രൂപം നൽകിയത് 5-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന സെയ്ൻറ് ബെനഡിക്ട് ആണ്. അദ്ദേഹത്തിൻെറ തപസംഹിതകളനുസരിച്ചുള്ള സന്യാസിസംഘം ''ബെനഡിക്ടൻ സഭ'' എന്ന പേരിൽ അറിയപ്പെടുന്നു.

### പരിഷ്കരണം

സെയ്ൻറ് ബെനഡിക്ട് സ്ഥാപിച്ച ആശ്രമങ്ങൾ ശതാബ്ദങ്ങൾ കഴിഞ്ഞതോടെ ധനശക്തിയിലും അംഗസംഖ്യയിലും വികസിച്ചു. കാലാന്തരത്തിൽ ലൗകികങ്ങളായ താല്പര്യങ്ങൾ ആശ്രമങ്ങളിൽ നുഴഞ്ഞുകയറി. തൻമൂലം സെയ്ൻറ് റോബർട്ട് (1098) ഫ്രാൻസിലെ സീറോ എന്ന സ്ഥലത്ത് ഒരു ആശ്രമം സ്ഥാപിച്ച് ഒരു നവീകരണത്തിനുള്ള ആരംഭം കുറിക്കുകയും സെയ്ൻറ് ബർണാഡും സെയ്ൻറ് സ്റ്റീഫൻ ഹാർഡിങും ആ ന വീ ക ര ണം പൂർത്തിയാക്കുകയും ചെയ്തു. ഇങ്ങനെ നവീകരിച്ച ജീവിതരീതി സ്വീകരിച്ചവരെ ''സിസ്റ്റേഴ്സ്യൻസ്'' എന്നു പറയുന്നു. സീറോ എന്ന സ്ഥലപ്പേരിൽ നിന്നു മാ ണ് ആ നാമത്തിൻെറ ഉല്പത്തി. സിസ്റ്റേഴ്സ്യൻ സമൂഹം ''ട്രാപ്പിസ്റ്റ്'' എന്ന നാമത്തിലും അറിയപ്പെട്ടുന്നുണ്ട്. ബെനഡിക്ടൻ തപസംഹിതകളുടെ പൂർവ്വികമായ ആർജ്ജവം വീണ്ടെടുക്കുകയാണ് പ്രസ്തുത നവീകരണം കൊണ്ട് ചെയ്തത്. സിസ്റ്റേഴ്സ്യൻ സന്യാസജീവിതം സെയ്ൻറ് ബെനഡിക്ടിൻെറ തപസംഹിതയുടെ നിഷ്കൃഷ്ടമായ അനുഷ്ഠാനം മാത്രമാണെന്നു ചുരുക്കിപ്പറയാം. സിസ്റ്റേഴ്സ്യൻ സന്യാസാശ്രമങ്ങൾ ലോകത്തിൽ പലയിടങ്ങളിലുമുണ്ട്. പ്രധാനമായും യൂറോപ്പ് അമേരിക്ക ആഫ്രിക്ക, ആസ്ത്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ.

### കരിശ്ശുമലയിൽ

ധ്യാനപരമായ ജീവിതത്തിൻെറ ആവശ്യകത മനസ്സിലാക്കിയ ഇന്ത്യയിലെ വൈദികാദ്ധ്യക്ഷന്മാർ 1951-ൽ ബാംഗ്ളൂർ സൂനഹദോസിൽ വച്ചു ഭാരതീയജീവിതത്തിന്നനുസരണമായി ഇവിടത്തെ ജനങ്ങളുടെ ആദ്ധ്യാത്മികപ്രചോദനത്തിനും ദേശീയസ്ഥിതിഗതികൾക്കും യോജിച്ച വിധത്തിൽ സന്യാസസംഘങ്ങൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് സ്ഥാപിച്ചതാ

ണത്രെ കുരിശുമലയിലെ ആശ്രമം. ഈ ആശ്രമം സ്ഥിതിചെയ്യുന്നതു് മീനച്ചിൽ താലൂക്കിൻെറ കിഴക്കേ അതിർത്തിയിൽ ഒരു ചെറിയ തീർത്ഥാടനകേന്ദ്രമായ കുരിശുമലയുടെ വടക്കേ ചെരിവിലാണു്. ഈരാററുപേട്ട പീരുമേട്ട് ഹൈവേയിൽക്കൂടി ഈരാററുപേട്ട നിന്നു് 15 മൈൽ യാത്ര ചെയ്താൽ പ്രകൃതി ലാവണ്യം വഴിഞ്ഞൊഴുകുന്ന ആ പ്രദേശത്തെത്താം. മെയിൻറോഡിൽനിന്നു് അപ്രധാനറോഡിലൂടെ ഏകദേശം മുക്കാൽ മൈൽ ചെല്ലുമ്പോഴേയ്ക്കും ആശ്രമം കാണാം. ഹൈന്ദവപുരാണങ്ങളിലും മററും നാം വായിച്ചറിഞ്ഞിട്ടുള്ള തപോവനങ്ങളുടെ ശാന്തതയും പരിശുദ്ധിയുമാണു് അവിടെ കാലുകുത്തുന്ന ഒരു സന്ദർശകനു് അനുഭവവേദ്യമാകുന്നതു്. മഞ്ഞിൽ കുളിച്ചുനിൽക്കുന്ന മൊട്ടക്കുന്നുകളും പുൽമേട്ടുകളും പാഞ്ഞൊഴുകുന്ന കാട്ടരുവികളും തഴച്ചുനിൽക്കുന്ന കാട്ടുചെടികളും എല്ലാം ഏതൊരു സന്ദർശകൻേറയും കണ്ണും കരളും കവരാതിരിക്കുകയില്ല. തെക്കുഭാഗത്തു് ഉത്തുംഗമായ കുരിശുമലകൾ ഉയർന്നു നിൽക്കുന്നു. അവയുടെ മദ്ധ്യത്തിൽ പള്ളിയും സ്ലീബായും തല ഉയർത്തി നിൽക്കുന്നു. മുക്കാൽ നൂററാണ്ടുമുമ്പു് ബെനഡിക്ടൻ മിഷനറിമാർ സ്ഥാപിച്ചതാണതു്. കാലാന്തരത്തിൽ അവിടെത്തന്നെ ആ സഭക്കാരുടെ ആശ്രമം വന്നതു് യാദൃച്ഛികസംഭവമെന്നേ പറയേണ്ടു. കിഴക്കേ മല മുസ്ലിങ്ങളുടെ ഒരു പ്രധാന പുണ്യസ്ഥലമായ കോലാഹലമേടാണു്. മഹർഷികളുടേയും തപോവനങ്ങളുടേയും നാടായ ഭാരതത്തിലെ ക്രിസ്തീയ തപോവനമാണു് ആ പ്രദേശം.

ഫാദർ ബീഡ് ഗ്രിഫിത്സ് (ഇംഗ്ലണ്ടു്.) ഫാദർ ഫ്രാൻസിസ് (ബൽജിയം) എന്നീ യൂറോപ്യൻ സന്യാസിമാരാണു് ഈ ആശ്രമത്തിൻെറ സ്ഥാപകർ. 1955—ൽ ഇവർ ഇന്ത്യയിലെത്തി. 1956—ൽ തിരുവല്ലാ മെത്രാൻ സക്കറിയാസു് മാർ അത്തനാസ്യോസ് തിരുമേനിയുടെ രക്ഷാധികാരത്തിൽ ആശ്രമസ്ഥാപനത്തിനുള്ള ശ്രമം തുടങ്ങി. 1958 മാർച്ചു് 21-ാം തീയതി സെയ്ൻറു് ബെനഡിക്ടിൻെറ തിരുനാൾ ദിനത്തിൽ ഇതിൻെറ ഔദ്യോഗികമായ ഉൽഘാടനം നടത്തപ്പെട്ടു. ഒരു ധനാഢ്യൻ ദാനം ചെയ്ത 100 ഏക്കർ സ്ഥലത്താണു് ആശ്രമം സ്ഥാപിച്ചിരിക്കുന്നതു്.

ഈ ആശ്രമത്തിൽ മലങ്കരസുറിയാനി രീതിയിൻേറയും സിസ്റ്റേഴ്സ്യൻ സന്യാസസഭയുടേയും ഹൈന്ദവസന്യാസിമാരുടെയും ആചാരരീതികളാണു് പാലിക്കപ്പെട്ടുന്നതു്. പാശ്ചാത്യസന്യാസിമാരാണു് ഈ ആശ്രമം സ്ഥാപിച്ചതെങ്കിലും പൗരസ്ത്യമായ രീതിയിൽ ആർഷസംസ്കാരത്തിന്നനുസൃതമായി ക്രിസ്തീയാദർശങ്ങൾക്കനുയോജ്യമായി, കഴിച്ചുകൂട്ടുകയാണു് ഇതിലെ അന്തേവാസികൾ.

സർവ്വസുഖങ്ങളും ഉപേക്ഷിച്ചു് ക്രിസ്തുവിൻെറ ആദർശമനുസരിച്ചു് ജീവിക്കുന്ന ത്യാഗജീവികളാണു് കുരിശുമലയിലെ സന്യാസികൾ. ബാഹ്യമായ യാതൊരു ബന്ധങ്ങളുമില്ലാതെ തങ്ങളുടേതായ ഒരു പ്രത്യേക ലോകത്താണവർ ജീവിക്കുന്നതു്. ഭാരതീയ പാരമ്പര്യം പിന്തുടർന്നു് അവർ കാവിവസ്ത്രം ധരിക്കുകയും നഗ്നപാദരായി നടക്കുകയും സസ്യഭക്ഷണം മാത്രം കഴിക്കുകയും ചെയ്യുന്നു. ഭക്ഷണശാലയിൽ മേശകളോ വിലകൂടിയ പളുങ്കുപാത്രങ്ങളോ ഒന്നുമില്ല. നിലത്തു് ചമ്രം പടിഞ്ഞിരുന്നു ലോഹപ്പാത്രങ്ങളിലാണു് അവർ ഭക്ഷിക്കുന്നതു്.

സന്യാസജീവിതത്തിലേയ്ക്കു് പ്രവേശിക്കുന്ന സന്യാസാർത്ഥി മൂന്നു തവണ ഇപ്രകാരം പറയുന്നു: "എൻെറ സംരക്ഷകനും നാഥനുമായ ദൈവമേ, അവിടത്തെ സകല ശക്തികളും ഏററുപറയാനായി ഞാൻ അവിടത്തിങ്കലേയ്ക്കു് അടുക്കാൻ അതിയായി ആഗ്രഹിച്ചു."

ആശ്രമത്തിലെ ജീവിതം സദാ പ്രാർത്ഥനാനിരതമാണു്. വിശുദ്ധ കുർബാനയാണതിൻെറ കേന്ദ്രം. സൂര്യൻ ഉദിക്കുമ്പോഴും അസ്തമിക്കുമ്പോഴും രാവിലെയും മദ്ധ്യാഹ്നത്തിലും വൈകുന്നേരവും അവിടെ പ്രാർത്ഥനയാണു്. സന്യാസികളുടെ കാനോനികനമസ്കാരം നിശ്ശബ്ദമായ പ്രാർത്ഥനയോടും ധ്യാനത്തോടും കൂടിയാണു് അവസാനിക്കുന്നതു്. ജ്ഞാനവായന, ധ്യാനം എന്നിവയിൽ സദാ നിമഗ്നരാണവർ. സുവിശേഷാദർശങ്ങൾക്കും ബൈബിൾ വായനയ്ക്കും സന്യാസജീവിതത്തെപ്പററിയുള്ള പിതാക്കന്മാരുടെ പഠനത്തിനും പ്രേഷിതപ്രവർത്തനങ്ങളെപ്പററിയുള്ള സഭയുടെ പ്രബോധനങ്ങൾക്കും ഈ സന്യാസികളുടെ ജീവിതത്തിൽ പ്രത്യേക പ്രാധാന്യമുണ്ടു്.

വെളുപ്പിനു് ഏകദേശം മൂന്നു മണിയാകുമ്പോൾ സന്യാസികൾ എണീററു് തങ്ങളു

ടെ ദിനകൃത്യങ്ങളിൽ ഏർപ്പെട്ടുന്നു. അതോടൊപ്പം സംഗീതാത്മകമായി നിശാപ്രാത്ഥനകൾ അന്തരീക്ഷത്തിൽ മാറെറാലിക്കൊള്ളുന്നു. ഇങ്ങനെ ആശ്രമവാസികൾ ദിവസത്തിൽ ഏഴു തവണ ഒരുമിച്ചുകൂടി പ്രാത്ഥിക്കുകയും ഇതരസമയങ്ങൾ അദ്ധ്യയനത്തിനും മററു ജോലികൾക്കുമായി ചെലവാക്കുകയും ചെയ്യുന്നു. പകൽ സമയത്തെ ജോലികൾ കഴിഞ്ഞു് രാത്രി എട്ടുമണിയാകുമ്പോൾ ഉറക്കറയിലേയ്ക്കു് നീങ്ങുന്നു. വളരെ പരുപരുത്ത കിടക്കകളാണവരുടേതു്.

## അദ്ധ്വാനം

വെറും ധ്യാനനിരതരായി മാത്രം ജീവിക്കുകയല്ല അവർ. കഠിനമായി അദ്ധ്വാനിച്ചു് ആഹരിക്കുകയും സാധുജനസേവനം നടത്തുകയും ചെയ്യുന്നതു് അവർ വ്രതമായി സ്വീകരിക്കുകയാണു്. അവർക്കു് വേണ്ട സാധനങ്ങൾ അവർതന്നെ ഉണ്ടാക്കുന്നു. തരിശായി കിടന്ന വളരെയേറെ പുൽമേട്ടുകൾ അവർ കൃഷിഭൂമിയാക്കി. അവർക്കു് ഭൃത്യന്മാരില്ല. എല്ലാവരും ദാസന്മാരാണു്. എല്ലാ ജോലികളും സ്വയമാണു് ചെയ്യുന്നതു്. വിറകു വെട്ടുക, തുണി അലക്കുക, വെള്ളം കോരുക, വസ്ത്രങ്ങൾ നെയ്തെടുക്കുക, ഭക്ഷണം പാകം ചെയ്യുക, കല്ലു് പൊട്ടിക്കുക, കിളയ്ക്കുക, റോഡു വെട്ടുക, പശുക്കളെ വളർത്തുക ഇങ്ങനെ പോകുന്നു ജോലികൾ. എല്ലാവരും കഠിനാദ്ധ്വാനം കൊണ്ടു ഭക്ഷിക്കുന്നു. സ്നേഹമസൃണവും വിനയസമന്വിതവുമാണു് ആശ്രമവാസികളുടെ അതിഥിസൽക്കാരം. ഉച്ചനീചത്വങ്ങൾ കണക്കാക്കാതെ വിനയസമ്പൂർണ്ണമായ ആ ജീവിതരീതി വളരെ മാതൃകായോഗ്യമാണു്.

സിസ്റ്റേഴ്സ്യൻ ആശ്രമജീവിതം വാസ്തവത്തിൽ സഹോദരസ്നേഹത്തിൻെറ ജീവിതമാണു്. സന്യാസാത്ഥി വ്രതവാഗ്ദാനാവസരത്തിൽ പറയുന്നതു് ഇങ്ങനെയാണു്: "ദൈവം എന്നെ അനുഗ്രഹിക്കാൻ വേണ്ടി ആശ്രമത്തിലെ സകല സഹോദരന്മാരും എനിക്കു വേണ്ടി ദൈവത്തോടു് പ്രാത്ഥിച്ചാലും". വിശുദ്ധ ബെനഡിക്ട് പറയുന്നു: "സന്യാസികൾ പരസ്പരം മുൻഗണനകൊടുത്തു ശീലിക്കട്ടെ. ശരീരത്തിൻേറതായാലും സ്വഭാവത്തിൻേറതായാലും ഓരോരുത്തനിലുമുള്ള കുറവുകൾ ക്ഷമയോടുകൂടി സഹിക്കണം. അന്യോന്യം അനുസരിക്കുകയും വേണം. അവനവനു നല്ലതെന്നു തോന്നുന്നതു ചെയ്യാതെ മററുള്ളവർക്കു് നന്മ വരാവുന്നതാണു് ചെയ്യേണ്ടതു്. അതുല്യമായ സ്നേഹത്തോടെ അവർ സഹോദരസ്നേഹം പരിശീലിക്കട്ടെ."

പഠനത്തിനു് സന്യാസജീവിതത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. സന്യാസപരവും പുരോഹിതോചിതവുമായ അദ്ധ്യയനം അതിലടങ്ങിയിരിക്കുന്നു. ജീവിതാന്ത്യം വരെ പഠിക്കണം. ആദ്ധ്യാത്മികാഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമാണതു്. ആദ്ധ്യാത്മികപരിപൂർണ്ണതയ്ക്കു് ആവേശവും ആശയും പ്രദാനം ചെയ്യുന്ന അനുദിനഭക്ഷണമത്രെ പഠനം. ആശ്രമജീവിതവിജ്ഞാനം വിശുദ്ധ ഗ്രന്ഥത്തിലും പിതാക്കന്മാരുടെ വിവരണങ്ങളിലും നിക്ഷിപ്തമായിരിക്കുന്നു.

ബാഹ്യലോകവുമായി ഇവർക്കു് പറയത്തക്ക ബന്ധമൊന്നുമില്ല. ആശ്രമത്തിനകത്തും

**For favours received**



**Inserted by**
M. T. Abraham.
Kattoor P. O.

പണിസ്ഥലത്തുമെല്ലാം ഏകാന്തത പാലിക്കപ്പെടുന്നു. സന്യാസികൾ തമ്മിലോ പുറത്തുള്ളവരുമായോ സംസാരിക്കാൻ പാടില്ല. ആശ്രമശ്രേഷ്ഠനോ പ്രത്യേകം നിയോഗിക്കപ്പെട്ട സന്യാസികൾക്കോ മാത്രമേ മററുള്ളവരോടു സംസാരിക്കാൻ സാധിക്കൂ.

സിസ്റ്റേഴ്സ്യൻ സന്യാസികളുടെ ക്രിയാത്മകവും ധ്യാനനിരതവും ലളിതവുമായ ജീവിതം നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെ അത്യധികം ആകർഷിച്ചിരുന്നു. ഭാരതത്തിൻെറ വിദ്യാഭ്യാസസംവിധാനത്തിൽ ഗാന്ധിജി നിർദ്ദേശിച്ച അടിസ്ഥാന വിദ്യാഭ്യാസാദർശങ്ങൾ പലതും അദ്ദേഹം ആഫ്രിക്കയിലായിരുന്നപ്പോൾ സിസ്റ്റേഴ്സ്യൻ സമൂഹത്തിൽ നിന്നു് സ്വീകരിച്ചവയാണത്രെ. ഗാന്ധിജി പറയുന്നു: ''ഞാനൊരിക്കൽ സിസ്റ്റേഴ്സ്യൻ സന്യാസിമാരോടൊത്തു് താമസിച്ചു. അവർ ദൈവസ്നേഹം, ബ്രഹ്മചര്യം, ദാരിദ്ര്യം ഇവയുടെ ഉപാസകന്മാരാണു്. അവർ അനുവർത്തിച്ചിരുന്ന പരിത്യാഗജീവിതം അതികഠിനമായിരുന്നു. അവർക്കു് സ്വന്തമായി യാതൊന്നുമുണ്ടായിരുന്നില്ല. അവർ സസ്യഭുക്കുകളാണു്. സാധനങ്ങൾ വാങ്ങാനും കൊടുക്കുവാനും അതിഥികളെ സ്വീകരിക്കാനും നിയുക്തരായ ഒന്നു രണ്ടു പേരൊഴിച്ചു് സകലരും മൗനം പാലിക്കുന്നു. നിശ്ശബ്ദരായി ആയുഷ്ക്കാലം മുഴുവൻ ജോലി ചെയ്യുന്നു. പഠനം അവരുടെ കടമയാണു്. അവരിൽ മരപ്പണിക്കാരും തോട്ടപ്പണിക്കാരുമുണ്ടു്. എല്ലാ പരീക്ഷണങ്ങളും അവർ നടത്തുന്നു. അവരുടെ ആശ്രമം ഒരു യഥാർത്ഥ പൂന്തോട്ടവും ശുചിത്വത്തിൻെറ മാതൃകയുമാണു്. ഒരു മധുരിക്കുന്ന പ്രശാന്തത ആ അന്തരീക്ഷത്തിൽ കളിയാടിയിരുന്നു. അതുപോലൊരു സ്ഥാപനം നിർമ്മിക്കണമെന്നാണു് എൻെറ ലക്ഷ്യം'' ഈ അഭിലാഷം രൂപം കൊണ്ടതാണു് ഗാന്ധിജിയുടെ ആശ്രമജീവിതവും അടിസ്ഥാനതത്വങ്ങളും. അടിസ്ഥാനവിദ്യാഭ്യാസത്തിൽ തൊഴിലിനു പ്രാധാന്യം കൊടുത്തിരിക്കുന്നു. വിദ്യാഭ്യാസം അവസാനിക്കുന്നതോടുകൂടി ഏതെങ്കിലും തൊഴിൽ ചെയ്തു ജീവിക്കുവാനുള്ള കഴിവു് അദ്ധ്യേതാക്കൾക്കുണ്ടാവണം. കുരിശുമല ആശ്രമം ഭാരതത്തിൽ സിസ്റ്റേഴ്സ്യൻ സമൂഹത്തിൻെറ ഒന്നാമത്തെ കാൽവയ്പാണെങ്കിലും അനേക കൊല്ലങ്ങൾക്കു മുമ്പുതന്നെ ആഫ്രിക്കയിൽ അവരുടെ സ്ഥാപനങ്ങളും സമൂഹങ്ങളും നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു.

വിസ്തൃതമായ പുൽത്തകിടികളും മൊട്ടക്കുന്നുകളും നിറഞ്ഞു് സമുദ്രനിരപ്പിൽനിന്നു് 3600 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കുരിശുമലയിൽ വിവിധ തരത്തിലുള്ള കൃഷികളുടെ സാദ്ധ്യതകളെപ്പററി ഇവർ ഗവേഷണം നടത്തുന്നുണ്ടു്. ആദ്യം കൈതച്ചക്ക കൃഷി ചെയ്തു. ആ കൃഷി അത്ര വിജയപ്രദമായിരുന്നില്ല. കന്നുകാലിവളർത്തലിലാണു് പിന്നീടവരുടെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചതു്. ഇംഗ്ലണ്ടിൽനിന്നും മററും അടുത്ത കാലത്തു് ജെഴ്സി തുടങ്ങിയ ഇനങ്ങളിൽപ്പെട്ട വിത്തുകാളകളേയും പശുക്കളേയും അവിടെ കൊണ്ടുവന്നു വളർത്തുന്നുണ്ടു്. വളരെ ശാസ്ത്രീയമായ രീതിയിൽ അവ പരിപാലിക്കപ്പെടുന്നു. പാലിൽനിന്നു് ശാസ്ത്രീയരീതിയിൽ വെണ്ണ, പാൽക്കട്ടി, ഉരുക്കുനെയ്യ് തുടങ്ങിയവ തയ്യാർ ചെയ്തു് വില്പന നടത്തുന്നു. കന്നുകാലികൾക്കു് പററിയ നേപ്പിയർ, ഗിനിപ്പുല്ല് ഇവ കൃഷി ചെയ്യുന്നു. കൃഷിയുടെ ആവശ്യത്തിനുവേണ്ടി ആശ്രമത്തിൽനിന്നു് ഒരു ചെറിയ അണക്കെട്ടു് നിർമ്മിച്ചിട്ടുണ്ടു്. അവിടം ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു വലിയ ക്ഷീരോല്പാദന മേഖലയായി ഉയർന്നുവരുന്നു. ചാണകത്തിൽനിന്നു് ഗ്യാസ് ശേഖരിച്ചാണു് അവർ തീ കത്തിക്കാൻ ഉപയോഗിക്കുന്നതു്.

## ചാണകം

പശുക്കൾക്കും ചാണകത്തിനും പ്രാചീന കാലം മുതൽക്കുതന്നെ ഭാരതത്തിൽ വളരെ പ്രാധാന്യം കൊടുത്തുവരുന്നുണ്ടല്ലോ. ഒരു കാർഷികരാജ്യമായ ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിതത്തിൽ അവയ്ക്കു് അതുല്യ ബന്ധമുണ്ടെന്നതിൽ അത്ഭുതത്തിനവകാശമില്ല. ചാണകഗ്യാസ്പ്ലാൻറു് കണ്ടുപിടിച്ചതോടെ ശാസ്ത്രീയയുഗത്തിൽ ജീവിക്കുന്ന ആധുനികഭാരതീയ ജനതയ്ക്കും ചാണകം ഒരു വിശിഷ്ടവസ്തുവായിത്തീർന്നിരിക്കുകയാണു്. കൃഷികൾക്കു് വളം ചേർക്കുന്നതിനാണു് പ്രധാനമായും ചാണകം ഉപയോഗിക്കുന്നതു്. പക്ഷേ വിറകിനു് പ്രയാസമുള്ള നാടുകളിൽ ചാണകം ഉണക്കി തീ കത്തിക്കാറുണ്ടു്. ഭാരതത്തിൽ ഏതാണ്ടു് 50 ശതമാനം ചാണകവും വിറകിനാണു് ഉപയോഗിക്കുന്നതു്. വിറകിൻെറ ക്ഷാമം തീർക്കാൻ വേറൊരു വഴി കണ്ടുപിടിച്ചാൽ ഇന്നു തീ കത്തിക്കുന്നതിനു

ഉപയോഗിക്കുന്ന ഏകദേശം 20 കോടി ടൺ ചാണകം നമ്മുടെ രാജ്യത്തെ ഭക്ഷ്യോല്പാദനം അധികരിക്കാൻ വേണ്ട വളമായി ഉപയോഗിക്കാം. ഇക്കാര്യം ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിററ്യൂട്ടിന്റെ ശ്രദ്ധയിൽ പെട്ടതിന്റെ ഫലമായി കുറെ കൊല്ലങ്ങൾക്കുമുമ്പ് ചാണകം കൃഷിക്കും ഗ്യാസ് തീ കത്തിക്കുന്നതിനും ഉപയോഗിക്കാവുന്ന ഒരു പദ്ധതി കണ്ടുപിടിക്കുകയുണ്ടായി. ചാണകം വെള്ളത്തിൽ ചേർത്ത് പുളിപ്പിച്ചാൽ അതിൽനിന്ന് തീ കത്തിക്കാൻ ഉപയോഗിക്കാവുന്ന ഒരു വാതകം ഉണ്ടാവുന്നതാണ്. ചാണകം പിന്നീട് വളമായി ഉപയോഗിക്കുകയും ചെയ്യാം. ഗവേഷകർ കണ്ടുപിടിച്ച ഈ നവീന സമ്പ്രദായം ഭാരതത്തിലെ കർഷകർക്ക് ഒരനുഗ്രഹം തന്നെ. വിളക്കു കത്തിക്കാനും ആഹാരം പാകം ചെയ്യാനും ഈ ഗ്യാസ് മതിയാകും. ഇപ്രകാരം ചാണകഗ്യാസ് പ്ലാൻറുകൾ ദൽഹിയുടെ സമീപമുള്ള പത്തു ഗ്രാമങ്ങളിൽ ഉപയോഗിച്ചുവരുന്നുണ്ട്. 1958-ലെ ഫാർമേഴ്സ് ഫോറത്തിന്റെ വാർഷികത്തിലും 1959-60 ലെ ലോകകാർഷികപ്രദർശനത്തിലും ചാണകഗ്യാസ് പ്ലാൻറിന്റെ പ്രവർത്തനം പ്രദർശിപ്പിക്കുകയുണ്ടായി. ചാണകം പോലുള്ള ജൈവവസ്തുക്കൾ വായുവിന്റെ അസാന്നിദ്ധ്യത്തിൽ ചീയുമ്പോൾ "മെതെയ്ൻ" എന്ന തീ കത്തുന്ന വാതകം അതിൽനിന്ന് ഉണ്ടാകുന്നു. പുകയുടെ ശല്യമില്ലാത്തതും നല്ല ചൂടുള്ളതുമായ അഗ്നിജ്വാലയാണിതിനുള്ളത്. കുരിശുമലയിലെ സിസ്റ്റേഴ്സ്യൻ ആശ്രമത്തിൽ ചാണകഗ്യാസ് പ്ലാൻറ് വളരെ വിജയകരമായി ഉപയോഗിച്ചുവരുന്നുണ്ട്. കേരളത്തിൽ വേറെ രണ്ടുമൂന്നു സ്ഥലങ്ങളിൽക്കൂടി മാത്രമേ ചാണകഗ്യാസ് പ്ലാൻറു ഉപയോഗിച്ച് തീ കത്തിക്കുന്നുള്ളുവെന്ന് പറയപ്പെടുന്നു. കുരിശുമല ആശ്രമത്തിൽ വിറകിന് ക്ഷാമം നേരിട്ടപ്പോഴാണ് ഈ ഗ്യാസ്പ്ലാൻറിന്റെ കാര്യം അവർ കേട്ടത്. ആശ്രമത്തിൽ ഒരു നല്ല കാലിവളർത്തൽ കേന്ദ്രം ഉള്ളതുകൊണ്ട് അവിടെ ചാണകത്തിന് പ്രയാസമില്ലതാനും. കന്നുകാലികളെ വളർത്തുന്ന ഗ്രാമീണർ കുരിശുമല ആശ്രമക്കാരെപ്പോലെ ചാണകഗ്യാസ് പ്ലാൻറു ഉപയോഗിച്ച് തീ കത്തിക്കുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നത് വളരെ നല്ലതാണ്. ചെലവു കുറഞ്ഞ രീതിയിൽ നിർമ്മിച്ച കുരിശുമലയിലെ സ്റ്റൗവും മററും കാണേണ്ടതു തന്നെ.

## ക്രൈസ്തവൈക്യം

ദിവംഗതനായ 23-ാം ജോൺ മാർപ്പാപ്പായുടേയും ഇപ്പോഴത്തെ ആറാം പോൾ മാർപ്പാപ്പായുടേയും പരിശ്രമംമൂലം ഫലപുഷ്ക്കലമായിവരുന്ന ക്രൈസ്തവൈക്യമാണ് ആശ്രമത്തിന്റെ ഒരു പ്രധാന ലക്ഷ്യം. എല്ലാ ക്രൈസ്തവസഭകളും ഒരേ കൊടിക്കീഴിൽ യോജിച്ചുവരുന്ന ദിനം എത്രയോ അഭികാമ്യമായിരിക്കും. അതു് സാധിക്കാൻ ഭാരതത്തിലെ വിവിധസഭകൾ തമ്മിൽ കൂടുതൽ ആത്മാർത്ഥമായി അടുത്തു പെരുമാറാനും സമഭാവനയോടെ കരുതാനും ആശ്രമവാസികൾ ശ്രമിക്കുന്നു.

കുരിശുമല ആശ്രമം ക്രൈസ്തവസഭകളുടെ യോജിപ്പിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുകയാണ്. ആശ്രമനിയമം പറയുന്നതിങ്ങനെയാണ്; "പ്രാർത്ഥന, അദ്ധ്വാനം, പരിത്യാഗം എന്നിവ വഴി ദൈവമഹത്വവും അവിടത്തെ തിരുമനസ്സും നിറവേററുന്നതിനുപ

**For favours received**



**Inserted by**

N. G. A.
Hyderabad.

# "ജപമാല രാജ്ഞി"

## (കെ. കച്ചിറമററം)

കണ്ണുനീർമുത്തുമായ്...എന്ന രീതി.

അന്ധകാരത്തിരമാലകൾ തന്നിലായ്
നീന്തിത്തുടിച്ചീടുമീ...
മാനവവംശത്തെ കരകയററീടുമാ...
സ്വർഗ്ഗീയ മാല്യമാതേ!
അന്ധകാരത്തിര...

സ്വർഗ്ഗകവാടം തുറന്നു മനുജനെ
സ്വർഗ്ഗത്തിലേററീടുവാൻ...
സ്വർഗ്ഗകവാ

സ്വർഗ്ഗീയമാം നിൻെറ ദിവ്യജപമാല
നൽകീ...നൽകീ...നീ...
നൽകി-നൽകി-നീ...അന്ധകാര...

ആർത്തരായി മരുവീടുമീ കൊടും
പാപികൾ ഞങ്ങളമ്മേ...ആർത്തരാ...
നിൻെറ ദിവ്യസന്നിധേ വാഴാൻ.
നൽവരം തുകിടണെ!
അമ്മേ! തുകിടണെ!!
അമ്മേ! തുകിടണെ!!!

---

റമെ ക്രൈസ്തവൈക്യത്തിനായി കുരിശുമല ആശ്രമാംഗങ്ങൾ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നതിനേക്കാൾ വലുതായ മറെറാരാഗ്രഹം അവക്കില്ല.''

ഏകാന്തതയിൽ ഈശ്വരധ്യാനത്തിൽ മുഴുകി ജീവിതനവീകരണത്തിനായി പുരോഹിതന്മാരും അൽമായരുമായ അനവധി ആളുകൾ കുരിശുമല ആശ്രമത്തിൽ കുറെ ദിവസങ്ങൾ ചെലവാക്കാറുണ്ട്. അവക്ക് ആത്മീയമായും ശാരീരികമായും വേണ്ട സഹായങ്ങൾ സന്യാസികൾ ചെയ്തു കൊടുക്കുന്നു.

ഭൗതികവാദത്തിൽ മുഴുകി സുഖവും സന്തോഷവും പ്രതാപവും മാത്രം അന്വേഷിച്ച് പരക്കം പായുകയാണ് ഇന്നത്തെ ചില യുവജനങ്ങൾ. ശാശ്വതസമാധാനവും സന്തോഷവും കിട്ടാതെ അവർ നിരാശരാകുന്നു. ലൗകികാനന്ദങ്ങളിൽ മതിമയങ്ങി അവസ്സായി അദ്ധ്വാനിച്ച് അധഃപതിക്കുകയാണ് അനേകം ആളുകൾ. ദൈവത്തെപ്പററി അല്പമൊന്നു ചിന്തിക്കുവാൻ അവക്കു നേരമില്ല. ലൗകികചിന്തകളും മാനുഷികസ്നേഹങ്ങളും ഉന്നതങ്ങളിലേയ്ക്കു് അവരുടെ ഹൃദയത്തെ ഉയത്തുവാൻ അനുവദിക്കുന്നില്ല. ആധുനികമനുഷ്യക്ക്, വിശിഷ്യ യുവജനങ്ങൾക്ക്, ഭൗതികാനന്ദങ്ങളിൽ മുഴുകാതെ പുണ്യജീവിതം നയിക്കുക അസാദ്ധ്യമെന്നും മററും വാദിക്കുകയും ദൈവാസ്തിക്യത്തെ നിഷേധിക്കുകയും ചെയ്യുന്നവർക്ക് കുരിശുമലയിലെ സിസ്റ്റേഴ്സ്യൻ ആശ്രമം ഒരു വെല്ലുവിളിയത്രേ.

വൈദികരും അവൈദികരും ഉൾപ്പെടെ ഇരുപതോളം സന്യാസികൾ ഈ ആശ്രമത്തിലുണ്ട്. വൈദികാന്തസ്സിൻെറ ഭാഗമായ പ്രത്യേകാവകാശങ്ങൾ ഒഴിച്ചാൽ സകലരും തുല്യരായി കണക്കാക്കപ്പെടുന്നു. ആശ്രമപ്രവേശനത്തിന് അപേക്ഷിക്കുന്നവർ ആരോഗ്യമുള്ളവരും ധ്യാനനിരതവും താപസോചിതമായ ജീവിതം ഇഷ്ടപ്പെടുന്നവരുമായിരിക്കണം.

ശാശ്വതസമാധാനം ആഗ്രഹിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നവക്ക് സഹ്യസാനുക്കളിൽ സ്ഥിതി ചെയ്യുന്ന ഈ ആശ്രമം ഒരു ശാന്തിനികേതനമത്രെ. ആശ്രമത്തിലും അതിൻെറ ചുററിലും അലതല്ലുന്ന ഏകാന്തതയും പ്രകൃതിസൗന്ദര്യവും പരിശുദ്ധമായ അന്തരീക്ഷവും ഏതൊരു മനുഷ്യഹൃദയത്തെയാണ് ആകർഷിക്കാത്തത്.

(308-ാം പേജിൻെറ തുടർച്ച)

എടുത്തുകൊള്ളപ്പെട്ടവെന്നു വിശ്വസിച്ചു."

മാർത്തോമാശ്ലീഹായ്ക്കു ലഭിച്ചതായ മാതാവിൻെറ ഇടക്കെട്ട് "ദൈവമാതാവ് ആത്മാവിലും ശരീരത്തിലും സ്വർഗ്ഗാരോഹണം ചെയ്തു എന്നുള്ളതിൻെറ പ്രത്യക്ഷലക്ഷ്യമായി" ശ്ലീഹാ സൂക്ഷിച്ചു എന്നു് പാത്രിയർക്കീസ് ബാവാ തുടർന്നു പറയുന്നു. ഫാ. ജോർജ്ജ് പറയുന്നതു് ദൈവമാതാവിൻെറ മരണം പരിശുദ്ധന്മാരുടെ മരണം പോലെ മാത്രമാണെന്നും മാതാവിനു് ഇനിയും ഉയിർപ്പും ന്യായവിധിയും വരാനിരിക്കുന്നു എന്നുമത്രെ. പ. പാത്രിയർക്കീസിൻെറ കല്പനയും ഓർത്തഡോക്സ് സഭയുടെ പഠിപ്പിക്കലുമാണോ അതോ മുണ്ടുവേൽ ജോർജച്ചൻെറ അഭിപ്രായമാണോ സ്വീകാര്യം എന്നു് ഓർത്തഡോക്സ് സഭാംഗങ്ങൾ തീരുമാനിക്കട്ടെ!

d) ദൈവമാതാവിനെ "സഭയുടെ മാതാവ്" എന്നു വിവക്ഷിച്ചപ്പോൾ "സഭയുടെ അംഗം" എന്നു കൂടെ പറയാതിരുന്നതു് തെററായിപ്പോയെന്നാണു ഫാ. ജോർജിൻെറ വേറൊരു പരാതി. ദൈവമാതാവിനു ക്രിസ്തുവിനോടുള്ള ബന്ധം നിരുപമമാണെങ്കിൽ സഭയോടുള്ള ബന്ധവും അതുല്യമായിരിക്കും എന്നു ഗ്രഹിക്കാൻ വലിയ പ്രയാസമൊന്നുമില്ല. കുരിശിൻെറ ചുവട്ടിൽ നിന്നിരുന്ന യോഹന്നാനോട് "ഇതാ നിൻെറ മാതാവ്" (യോഹ 19:26) എന്നു കർത്താവു പറഞ്ഞതു് എല്ലാ വിശ്വാസികളോടുമായിട്ടാണു്. ഓരോ ക്രിസ്ത്യാനിയുടെയും മാതാവും സഭ മുഴുവൻെറയും മാതാവുമാണു് മറിയാം. രണ്ടടിസ്ഥാനങ്ങളിലാണു് ഈ വിശ്വാസം ഉറപ്പിച്ചിരിക്കുന്നതു്. ഒന്നാമതു്, മാതാവിനു പുത്രനോടുള്ള ബന്ധം—മാതാവിൽ നിന്നെടുത്ത മനുഷ്യത്വം ഇപ്പോഴും പുത്രനിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു് അവൾ ഇപ്പോഴും പുത്രൻെറ മാതാവു തന്നെ. രണ്ടാമതു്, ക്രിസ്തുവിനു നമ്മോടും സഭയോടുമുള്ള ബന്ധം—സഭ ക്രിസ്തുവിൻെറ ശരീരവും നാം അവയവങ്ങളുമാകുന്നു. അതുകൊണ്ടു് പുത്രസ്വീകാരം മൂലം നാം മറിയാമിൻെറ മക്കളും മറിയാം നമ്മുടെ മാതാവുമായിത്തീരുന്നു. മനുഷ്യാവതാരസത്യത്തെ നിഷേധിക്കാതെ ഈ സത്യത്തെ നിഷേധിക്കാനാവില്ല. ഇതിനെപ്പററി ഫാ. ഫ്ളോറോവ്സ്കി പറയുന്നതും ഇപ്രകാരമാണു്: "The Mother of God is truly the Common mother of all living, of the whole Christian race, born or re-born in the Spirit and truth" 'സത്യമായും ദൈവമാതാവ്, ആത്മാവിലും സത്യത്തിലും ജനിക്കുകയോ വീണ്ടും ജനിക്കുകയോ ചെയ്യുന്ന ക്രിസ്തീയ വംശം മുഴുവൻെറയും, ജീവനുള്ള സകലരുടെയും, പൊതുവായ മാതാവത്രെ".

പൗരസ്ത്യരുടെ പ്രശംസാഹേതുവായ മാർ അപ്രേം പറയുന്നതു കേൾക്കുക: ക്രിസ്തു സഭയുടെ തലയും സഭ ക്രിസ്തുവിൻെറ ശരീരവുമാണെങ്കിൽ മാതാവിൻെറ സ്ഥാനമെവിടെയാണെന്നു ചോദിച്ചിട്ട് മാർ അപ്രേം പറയുന്നു, ശിരസ്സിനെയും ശരീരത്തെയും സംയോജിപ്പിക്കുന്ന കണ്ഠമാകുന്നു മാതാവെന്നു്. ആരംഭം മുതൽ ദൈവകൃപയാൽ വലയം ചെയ്യപ്പെട്ടവളും, ജീവിതത്തിൽ കൃപമാത്രം ആഗ്രഹിച്ചവളും, കൃപ നിറഞ്ഞവളും, 'കൃപമേൽ കൃപ' നൽകിയവനായ ദൈവപുത്രനെ വഹിച്ചവളുമായ ദൈവമാതാവ് ഇപ്പോൾ സർവ്വകൃപകളുടെയും മദ്ധ്യസ്ഥയായി സ്ഥിതിചെയ്യുന്നു. സഭയുടെ ജീവനും വിശ്വാസികളുടെ ആത്മീയാനുഭവങ്ങളും മാതാവിനോടു സജീവമായി ബന്ധപ്പെട്ടതന്നെയിരിക്കുന്നു. ഉദാഹരണമായി, വി. കുർബാന സ്വീകരിച്ചു മടങ്ങുന്ന ഒരു വിശ്വാസിക്കു് "സ്ത്രീ തന്നു, ഞാൻ തിന്നു" എന്നു് ഒരു പുതിയ അർത്ഥത്തിൽ പറയുവാൻ കഴിയും. മറിയാമിൽ നിന്നു ദൈവപുത്രൻ എടുത്തതായ മനുഷ്യത്വം മഹത്വീകരിക്കപ്പെട്ട് ഇപ്പോഴും തന്നിൽ സ്ഥിതിചെയ്യുന്നതുകൊണ്ടാണു് വി. കുർബാനവഴിയായി ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ മാതാവിനെ സ്മരിക്കുവാൻ നമുക്കു സാധിക്കുന്നതു്. സഭയാകുന്ന ഭവനത്തിനു പുറമെയുള്ളവർക്കു ഗ്രഹിക്കുവാൻ പ്രയാസമുള്ള ക്രിസ്തീയരഹസ്യത്തിൻെറ ഭാഗമാണിതു്.

e) "മാലാഖമാരെപ്പോലെയാണു ദൈവമാതാവെന്നു പറയുന്നതിലർത്ഥമില്ല" എന്നും ഫാ.

ജോർജിനു് അഭിപ്രായമുണ്ടു്. ഈ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു! കാരണം, ദൈവമാതാവു് മാലാഖമാരെപ്പോലെയല്ല, അവരേക്കാൾ സമുന്നതയാണു്. ഫാ. ജോർജ്ജിന്റെ സ്വീകാര്യമാവും എന്ന പ്രതീക്ഷയിൽ ഓർത്തഡോക്സ് സാക്ഷ്യങ്ങൾ തന്നെ ഇതിനും നൽകാം. കേരളത്തിലെ ഓർത്തഡോക്സ് സഭയുടെ പ്രാർത്ഥനയിൽ (ദൈവമാതാവിന്റെ പുകഴ്ചയുടെ പെരുന്നാൾ, മൂന്നാം മണി നേരത്തെ പ്രാർത്ഥന) മാതാവിനെ വർണ്ണിക്കുന്നതു കാണുക. "ഉൽകൃഷ്ടയായ മാതാവേ, നിന്റെ വിശുദ്ധിക്കനുയോജ്യമായ സ്തോത്രകിരീടം മുടയുവാൻ ആർക്കു കഴിയും? എന്തെന്നാൽ നീ ക്രൂബേന്മാരെക്കാൾ ഉയന്നവളും സ്രോപ്പേന്മാരെക്കാൾ മഹത്വമുള്ളവളുമായിരിക്കുന്നു". റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഒരു പ്രാർത്ഥനയിൽ മാതാവിനെ വർണ്ണിച്ചിരിക്കുന്നതു് ഇപ്രകാരമാകുന്നു: "More honourable than the Cherubim, more glorious than the Seraphim who without spot didst bear the Eternal Word." "കളങ്കമില്ലാതെ നിത്യവചനത്തെ വഹിച്ചവളായ നീ ക്രോബേന്മാരെക്കാൾ ശ്രേഷ്ഠയും സ്രോപ്പേന്മാരെക്കാൾ മഹത്വമുള്ളവളുമാകുന്നു."

ഇതുപോലെ അനേകം പ്രാർത്ഥനകളുണ്ടു്. ഇവയൊന്നും ഫാ. ജോർജ്ജു് കണ്ടിട്ടില്ലെന്നുവരുമോ? കണ്ടിട്ടുണ്ടെങ്കിൽ അവയ്ക്കു വല്ല അർത്ഥവും അദ്ദേഹം കല്പിക്കുന്നുണ്ടോ എന്തോ! പാപം തീണ്ടിയിട്ടില്ലാത്ത മാലാഖമാരുടെ രാജ്ഞിയെന്നും, മാലാഖമാരെക്കാൾ ഉയന്നവളെന്നും ഓർത്തഡോക്സ് സഭ വാഴ്ത്തുന്ന ദൈവമാതാവിനെപ്പററിയാണു ഫാ. ജോർജ്ജു പറയുന്നതു് "പാപത്തിൽ പങ്കാളിയായിരിക്കണം" "വീണ്ടെടുക്കപ്പെട്ട പാപിയായിരിക്കണം" എന്നെല്ലാം!

II അമലോത്ഭവത്തിനെതിരായ തുറുപ്പുചീട്ടായി ഫാ. ജോർജ്ജ് ഉപയോഗിച്ചിരിക്കുന്നതു് വി. തോമസ് അക്വിനാസിന്റെ അഭിപ്രായമാണു്. ദൈവമാതാവു് ജന്മപാപമില്ലാത്തവളായിരുന്നെങ്കിൽ ക്രിസ്തുമൂലമുള്ള വീണ്ടെടുപ്പു് അവൾക്കു വേണ്ടിവരികയില്ലായിരുന്നുവെന്നും അങ്ങനെ ക്രിസ്തു എല്ലാവരുടെയും രക്ഷകൻ അല്ലാതായിത്തീരുമായിരുന്നുവെന്നുമാണു് അക്വിനാസ് അഭിപ്രായപ്പെട്ടതു്. ജയഭേരിയോടുകൂടെ ഇതുദ്ധരിച്ചിട്ടു്, പാവം കത്തോലിക്കർ ഇതു വല്ലതും അറിയുന്നുണ്ടോ, എന്നു ചോദിച്ചു് ഫാ. ജോർജ്ജ് പരിഭവിക്കുന്നു.

കത്തോലിക്കർ അറിയാതിരുന്ന ഒരു രഹസ്യം താൻ വെളിച്ചത്തുകൊണ്ടുവന്നിരിക്കുന്നു എന്നുള്ള മട്ടിലാണു് ഫാ. ജോർജ്ജ് അക്വിനാസിനെ ഉയർത്തിക്കാണിച്ചിരിക്കുന്നതു്! ഇതിനെപ്പററിയെല്ലാം എത്രയോ പണ്ഡിതന്മാരും തത്വജ്ഞാനികളും വിശദവും വിദഗ്ദ്ധവുമായ പഠനങ്ങൾ നടത്തുകയും പുസ്തകങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ടു്. അവയിൽ ചിലതെങ്കിലും അറിയാനും പഠിക്കാനും സൗകര്യം ലഭിക്കുന്നതുവരെ താഴെ ചേർക്കുന്ന പോയിൻറുകൾ സാവകാശം പരിശോധിക്കണമെന്നു ഫാ. ജോർജിനോടഭ്യർത്ഥിക്കുന്നു.

a) തോമസ് അക്വിനാസ് ജീവിച്ചിരുന്നതു് 13-ാം നൂററാണ്ടിലും അമലോത്ഭവത്തെപ്പററിയുള്ള ഔദ്യോഗിക പ്രഖ്യാപനമുണ്ടായതു് 19-ാം നൂററാണ്ടിലുമാണു്. അതുകൊണ്ടു് സഭയുടെ ഔദ്യോഗിക പ്രഖ്യാപനത്തെയല്ല 13-ാം നൂററാണ്ടിലോ അതിനു മുമ്പോ ഉണ്ടായിരുന്ന ചില ധാരണകളെയാണു് അക്വിനാസ് എതിർത്തതെന്നു സ്പഷ്ടമാണല്ലോ. അമലോത്ഭവത്തെപ്പററി അക്വിനാസ് ചൂണ്ടിക്കാണിച്ചിരുന്ന ന്യൂനത ഒഴിവാക്കിയാണു് സഭയുടെ ഔദ്യോഗിക പ്രഖ്യാപനമുണ്ടായതെന്നു് ആ പ്രഖ്യാപനം പരിശോധിക്കുന്ന ആർക്കും കാണാവുന്നതാണു്. അക്വിനാസ് 19-ാം നൂററാണ്ടിൽ ജീവിച്ചിരുന്നെങ്കിൽ സഭയുടെ പ്രഖ്യാപനം അദ്ദേഹം സർവ്വാത്മനാ അനുകൂലിക്കുമായിരുന്നു എന്നു ന്യായമായി വിചാരിക്കാവുന്നതാണു്.

b) അമലോത്ഭവം 19-ാം നൂററാണ്ടിലെ ഒരു കണ്ടുപിടിത്തമല്ലായിരുന്നു എന്നും 13-ാം നൂററാണ്ടിലും അതിനു മുമ്പും സജീവമായി ചർച്ചചെയ്യപ്പെട്ടിരുന്ന ഒരു വിശ്വാസമായിരുന്നു എന്നുമുള്ള ചരിത്രസത്യത്തിനു് അക്വിനാസ് ഒരു സാക്ഷിയാണു്. സഭയുടെ കാതലായ വിശ്വാസസത്യങ്ങളെപ്പററി അഭിപ്രായവ്യത്യാസ

ങ്ങളും വാദപ്രതിവാദങ്ങളും സഭയിലുണ്ടാവുകയും അവസാനം സഭയുടെ ഔദ്യോഗികപ്രഖ്യാപനങ്ങൾ രൂപംകൊള്ളുകയുമാണ് സഭാചരിത്രത്തിൽ സംഭവിച്ചിട്ടുള്ളത്. അമലോത്ഭവത്തിന്റെ കാര്യത്തിലും അപ്രകാരം തന്നെ സംഭവിച്ചു. ഫ്രാൻസിസ്കൻ സമൂഹം ഒരു വശത്തും വി. ബെർനാഡിന്റെയും വി. അക്വിനാസിന്റെയും പക്ഷക്കാർ മറുവശത്തുമായി അമലോത്ഭവത്തെ സംബന്ധിച്ച് 13-ാം നൂറ്റാണ്ടിലും അതിനു ശേഷവും വാദപ്രതിവാദങ്ങൾ നടന്നിരുന്നു. ഇവരുടെ അഭിപ്രായഭിന്നത, മറിയാം മാതൃഗർഭത്തിൽ ഉരുവായ നിമിഷത്തിൽ തന്നെയാണോ അതിനു ശേഷം (ജനനത്തിനു മുമ്പ്) ഏതെങ്കിലും സമയത്താണോ ജന്മപാപത്തിൽ നിന്നു വിമുക്തയായത് എന്നു മാത്രമായിരുന്നു. മറിയാം ഉത്ഭവപാപമില്ലാത്തവളായിട്ടാണു ഭൂമിയിലേക്കു പിറന്നതെന്ന് വി. അക്വിനാസും (Summa Theol III, XXVii, 2) വി. ബേർണഡും (Ep, 174) പഠിപ്പിക്കുന്നുണ്ട്. അക്വിനാസിനെ ഇപ്പോൾ കൂട്ടുപിടിച്ചിരിക്കുന്ന ഫാ ജോർജ് അക്വിനാസിന്റെ ഈ അഭിപ്രായം—അതായത് മറിയാം ജന്മപാപമില്ലാത്തവളായിട്ടാണു ജനിച്ചതെന്നുള്ളത് —സ്വീകരിക്കുന്നില്ലെങ്കിൽ അതെന്തുകൊണ്ടാണെന്നും അദ്ദേഹം വ്യക്തമാക്കണം.

c) ദൈവമാതാവായ മറിയാമിനു ക്രിസ്തുവിൽക്കൂടെയുള്ള പരിത്രാണം ആവശ്യമില്ലായിരുന്നെന്നോ, മറിയാമിന്റെ ജനനം സ്ത്രീ പുരുഷബന്ധം മൂലമുള്ള സ്വാഭാവിക ജനനമല്ലായിരുന്നു എന്നോ കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. ക്രിസ്തുവിന്റെ രക്ഷാകരമായ യോഗ്യതകൾ മുഖാന്തിരം പാപസ്ഥിതിയിൽ വീണുപോകാതെ മുൻകൂട്ടി സംരക്ഷിച്ചുകൊണ്ടുള്ള പരിത്രാണമായിരുന്നു (Preservative redemption) മറിയാമിന്റേതു്. മാമോദീസായിൽ നമുക്കു ലഭിക്കുന്ന നല്വരം മറിയാമിന് തന്റെ ജനനത്തിന്റെ ആദ്യനിമിഷത്തിൽ തന്നെ നൽകപ്പെട്ടു എന്നാണിതിന്റെ അർത്ഥം. വചനമായ ദൈവത്തിനു വസിക്കുവാൻ എല്ലാ പ്രകാരത്തിലും അവൾ യോഗ്യയായിരിക്കുന്നതിനു വേണ്ടിയാണ് ഇപ്രകാരം ദൈവം അവളെ ഒരുക്കിയതു്. അതാവശ്യമായിരുന്നു, ദൈവത്തിനതു സാദ്ധ്യവുമായിരുന്നു. ദൈവമാതാവെന്ന പദവികൊണ്ടു മാത്രമാണ് മറിയാമിൽ പരമ്പരാഗതമായ ജന്മപാപത്തിന്റെ ശക്തിയെ ദൈവം തടഞ്ഞതു്. ദൈവമാതാവിന്റെ സ്ഥാനം മറ്റൊരാൾക്കു പകർന്നുകൊടുക്കാവുന്നതോ വേറൊരാളുമായി പങ്കിടാവുന്നതോ അല്ല. തന്റെ പുത്രന്റെ പരിശുദ്ധിയാണ് മുൻകൂട്ടി മറിയാമിനു ലഭിച്ച വിശുദ്ധീകരണത്തിന്റെ ഹേതു—സൂര്യൻ ചക്രവാളത്തിനടിയിൽ മറയുന്നതിനു മുമ്പ് ആകാശത്തെ ശോഭായമാനമാക്കുന്നതുപോലെ. ഡൺസ് സ്കോട്ടസ് എന്ന വേദശാസ്ത്രജ്ഞൻ പറയുന്നതുപോലെ ഏററവും പരിപൂർണ്ണനായ രക്ഷിതാവാണ് ക്രിസ്തു. തന്റെ മാതാവിനെ പരിപൂർണ്ണമായിട്ടുതന്നെ —അതായതു ജന്മപാപത്തിന്റെ കറയേൽക്കാതെ തന്നെ—ക്രിസ്തു സംരക്ഷിച്ചു.

d) തോമസ് അക്വിനാസിന്റെ ഒരഭിപ്രായം സഭ സ്വീകരിച്ചില്ലെങ്കിൽത്തന്നെ അതു "പരിതാപകര"മാകുന്നതു് എങ്ങനെയാണാവോ? സാർവ്വത്രികസഭയുടെ മല്പാനാണ് വി. തോമസ് അക്വിനാസ്, അതുല്യനായ മല്പാൻ. പക്ഷേ, അദ്ദേഹത്തിന് അപ്രമാദിത്വമില്ല. പിതാക്കന്മാർ പറയുന്നതെല്ലാം സഭ ഔദ്യോഗികമായി സ്വീകരിക്കണമെന്നില്ല. സഭാപിതാക്കന്മാർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ ഇതു സാദ്ധ്യവുമല്ലല്ലൊ. മനുഷ്യാവതാരത്തിനു ശേഷവും ദൈവമാതാവിൽ അല്പമായിട്ടെങ്കിലും പാപമുണ്ടായിരുന്നു എന്നു ധ്വനിക്കുത്തക്കവിധം വി. ക്രിസോസ്തം എന്ന സഭാ പിതാവ് പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. പ്രഗത്ഭനായ ഈ പിതാവിന്റെ അഭിപ്രായത്തെ അവഗണിച്ചാണ് ഓർത്തഡോക്സുകാരും മററും ദൈവ മാതാവിൽ പാപമില്ലെന്നു പറയുന്നതു് എന്നുള്ള ആരോപണത്തിനു ഫാ. ജോർജ് എന്തു സമാധാനം പറയുമെന്നറിയാൻ കൗതുകമുണ്ട്. ആ സമാധാനം അക്വിനാസിനെ സംബന്ധിച്ചും പ്രസക്തമായിരിക്കും. അമലോത്ഭവത്തെപ്പററിയുള്ള വി. തോമസ് അക്വിനാസിന്റെ അഭിപ്രായം കണ്ടുപിടിച്ച ഫാ. ജോർജ്ജ് കത്തോലിക്കാ വിശ്വാസത്തിന്റെ പരപ്പും ആഴവും കണ്ടെത്തുന്നതിന് പുണ്യവാനായ ആ പണ്ഡിതനെ കൂട്ടുപിടിക്കുമെങ്കിൽ എത്ര നന്നായിരിക്കും!

(തുടരും)

# കൊച്ചനുജത്തിക്കു ചേച്ചിയുടെ ഒരു കത്തു്

**C. P. Kunjannamma.**
Chamakkala Puthenparampil, Mylapra.

**(തിരുവനന്തപുരം അതിരൂപതയിൽ നിന്നും ജർമ്മനിയിലേക്കു പോയ പെൺകുട്ടികളിലൊരാൾ അനുജത്തിക്കയച്ചുകൊടുത്ത ഒരു കത്തു് പ്രസിദ്ധീകരണാർത്ഥം ഇവിടെ അയച്ചു തന്നതാണിതു്. സസന്തോഷം ഞങ്ങൾ ഇതുപ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.**

(പത്രാധിപർ)

എന്റെ പ്രിയപ്പെട്ട മിനീ!

ഏകദേശം ഒരു വർഷത്തെ കാത്തിരുപ്പിനുശേഷം നമ്മുടെ നാടിനോടും വീടിനോടും ആറു വർഷത്തേക്കു വിടവാങ്ങിക്കൊണ്ടു് ഓഗസ്റ്റ് നാലാം തീയതി ബുധനാഴ്ച തിരുവനന്തപുരത്തു നിന്നും വല്യേച്ചിയും കൂട്ടുകാരും വിദൂരമായ ജർമ്മനിയിലേക്കു യാത്രതിരിച്ചതു് മോളു കണ്ടുവല്ലോ. യാത്രയുടെ വിവരണം മോൾക്കു കേൾക്കണം അല്ലേ? ശ്രദ്ധിച്ചു കേട്ടുകൊള്ളണം.

തിരുവനന്തപുരത്തു നിന്നും ബുധനാഴ്ച പന്ത്രണ്ടുമണിക്കാണല്ലോ വല്യേച്ചിയും കൂട്ടുകാരും നിങ്ങൾക്കെല്ലാവർക്കും "ററാ-ററാ"യും തന്നു് യാത്രതിരിച്ചതു്. ആദ്യത്തെ വിമാനയാത്രയായിരുന്നതുകൊണ്ടു് ഞങ്ങൾക്കു സ്വല്പം പേടിയുണ്ടായിരുന്നു. എന്നാൽ അതിലിരുന്നുകൊണ്ടു് കുന്നുകളും താഴ്വരകളും ദർശിച്ചപ്പോൾ പേടിയെല്ലാം മധുരസ്വപ്നമായി മാറുകയായിരുന്നു. പച്ചപ്പുരവതാനി വിരിച്ച നമ്മുടെ കൊച്ചുകേരളം കടന്നപ്പോൾ വാസ്തവത്തിൽ നെടുവീർപ്പുകൾ ഉയരാതിരുന്നില്ല. അങ്ങനെ വല്യേച്ചിയുടെ ജന്മനാടിനെ സങ്കടത്തോടുകൂടി പിൻതള്ളിക്കൊണ്ടു് ഞങ്ങൾ ഏകദേശം രണ്ടരമണിയോടുകൂടി മദ്രാസിൽ വന്നു ചേർന്നു. ഞങ്ങളെ കാത്തു് 'Air India Travells'-ലെ രണ്ടു ഉദ്യോഗസ്ഥർ നില്ക്കുന്നുണ്ടായിരുന്നു. അവരാരായിരുന്നെന്നു മോൾക്കറിയാമോ. Mr. R. C. Nair-ഉം Miss Anna John-ഉം. കുറച്ചു സമയത്തെ വിശ്രമത്തിനു ശേഷം ഞങ്ങൾ ഒരു വാനിൽ യാത്രതിരിച്ചു. മനോഹരങ്ങളായ കെട്ടിടങ്ങളും നഗരവീഥികളും പിന്നിട്ടുകൊണ്ടു് ഞങ്ങളുടെവാൻ ഒരു കൂററൻ സൗധത്തിന്റെ മുമ്പിൽ ചെന്നുനിന്നു. അതാണു് പ്രസിദ്ധമായ അശോകാ ഹോട്ടൽ. അവിടെ ഞങ്ങൾക്കെല്ലാവർക്കും എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ ഒരു മുറിയും കിട്ടി. ഉറക്കവും കുളിയും ഊണും കഴിഞ്ഞു് $7\frac{1}{2}$ മണിയോടുകൂടി ഞങ്ങൾ ആ വാനിൽതന്നെ മദ്രാസ് വിമാനത്താവളത്തിൽ വന്നുചേർന്നു രാത്രിയായപ്പോഴേക്കും എന്റെ ചിന്ത അമ്മച്ചിയുടേയും മിനിയുടേയും സമീപം ചുററിപ്പററുകയായിരുന്നു. ടിക്കററും പാസ്സുപോർട്ടുമെല്ലാം പരിശോധിച്ചശേഷം $10\frac{1}{2}$ മണിയോടുകൂടി ഞങ്ങളെല്ലാവരും മദ്രാസിനോടു യാത്രപറഞ്ഞു് വിമാനത്തിൽ കയറി സ്ഥലം പിടിച്ചു. ഏകദേശം. നാനൂററിയമ്പതു ആളുകൾ ഉൾക്കൊള്ളുന്നതായിരുന്നു ആ വിമാനം. ഒരു വലിയ ഇരമ്പലോടുകൂടി ഞങ്ങളും ഞങ്ങളുടെ വിമാനവും മനോഹരമായ ബോംബേനഗരത്തെ ലക്ഷ്യമാക്കിപ്പറന്നു. വല്യേച്ചി വിമാനത്തിന്റെ രണ്ടു വശത്തുമുള്ള വിള്ളലുകളിൽക്കൂടി അഗാധതയിലേക്കു നോക്കി. എന്തു കാണാനാണു്. ഭൂമിയിൽ നിന്നു അനേകായിരം അടി ഉയരത്തിൽ പറക്കുന്ന സമയത്തു്, അതും കൂററിരുട്ടത്തു്. നോക്കിയതുതന്നെ അവിവേകമല്ലേ? പ്രകൃതിസൗന്ദര്യം കണ്ടാസ്വദിക്കാൻ സാധിക്കാത്തതിലുള്ള ഖേദംകൊണ്ടും നിദ്രാദേവിയുടെ സാമീപ്യം കൊണ്ടും രാത്രിയെ ശപിച്ചുകൊണ്ടു് വല്യേച്ചിയും കുറെ കൂട്ടുകാരും നിദ്രക്കധീനരായി. എന്നാൽ കുറച്ചുപേർ ഛർദ്ദിലുമായി മല്ലിടുകയായിരുന്നു. മററു കുറേപ്പേർ ചെവിയിൽ നിന്നും പഞ്ഞിപോകാതിരിക്കാനുള്ള സംരംഭത്തിൽ ഏർപ്പെട്ടിരിക്കുകയായിരു

ന്നു. ഉദ്ദേശം പന്ത്രണ്ടര മണിയോട്ടുകൂടി ''ഞാൻ വരുന്നുണ്ട്'' എന്നറിയിക്കുമാറുള്ള ഒരു ശബ്ദത്തോട്ടുകൂടി ഞങ്ങളുടെ വിമാനം ബോംബെയിൽ ചെന്നുനിന്നു. ഞങ്ങളെല്ലാവരും ബാഗും തൂക്കിയെടുത്ത് വിമാനത്തിൽ നിന്നിറങ്ങി. മനോഹരമായ ഒരു മുറിയിലാണു ഞങ്ങൾ വിശ്രമിക്കാൻ ചെന്നിരുന്നതു്. ശീതളപാനീയം കുടിച്ചു് ക്ഷീണവും ദാഹവും തീർത്തു ഞങ്ങൾ വേറൊരു വലിയ വിമാനത്തിൽ കയറി സ്ഥലമൊരുക്കി.

പ്രിയപ്പെട്ട മിനി! ഇനിയും മിനിയുടെ വല്യേച്ചി എവിടേക്കാണു പോകുന്നതെന്നു മോൾക്കറിയാമോ. കേരളവും ബോംബേയും മാത്രമല്ല ഞങ്ങൾക്കു തരണം ചെയ്യേണ്ടതു്. ഇൻഡ്യാമഹാരാജ്യവും ഏഷ്യാഭൂഖണ്ഡവും തരണം ചെയ്തെങ്കിൽ മാത്രമേ ജർമ്മനിയുടെ ജന്മനാടായ യൂറോപ്പിൽ എത്താൻ സാധിക്കൂ. എന്തിനു പറയുന്നു. ഒന്നര മണിയോടുകൂടി ഞങ്ങൾ അവിടെ നിന്നും വിടവാങ്ങി.

നീലാഴികളും മററും തരണംചെയ്തു് സ്വച്ഛസുന്ദരമായ വിഹായസ്സിൽ കൂടി ഞങ്ങളേയും കൊണ്ടു് ഞങ്ങളുടെ വിമാനം ശീഘ്രം പാഞ്ഞപ്പോൾ വല്യേച്ചി മിനിയുടെ അരികിലായിരുന്നു. ഉണർന്നപ്പോൾ ഞങ്ങളുടെ വിമാനം താഴെയായിരുന്നു. എവിടെയാണിറങ്ങിയതെന്നു പറയാം. ബൈബിൾ മുഖേനയും അല്ലാതെയും പ്രസിദ്ധി ആർജ്ജിച്ചിട്ടുള്ള ലബനോൻ. ഇതിനോടകം യേശുക്രിസ്തുവിൻെറ പാദപാംസുക്കളാൽ പരിപാവനമാക്കപ്പെട്ട പാലസ്തീനും കഴിഞ്ഞിരുന്നു.

ഞങ്ങൾ മാത്രം ശീതളപാനീയങ്ങളും ആഹാരസാധനങ്ങളും കഴിച്ചാൽ പോരല്ലോ! ഞങ്ങളുടെ വിമാനത്തിനും ദാഹവും ക്ഷീണവും ഇല്ലേ? ഞങ്ങളെയും വഹിച്ചുകൊണ്ടു പറക്കണമെങ്കിൽ അതിനും കുറേ ശക്തി അത്യാവശ്യമാണു് ഇതിനും കൂടിയാണു് വിമാനം പല സ്ഥലത്തും ഇറങ്ങുന്നതു്.

നാലര മണിയോടുകൂടി ഞങ്ങൾ വീണ്ടും യാത്ര ആരംഭിച്ചു. പ്രകൃതിരമണീയമായ കുന്നുകളും താഴ്വരകളും സമ്പത്സമൃദ്ധി നിറഞ്ഞുനില്ക്കുന്ന ചെറുപട്ടണങ്ങളും പിന്നിലാക്കൊണ്ടു് ഞങ്ങൾ പറന്നു. അപ്പോഴേക്കും നേരം പുലർച്ചയായിരുന്നു. സൂര്യഭഗവാൻ തൻെറ ചെങ്കതിരുകൾ വീശി ഞങ്ങളെ ആശീർവദിച്ചു. അങ്ങനെ ആറര മണിയോടുകൂടി ഞങ്ങൾ മനോഹരിത നിറഞ്ഞതും സുപ്രസിദ്ധവുമായ റോമായിൽ വന്നുചേർന്നു.

റോമിനൊരു വിശേഷത കൂട്ടതൽ എന്താണെന്നു മിനിക്കറിയാമോ? അവിടെയാണു് നമ്മുടെ വത്തിക്കാൻ കൊട്ടാരവും പരിശുദ്ധ പിതാവു് പോൾ ആറാമൻ മാർപ്പാപ്പാ തിരുമേനിയും. കൂടാതെ പുരാതന കാലം മുതല്ക്കേ റോം സംസ്കാരത്തിൻെറയും പരിഷ്കാരത്തി

**For favours received**



**Inserted by**
**P. A. T.**

ൻെറയും കേന്ദ്രംകൂടിയാണു്. സാരിയും ബ്ലൗസുമിട്ടു് വിമാനത്തിൽ നിന്നിറങ്ങിയ കേരളീയ വനിതകളെ അവർ ആകാംക്ഷയോട്ടുകൂടി വീക്ഷിക്കുകയായിരുന്നു. സ്വല്പസമയത്തെ വിശ്രമത്തിനു ശേഷം ഞങ്ങൾ ഓരോരുത്തരും സീററിൽതന്നെ സ്ഥലം പിടിച്ചു.

തിരുവനന്തപുരത്തു നിന്നു ഏതു സ്ഥാനത്തേക്കു പോകാനാണോ ഞങ്ങൾ ഉദ്ദേശിച്ചിറങ്ങിയതു് അവിടേക്കു പോകാനായിരുന്നു ഞങ്ങളുടെ അടുത്ത ശ്രമം. അതായതു്

ഫ്രാങ്ക്ഫർട്ടിലേക്ക്. സ്നേഹത്തിൻെറ മുന്തിരിച്ചാർ പകൻനുതരുന്ന എയർഹോസ്റ്റസിനോട്ടു സംസാരിച്ചും അതിമനോഹരമായ മദ്ധ്യധരണ്യാഴിയും അതി വിസ്തൃതമായ പൈൻ മരങ്ങളും കണ്ടാസ്വദിച്ചും നല്ലൊരു നാളെയെ സ്വപ്നം കണ്ടുകൊണ്ടും സ്വച്ഛസുന്ദരമായ വിഹായസ്സിൽ കൂടി പറന്നു് ഞങ്ങളും ഞങ്ങളുടെ വിമാനവും ആരെയും അത്ഭുത പരിതന്ത്രരാക്കത്തക്കവിധത്തിൽ ജനബാഹുല്യമുള്ള ഫ്രാങ്കഫർട്ടിൽ വന്നിറങ്ങി. ഇറങ്ങിയപ്പോൾ ഞങ്ങൾ ദർശിച്ചതു് എല്ലാവരുടേയും അത്ഭുതാവഹമായ നോട്ടമാണു്. കേരളീയ വനിതകൾ ചിലപ്പോൾ അവക്കൊരു കാഴ്ചവസ്തുവായിരിക്കാം. ഈ സമയം കൊണ്ടു് ഞങ്ങൾ എത്രയോ പേരുടെ ക്യാമറസ്സുകളിൽ കടന്നുകൂടിയെന്നോ? പക്ഷേ ഞങ്ങൾക്കു് അതിലൊന്നുമല്ലായിരുന്നു ശ്രദ്ധ. ബഹു. ഫാ. ഡെബാററിനേയും തിരഞ്ഞുകൊണ്ടു് ഞങ്ങളുടെ കണ്ണുകൾ ജനക്കൂട്ടത്തിൻെറ ഇടയിൽകൂടി പാഞ്ഞു നടന്നു. (ജർമ്മനിയിൽ നിന്നും കേരളം സന്ദർശിച്ച ആളാണു് ബഹു. ഫാ. ഡെബാററിൻ) അപ്പോൾ നമ്മുടെ കൊച്ചു കേരളത്തിൻെറ പ്രതീതി ഉണ്ടാക്കത്തക്കവിധത്തിൽ ഒരു ''മലയാള വർത്തമാനം'' കേട്ടു. കൊച്ചുമിനീ, അതുകേട്ടപ്പോൾ ഞങ്ങൾ സ്വർഗ്ഗത്തിലാണെന്നു തോന്നിപ്പോയി. കാര്യമെന്തെന്നോ? അറിയപ്പെടാത്ത ഒരു രാജ്യത്തിൽ നാം ചെല്ലുമ്പോൾ നമ്മുടെ കേരളീയരെ ഒന്നു കാണുമ്പോഴും ആ മലയാളഭാഷയൊന്നു കേൾക്കുമ്പോളുമുള്ള ആനന്ദം അവർണ്ണനീയമാണു്. അതാരായിരുന്നെന്നോ? നമ്മുടെ ബഹു. ജോസഫ് ഞായപ്പുരച്ചനായിരുന്നു. കൂടാതെ ഇവിടുത്തെ ബഹു. സിസ്റ്റേഴ്സും യൂണിവേഴ്സിററി 'ഡിറക്ടറും' ഞങ്ങളെ സ്വീകരിക്കാനെത്തിയിട്ടുണ്ടായിരുന്നു.

പ്രിയപ്പെട്ട മിനീ! ഇതുകൊണ്ടും ഞങ്ങളുടെ യാത്ര അവസാനിച്ചില്ല. ഞങ്ങൾ മുപ്പതുപേർ താമസിക്കാൻ നിശ്ചയിച്ചിരുന്നതു് പശ്ചിമ ജർമ്മനിയുടെ തലസ്ഥാനമായ ബോണിലായിരുന്നു. ഞങ്ങളെല്ലാവരുംകൂടി ഒരു വാനിൽ കയറി യാത്ര ആരംഭിച്ചു. പോകുന്നവഴി എന്തെല്ലാം കാഴ്ചകൾ കാണാനുണ്ടെന്നു മോൾക്കറിയാമോ? ഭൂമിശാസ്ത്രപരമായി പ്രസിദ്ധി ആർജ്ജിച്ചിട്ടുള്ള റൈൻ നദീതീരത്തിലൂടെയായിരുന്നു ഞങ്ങൾ ബോണിലേക്കു വന്നതു്. ആ നദിയും അതിലെ ബോട്ടുകളും കാണാൻ എന്തൊരഴകാണെന്നറിയാമോ? അതുപോലെതന്നെ അഴകേറിയ പൂന്തോട്ടങ്ങളും മററും കടന്നുപോയപ്പോൾ എനിക്കു തോന്നി ജർമ്മനി പൂക്കളുടെ റാണിയാണെന്നു്. വയലിൽ നെല്ലുവിളഞ്ഞുകിടക്കുന്നതുപോലെയാണു് ഇവിടെ കാറുകൾ നിരന്നു കിടക്കുന്നതു്. ഏതായാലും മൂന്നര മണിയോടുകൂടി ഞങ്ങളെല്ലാവരും Universitats Nerven Klinik-ൽ വന്നുചേർന്നു.

സ്നേഹം നിറഞ്ഞ മിനിമോളെ! ഇങ്ങനെയായിരുന്നു വല്യേച്ചിയുടേയും കൂട്ടുകാരുടേയും ജർമ്മൻ യാത്ര. എന്താ കേട്ടിട്ടു വരണമെന്നു തോന്നുന്നുണ്ടോ? പിന്നെ മോടെ വല്യേച്ചിക്കും കൂട്ടുകാർക്കും വേണ്ടി എന്നുമെന്നും ഉണ്ണി ഈശോയോടു പ്രാർത്ഥിക്കണം. ആ സ്നേഹനാഥനിൽ ആശ്രയിച്ചാൽ അങ്ങു് നമ്മുടെ എല്ലാ കാര്യങ്ങളും സാധിച്ചുതരും. മോടെ പിഞ്ചുഹൃദയം ഈശോയിലേക്കുയർത്തുക. അതുപോലെതന്നെ ചേച്ചിമാരെ ജർമ്മനിയിൽ വിടാൻ അവിരാമപരിശ്രമം ചെയ്ത വന്ദ്യപിതാവിനും ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും പ്രത്യേകിച്ചു്. ബഹു. ലോറൻസച്ചനുവേണ്ടിയും മോൾ പ്രാർത്ഥിക്കണേ.

ഞാൻ വരുമ്പോൾ ഒരു പക്ഷേ നീയെന്നെ അറിയുകയില്ലായിരിക്കും. ആറുവർഷം നീണ്ട ഒരു കാലാവധിയല്ലേ! ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെല്ലാവരും മുൻപന്തിയിൽ തന്നെ നില്ക്കും. ചേച്ചിപറഞ്ഞ എല്ലാ കാര്യങ്ങളും മോടെ പിഞ്ചു ഹൃദയത്തിൻെറ ഭിത്തിയിൽ പതിപ്പിക്കണം. എന്താ വിവരണം മതിയാക്കട്ടെ. ഇനിയും ഇവിടുത്തെ വിശേഷങ്ങൾ യഥാവസരം മോളെ അറിയിക്കാം.

# ഒരു പ്രാർത്ഥന

[റവ. ഫാ. ഈപ്പൻ കപ്പാശ്ശേരിൽ]

നരനായിപിറന്നോരു വരവേഷം പൂണ്ടൊരു
പരമേശൻ ഈശ്വരൻ മറിയസുതൻ
സുരലോക ശക്തിയാൽ വളരുന്ന വേളയിൽ
നരവൃന്ദം വിരവോടു ചെയ്തതെന്തെ
ഉരിയകൊണ്ടൊരുനേരം വിരവോടു
പുലരുവാൻ
തെരുതെരെ തിരയുന്ന പല വേഷക്കാർ
പരിഹാസം പരിചോടെ പലരിലും
പതിക്കുന്നു
നരനെന്നിൻ ഭാഷണം പരമാശ്ചര്യം!
പറവക്കും പാമ്പിനും പല വഴിപോക്കർക്കും
പലവഴി കരുതുന്ന പെരിയദേവൻ
നരസുതശിരസ്സിന്നോ ചായ്‌വാൻ സ്ഥല
തരമില്ല ധരണിയിൽ ഗതികേട്ടതാൻ [മില്ല
നരനായോരീശോയാം പരമേശൻ തന്നുടെ
കുരിശിന്മേൽ ശിരസ്സിനെ ചേർത്തണച്ചു.
ഒരുനേരം ശരിയായി പരിചിന്തചെയ്യുകിൽ
സുരലോകം ധരണിയിൽ പരിശേഷിക്കും
അരുവികൾ പകരുന്ന ജലധാരമൂലമായ്
ഗിരിയിലെ കന്മഷം വാരിധിയിൽ
പെരുതായെന്നകതാരിൽ പുലരുന്ന
പാപങ്ങൾ
കരുണയാൽ ദൂരവേ മാററിടണേ.
കരുണാകരനാകും പരമേശാ സന്നിധി
ശരണം ഞാൻ ചേരുവാൻ കഴിയണമേ.
കുരിശിന്മേലൊരുദേവൻ "ഈൗൽ ഈൗൽ"
എന്നുള്ളൊരു
കരുണാർദ്ര രോദനം വർഷിച്ചപ്പോൾ
ഗുരുചര്യാതല്പര ശ്രേഷ്ഠജനങ്ങളും
നിരതരായ്നിന്നങ്ങു ക്രുകിയാത്തു-
പരമാത്ഥംകലരുന്ന ഹൃദയത്തിൽപരിശാന്തി
ചിരകാലം കാണുവാൻ കനിയേണമേ.
വരമേക താരകവൃന്ദങ്ങളെപ്പോലെ
പരിലസിച്ചീടുവാൻ പാരിടത്തിൽ.

**For favours received. Inserted by**



JOY,
Chandanapally.

KUNJOONJAMMA,
Keekozhoor

# 'വായന' മുടക്കരുതു്

(റവ. ഫാ. ഡാനിയൽ അയ്യനേത്തു് M. A., L. Ph., L. D.)

നല്ല പാരമ്പര്യം പുലരണം; ദുഷിച്ച പാരമ്പര്യം നിലയ്ക്കണം. സകലരും സമ്മതിക്കുന്ന കാര്യമാണിതു്. എന്നാൽ തത്വം ചിലപ്പോൾ പ്രയോഗത്തിൽ വരുത്താറില്ലെന്നു മാത്രം. ഒരു സംഗതി ഉന്നം വച്ചാണു ഞാൻ പറയുന്നതു്. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട സഹോദരങ്ങളെ സ്പർശിക്കുന്ന കാര്യമാണതാനും. തൊട്ടതിനൊക്കെ "വികാരിയോടും" ഇടവകക്കാർ തങ്ങളിലും വഴക്കടിക്കുന്ന ഒരു ദുഷിച്ച പാരമ്പര്യവും പേറിക്കൊണ്ടാണു് പലരും കത്തോലിക്കാസഭയിലേക്കു കടന്നു വന്നിട്ടുള്ളതു്. ആ പാരമ്പര്യം അഭംഗം തുടരാനും ചിലർ ഉത്സുകരാണു്. "പ്രമാണിത്വം" ചമയാനാഗ്രഹിക്കുന്ന ചില വങ്കന്മാരും പുങ്കന്മാരുമായിരിക്കും ഈ 'കലഹ'നാടകത്തിലെ 'സൂത്രധാരന്മാർ'. ഈ മൗഢ്യവും 'അല്പത്വവും' ഉരിഞ്ഞുകളഞ്ഞു് സുബോധവും ഔന്നത്യവും ധരിക്കേണ്ട കാലം അമാന്തിച്ചു. അതങ്ങനെ നില്ക്കട്ടെ. ഒരു നല്ല പാരമ്പര്യം പുലരേണ്ട കാര്യം പറയാനാണു ഞാനൊരുമ്പെട്ടതു്. അതു പറഞ്ഞുതുടങ്ങാം.

"ദൈവത്തിന്റെ ദിനമായ" ഞായറാഴ്ച പാവനമായി ആചരിക്കുന്ന പതിവു് നമുക്കുണ്ടു്. അന്നു രാവിലെ ദൈവാലയങ്ങളിൽ പോയി ദിവ്യകർമ്മങ്ങളിൽ സംബന്ധിച്ചു് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഇതിനു പുറമേ, ഉച്ചകഴിഞ്ഞു 'വായന' നടത്തുന്ന ഒരു പതിവുണ്ടായിരുന്നു. ഓരോ ഇടവകയിലുമുള്ള ആളുകൾ ഒരു സ്ഥലത്തോ സൗകര്യംപോലെ പല സ്ഥലത്തോ സമ്മേളിക്കുക, വേദപുസ്തകത്തിലെ ഭാഗങ്ങൾ വായിക്കുക, സങ്കീർത്തനങ്ങൾ ഉരുവിടുക, പ്രാർത്ഥനകൾ ചൊല്ലുക, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം പുലർത്തി പിരിഞ്ഞു പോകുക. ഇതിനാണു് 'വായന' എന്നു പറഞ്ഞു വരുന്നതു്. എത്ര നല്ലൊരേർപ്പാടു്! മഹത്തായ പാരമ്പര്യം. എന്നാൽ എങ്ങനെ ഈ പതിവിനു പലെടത്തും മുടക്കം വന്നുതുടങ്ങിയെന്നു ഗ്രഹിക്കാൻ പ്രയാസം.

ഇപ്പോൾ ഇക്കാര്യം പറയാൻ ഒരു പ്രത്യേക കാരണമുണ്ടു്. ജപാപ്പസ്തോലികസഖ്യത്തിന്റെ സെപ്റ്റംബർ മാസത്തിലെ നിയോഗം താഴെ പറയും പ്രകാരമാണു്: "സഭയുടെ നിർദ്ദേശപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടു് വേദപുസ്തകം വായിക്കുകയും അതിനെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുന്ന തഴക്കം ക്രിസ്ത്യാനികളിൽ വളർന്നുവരാൻവേണ്ടി" പ്രാർത്ഥിക്കണം. "ദൈവവചനവും വെളിപാടിന്റെ കലവറയും ദിവ്യസത്യങ്ങളുടെ രത്നാകരവുമായ വേദപുസ്തകം വായിക്കുന്നതിൽ ക്രിസ്ത്യാനികൾ, പ്രത്യേകിച്ചു് കത്തോലിക്കർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്നു ഈ നിയോഗം വെളിപ്പെടുത്തുന്നു. വളരെ ശോചനീയമായ ഒരു കാര്യമാണിതു്. ആദിമസഭയിൽ വേദപുസ്തകപാരായണത്തിനു വലിയ സ്ഥാനം നല്കിയിരുന്നു. വേദപുസ്തകപണ്ഡിതനായിരുന്ന ജറോം തന്റെ ഒരു ശിഷ്യനയച്ച കത്തിൽ ദിവസേന വേദപുസ്തകം വായിക്കണമെന്നു മാത്രമല്ല പറയുന്നതു്. വായിച്ചു വായിച്ചു ഉറക്കം വന്നാൽ വേദപുസ്തകത്തിന്റെ താളുകളിൽ മുഖം ചായിച്ചുറങ്ങാൻ പോലും അദ്ദേഹം പറയുന്നു. വേദപുസ്തകത്തെക്കുറിച്ചു് മാർപ്പാപ്പാമാർ പുറപ്പെടുവിച്ചിട്ടുള്ള ചാക്രികലേഖനങ്ങളിലെല്ലാം വേദപുസ്തകപാരായണത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

ദിവസേന വീട്ടിൽ വേദപുസ്തകം വായിക്കുന്നതു നല്ലതാണു്. ഒരുപക്ഷേ അതിനുള്ള സാഹചര്യം എല്ലാവർക്കും സിദ്ധിച്ചെന്നു വരില്ല. അക്കുറവു് 'വായന' നികത്തും. അതിനാൽ ഈ 'വായനയ്ക്കു്' മുടക്കം വരുത്തരുതെന്നുള്ള ആത്മാർത്ഥമായ അഭ്യർത്ഥന ഞാൻ പുറപ്പെടുവിക്കുകയാണു്. ഇതിനകം മുടങ്ങിപ്പോയിട്ടുള്ളിടത്തെല്ലാം ഇതു് പുനരാരംഭിക്കുകയും ചെയ്യുക. നമ്മുടെ പുനരൈക്യപ്രസ്ഥാനം വളർത്താനുതകുന്ന ഒരു മുഖ്യമാർഗ്ഗമായി ഇതു പരിണമിക്കാതിരിക്കുകയില്ല.

# ധ്യാനചിന്തകൾ

## (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ)

### ഭക്തിമാർഗ്ഗം

### III

#### മായാതത്വം

ശലോമോൻെറ സഭാപ്രസംഗി 1-ാം അദ്ധ്യായം 2-ാം വാക്യം:— (Ecclesiastes) "ഹാ മായ, മായ, സകലവും മായയത്രെ".

---

ശലോമോൻരാജാവിൻെറ ഈ പുസ്തകം 12 അദ്ധ്യായമായി തിരിച്ചിരിക്കുന്നു. ആദിയോടന്തം അതിൽ പ്രതിപാദിക്കുന്നതു് മായയെപ്പററിയാണു്.

കാണപ്പെടുന്ന ഭൗതികത്തിന്നപ്പുറം, നമുക്കതീതമായ ഏതോ ഒന്നു് സ്ഥിതിചെയ്യുന്നു. അതിനെ നാം ദൈവമെന്നു പറകയും ചെയ്യുന്നു. ആ ഒന്നു് മനുഷ്യൻെറ ചിന്താഗതികളേയും വാക്കുകളേയും കർമ്മങ്ങളേയും എത്രയോ അധികം സ്വാധീനിക്കുന്നുവെന്നു് എല്ലാ മതങ്ങളിലുമുള്ള ആചാരാനുഷ്ഠാനങ്ങൾ തന്നെ പ്രസ്പഷ്ടമാക്കുന്നുണ്ടു്. കാണപ്പെടാത്ത ആ ഒന്നിനെ അറിയുന്നതിനുള്ള ശ്രമത്തിൽ, വിലങ്ങുതടിയായി നില്ക്കുന്നതു് ഏതോ അതാണു് മായ. ഈ മായ വെറും ശൂന്യമാണോ? ദൈവം സൃഷ്ടിച്ചതായ ഈ ജഗത്തു് ശൂന്യമാണെന്നു് എങ്ങനെ പറയും. സൃഷ്ടിക്കു മുമ്പുതന്നെ ഈ ജഗത്തു് ദൈവത്തിൻെറ ചിന്തയിലുണ്ടായിരുന്നു. എന്നാൽ ഇതു് ശാശ്വതമല്ല. വെളി. 21, 1-ൽ "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല". എന്നു പറഞ്ഞിരിക്കുന്നു. ഈ ജഗത്തു് ശൂന്യമല്ലെങ്കിലും മാററമുള്ളതാണെന്നു് പ്രസ്തുത വാക്യത്തിൽ കാണുന്നു. മാററമുള്ളതിനു് കാരണം കൂടാതെ ഉത്ഭവിക്കുന്നതിനോ നിലനില്ക്കുന്നതിനോ സാദ്ധ്യമല്ല. ആ കാരണത്തെയാണു് നാം ദൈവമെന്നു പറയുന്നതു്. ദൈവത്തിനു് യാതൊരു കാരണത്താലും മാററമുണ്ടാകുന്നതല്ല. ദൈവത്തിൻെറ നിലനില്പിനു് ഒരിക്കലെങ്കിലും കാരണം വേണ്ടിവന്നിട്ടില്ല. അനാദിയായി, കാരണം ഇല്ലാത്തവനും, സർവ്വത്തിൻെറയും കാരണവും ആയി ദൈവം നിത്യം നിലനില്ക്കുന്നു. ദൈവത്തിൻെറ സാന്നിദ്ധ്യവും, ശക്തിയും, പരിപാലനയും ജഗത്തിൽ നിന്നു് മാററിക്കളഞ്ഞാൽ ജഗത്തു് ശൂന്യമാകും. ദൈവത്തെക്കൂടാതെ നിലനില്ക്കാൻ കഴിയാത്തതും മാററങ്ങളുള്ളതുമായ ജഗത്തിനെയത്രെ മായയെന്നു പറയുന്നതു്. ദൈവമാകുന്ന ആത്മസത്തയെ (Divine essence) മറക്കുകയും എന്നാൽ അല്പാല്പമായി വെളിപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണു് മായ. ദൈവശക്തിയുടെയും പരിപാലനയുടെയും, സാന്നിദ്ധ്യത്തിൻെറയും വ്യാപാരം ഇല്ലെങ്കിൽ ഈ ജഗത്തു് ഇല്ല.

മായകൊണ്ടുള്ള പ്രയോജനമെന്തു്. അതിൻെറ ഉത്തരം കണ്ടുപിടിക്കാൻ മനുഷ്യൻെറ ജീവിതലക്ഷ്യമെന്തെന്നറിയണം. ഈ ലക്ഷ്യം യോഹ. 17, 3 ലും 21 ലും കാണാം. അതു ദൈവസാക്ഷാത്ക്കാരം എന്നു പറയാവുന്ന ഒരു ജ്ഞാനവും ഒരു ഐക്യവുമത്രെ. അതുതന്നെയാണു് നിത്യജീവൻ. യേശുക്രിസ്തുവിൻെറ ഈ അഭിപ്രായം സ്വീകരിക്കമെങ്കിൽ ഇന്ദ്രിയസുഖമല്ല മനുഷ്യൻെറ ജീവിതലക്ഷ്യമെന്നും പിന്നെയോ ദിവ്യജ്ഞാനമാണെന്നും ഗ്രഹിക്കാം. ഇന്ദ്രിയസുഖത്തിലേക്കല്ലാ ദൈവസാക്ഷാത്ക്കാരത്തിലേക്കാണു് മനുഷ്യൻ നീങ്ങിക്കൊണ്ടിരിക്കുന്നതെന്നും മായയോടുള്ള ബന്ധത്തിൽ ഉണ്ടാകുന്ന സുഖവും ദുഃഖവും മനുഷ്യൻെറ അദ്ധ്യാപകന്മാരാണെന്നും നന്മയെന്നും തിന്മയെന്നും നാം പറയുന്നവയിൽനിന്നു് വളരെക്കാര്യങ്ങൾ പഠിക്കാനുണ്ടെന്നും നാം അറിയണം. മായയിൽക്കൂടെ നാം കടന്നുപോകുമ്പോൾ നമ്മിൽ പതിയുന്ന വിവിധങ്ങളായ ചിത്രങ്ങളുടെ സംയുക്തഫലമായി 'സ്വഭാവം' എന്നൊന്നു് നമ്മിൽ ഉളവാകുന്നു. എന്താണു് ഈ സ്വഭാവം? മനുഷ്യൻെറ സംസ്കാരങ്ങളുടെ ആകെത്തുകയാണു്. നിത്യതയ്ക്കുവേണ്ടിയുള്ള ഈ സ്വഭാവരൂപീകരണത്തിൽ മായയിൽ

കൂടിയുള്ള ഈ യാത്ര സാരമായ പങ്കുവഹിക്കുന്നു. സുഖവും ദുഃഖവും തുല്യപങ്കുവഹിക്കുന്നുണ്ടു്. ചിലപ്പോൾ സുഖത്തെക്കാൾ കൂടുതൽ ദുഃഖങ്ങളാണു് മഹാന്മാരിൽ അന്തർലീനമായിരുന്ന വീര്യാഗ്നി വെളിയിൽ കൊണ്ടുവന്നിട്ടുള്ളതു്. പലപ്പോഴും പ്രഹരങ്ങളാണു് സ്തുതികളെക്കാൾ ഒരു മനുഷ്യന്റെ യോഗ്യത പ്രത്യക്ഷപ്പെടുത്തുന്നതിനു് സഹായമായികാണുന്നതു്. കത്തോലിക്കാസഭയിലെ പുണ്യാത്മാക്കളുടെ ജീവചരിത്രം പഠിക്കുമ്പോൾ ഇങ്ങനെ ഈ മായയിൽക്കൂടിയുള്ള യാത്രയിൽ ഉണ്ടായിട്ടുള്ള നന്മതിന്മകളോടുള്ള പ്രതികരണം അവരെ ആ സ്ഥാനങ്ങളിൽ എത്തിച്ചതായി കാണാം.

ഭക്തിമാർഗ്ഗത്തിൽ മായയ്ക്കുള്ള സ്ഥാനം എന്താണെന്നു ഇപ്പോൾ ഗ്രഹിച്ചുകാണും. ഈ മായാപ്രപഞ്ചത്തിൽനിന്നും ജ്ഞാനമണ്ഡലത്തിലേക്കു് (ദൈവത്തിലേക്കു്) കടന്നുപോകുവാൻ സ്ഥാപിച്ചിരിക്കുന്ന പാലമാണു് പിതാവായ ദൈവത്തിന്റെ ദാനമായ ക്രിസ്തു (യോഹ. 14, 6). ദൃശ്യമായിരിക്കുന്ന ഈ മായയിലുള്ള മനുഷ്യന്റെ ജീവിതം എത്രയോ പരിമിതികൾ ഉള്ളതു്! ആവശ്യങ്ങളും, അസ്വസ്ഥതകളും, അസംതൃപ്തികളും, ദുഃഖങ്ങളും നിറഞ്ഞിരിക്കുന്ന ഈ മായ മനുഷ്യനെ ഉയന്ന ഒരു ആശാകേന്ദ്രത്തിലേക്കു് ഉററുനോക്കുവാൻ പ്രേരിപ്പിക്കുന്നു. മായയുടെ പ്രഹരങ്ങളില്ലെങ്കിൽ അദൃശ്യമായ ആ ദൈവിക ജീവിതത്തിന്നായി മനുഷ്യൻ ആഗ്രഹിക്കുമോയെന്നു സംശയമാണു്.

ഈ ഭൂമിയിലെ ജീവിതം നിരന്തരമായ മാററസ്വഭാവത്തോടുകൂടിയതാണു്. ഇവിടെ മാതാപിതാക്കൾക്കും സഹോദരഗണങ്ങൾക്കും കളത്രപുത്രാദികൾക്കും മനുഷ്യനെ പൂർണ്ണതൃപ്തനാക്കുവാൻ കഴിവില്ലെന്നു അനുഭവത്തിൽ അറിഞ്ഞുകൂടെ? ലോകം സുഖംതരുമെന്നു പ്രത്യാശിപ്പിച്ചാലും അസുഖം തരും. ശാശ്വതമായ ഒന്നും ഈ ജഗത്തിലില്ല. അല്ലയോ മായാലോകമെ! ദുഃഖാലയമെ! നിന്നിൽനിന്നു് ഞങ്ങൾ എപ്പോൾ സ്വതന്ത്രരാകും? സത്യം ഒന്നേയുള്ളു. അതു് നിത്യനായ ദൈവം മാത്രം. സത്യത്തെ സാക്ഷാൽക്കരിച്ചില്ലെങ്കിൽ മനുഷ്യജീവിതം തകന്നുതന്നെ. പ്രാണായാമങ്ങൾകൊണ്ടു് ശരീരദോഷങ്ങൾ മാററണം. അതിനെപ്പററി മുമ്പു പറഞ്ഞിട്ടുണ്ടു്. ഏകാഗ്രതകൊണ്ടു് മനോമാലിന്യങ്ങൾ നീക്കംചെയ്യണം. ഇന്ദ്രിയനിഗ്രഹം ലോകത്തോടുള്ള വേഴ്ചകൾ നിമിത്തം സംഭവിക്കുന്ന ദോഷങ്ങളെ നിർമ്മാർജ്ജനംചെയ്യും. ധ്യാനം ഉയന്നുയന്നുവരുന്തോറും ദൈവസാക്ഷാൽക്കാരത്തിന്നു പ്രതിബന്ധങ്ങളായി നില്ക്കുന്ന രജസ്തമോ ഗുണങ്ങളെ ഉന്മൂലനം ചെയ്യും.

മായാലോകത്തിന്നപ്പുറം കടന്നുപററുന്നതിനുള്ള കപ്പൽ യേശുക്രിസ്തുവാണു്.

"വിശ്വാസക്കപ്പലിൽ സ്വർപ്പുരം
ചേരുവാൻ
ചുക്കാൻപിടിക്കണേ പൊന്നുനാഥാ"
"കൂടാരവാസികളാകും നമുക്കിങ്ങു്
വീടെന്നോനാടെന്നോ ചൊൽവാനെന്തു്"

## Fro Favours received



**Inserited by**
Geevarghes Easow
Maruthureth House; Puthenpeedika.

മായ ഒരു കളരി മാത്രം. ഈ കളരിയിൽ കിടന്നു വലയുന്ന നാം പരമസത്യത്തിലേക്കു് ക്രിസ്തുവഴി കയറിപ്പററണം. ദൃശ്യമായ പ്രപഞ്ചം നാം പ്രാപിക്കേണ്ട യഥാത്ഥവസ്തുവല്ലെന്നു് നിങ്ങൾ ശരിയായി അറിഞ്ഞുവെങ്കിൽ മായാദർശനമുള്ളവരായിതീർന്നു. അദൃശ്യമായ ശാശ്വതത്തിലേക്കു് യാത്രപുറപ്പെട്ടിരിക്കുന്നവർക്കു മാത്രമെ ഈ ധ്യാനപംക്തി

പ്രയോജനപ്പെട്ടുകയുള്ളു. മായയുടെ അടിമത്തത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചാൽ നാം യഥാർത്ഥ സ്വതന്ത്രരായി. എല്ലാ ശാസ്ത്രങ്ങളേയുംകാൾ മുന്നണിയിൽ നില്ക്കുന്നതു് ആത്മജ്ഞാനമത്രെ. യോഹ. 17, 3 ലും 21 ലും പറയുന്നപ്രകാരം അതു മനുഷ്യനെ അമർത്ത്യനാക്കും. സ്ഥലംമാററമല്ല മോക്ഷം നല്കുന്നതു്. ഈ മോക്ഷവാഞ്ഛമൂലം മററു സകല കാമങ്ങളും അടങ്ങണം. മററു കാമങ്ങൾ മോക്ഷം പ്രാപിക്കുവാൻ സഹായങ്ങളും ഒരുക്കങ്ങളുമാകട്ടെ.

മനുഷ്യനെ അനശ്വരസത്തയുമായി (ദൈവം) സംയോജിപ്പിക്കുന്ന ആത്മയോഗം പരിശീലിക്കുവാനുള്ള മാർഗ്ഗം വി: യോഹന്നാൻ ക്രോസ്സും ആവിലായിലെ വി: ത്രേസ്യായും പടിപടിയായി പറയുന്നുണ്ടു്. അങ്ങനെ മനുഷ്യാത്മാവു് രൂപാന്തരപ്പെട്ടു് ദൈവവൽക്കരണം പ്രാപിക്കും. (Transformation of soul) ഭീരുക്കൾക്കും വികല്പസ്വഭാവമുള്ളവർക്കും ഇതു പ്രാപിപ്പാൻ സാധിക്കുകയില്ല. ഒട്ടങ്ങാത്ത സമ്പത്തും ദീർഘമായ ജീവിതകാലവും മായ നമ്മെ കാണിച്ചാകർഷിച്ചുകൊണ്ടിരിക്കുന്നു. ആത്മാവിൻെറ ദൈവവൽക്കരണം കാണിച്ചു് പരി: റൂഹാ മറുവശത്തും ആകർഷിച്ചുകൊണ്ടിരിക്കുന്നു. ധീരോദാത്തതയുള്ളവർ മാത്രം പരി: റൂഹായുടെ വിളികേട്ടു് മായയിൽ വ്യാമോഹം വയ്ക്കാതെ മുമ്പോട്ടുപോകും. പാക്കിസ്ഥാൻകാരോടു യുദ്ധംചെയ്യു് മരിക്കാനുള്ള ധീരോദാത്തതയുണ്ടായാലും മായാജാലത്തിൽനിന്നും പുറത്തുവരുവാൻ അതു മതിയാകുകയില്ല. അനേകരും ദൈവഭക്തന്മാരായി ദൈവത്തെ വിളിക്കുന്നതും മായാ സന്തോഷങ്ങൾ വർദ്ധിച്ചുകിട്ടുവാനാണു്. അവരുണ്ടോ മായാവലയത്തിൽനിന്നും പുറത്തുവരുന്നു? തങ്ങളുടെ ഇന്ദ്രിയങ്ങളെ നിഗ്രഹിച്ചു്, മനസ്സിനെ ജയിച്ചു്, ദൈവത്തോടുള്ള ഐക്യം സാധിച്ചു് മോഹങ്ങളെ ദൂരെതള്ളുന്നവരാണു് യഥാർത്ഥ ധീരന്മാർ. ഇതു സാധിക്കുന്നതാണു് നമ്മുടെ ധർമ്മം. ഇതാണു് കത്തോലിക്കാ വിശുദ്ധന്മാർ നല്കുന്ന അനശ്വരസന്ദേശം.

നോക്കുക! മനുഷ്യരെ പിടികൂടിയിരിക്കുന്ന ഇന്ദ്രിയാനുഭവങ്ങളുടെ സ്ഥിതി വളരെ ഖേദകരമാണു്. അതിൽനിന്നും മോചനം നേടുകയെന്നതു് വളരെ പ്രയാസവുമാണു്. ബാഹ്യബന്ധങ്ങളിൽ മനുഷ്യൻ മുഴുകിയിരിക്കയത്രെ. ബാഹ്യബന്ധങ്ങൾ മനുഷ്യനെ ദുഃഖത്തിലാഴ്ത്തുന്നു. അവൻ മുഴുവൻ മായയാണെന്നാണു് സഭാപ്രസംഗി പറയുന്നതു്. യഥാർത്ഥസത്യത്തിനു പകരം നിഴലിനേയും, പരിശുദ്ധമായതിനു പകരം അശുദ്ധമായതിനേയും, സന്തോഷത്തിനുപകരം ദുഃഖത്തേയും, ആത്മാവിനുപകരം അനാത്മാവിനേയും, യഥാർത്ഥമായി കരുതി തെററിദ്ധരിക്കത്തക്കവിധം മായ വളരെ ശക്തിയായി മനുഷ്യരെ അടിമപ്പെടുത്തിയിരിക്കുന്നു.

ഒരാളുടെ ഇന്ദ്രിയലോകജീവിതം വളരെ വഞ്ചകമാണു്. എന്തെന്നാൽ അതു് എല്ലാ വസ്തുക്കളുടേയും അന്തസത്തയായ ദൈവത്തെ മറച്ചുവയ്ക്കുകയും ഒരുവൻെറ ഇന്ദ്രിയത്തിനു വിഷയമായ വസ്തുത മാത്രമാണു് യഥാർത്ഥമെന്നു് തോന്നലുണ്ടാക്കുകയും ചെയ്യുന്നു. സു


**For favours received**



**Inserted by**
M. M. Samuel,
Aikarakonam L. P. S.
Punalur.


വിശേഷത്തിലെ ധനവാനെപ്പോലെ മായയുടെ ബാലിശാവസ്ഥ പാതാളത്തിൽ ചെന്നു ചേർന്നിട്ടു് അറിഞ്ഞാലെന്തു പ്രയോജനം?

സേവനം അനുഷ്ഠിച്ചു് ഒരു ബതൽ വിമുക്തിയെ പ്രാപിക്കാമെന്നു് മനോഗതം ചെയ്യുന്നവരുണ്ടു്. അനശ്വരമായ ഏകവസ്തുവിൻെറ (ദൈവം) ജ്ഞാനംകൂടാതെ ഈ ലോകത്തിൽവച്ചു് ചെയ്യുന്ന എല്ലാ മഹൽകൃത്യങ്ങളും അന്തിമാഗ്നിയിൽ ശോധനചെയ്യുമ്പോൾ കത്തിപ്പോകുന്ന മരം, പുല്ലു്, വയ്ക്കോൽ എന്നിവയായിത്തീരും (കൊറി. 3, 11-13)

ജീവകാരുണ്യപ്രവൃത്തികൾ, വ്രതങ്ങൾ, ദാനങ്ങൾ, രാഷ്ട്രീയ ജീവിതം, ദേശസേവനം, സാമൂഹ്യജീവിതം, വ്യക്തിപരമായ ജീവിതം ഇവയെല്ലാംതന്നെ ദൈവത്തെ സാക്ഷാൽക്കരിച്ചിട്ടുണ്ടാകുന്ന കൃപാകർമ്മങ്ങളായി വരുമ്പോഴേ സേവനത്തിന്നർത്ഥമുള്ളു. അല്ലെങ്കിൽ ശാന്തിക്കു പകരം സേവനംതന്നെ ശണ്ഠകൾക്കും മനക്കലക്കങ്ങൾക്കും വകതരുന്നവയായിരിക്കും. ദൈവത്തോട്ട് എത്രത്തോളം ഒന്നിച്ചിരിക്കുന്നുവോ അത്രത്തോളമേ ശാന്തിയുണ്ടാകയുള്ളു. ഭൗതികതയുടെയും, ബാഹ്യതയുടെയും, സന്ദേഹങ്ങളുടെയും, അസ്ഥിരതയുടേയും പിന്നിലായി ആത്മീയതയുടേയും, ഐക്യത്തിന്റെയും, അനന്തതയുടേയും, നിശ്ചിതത്വത്തിന്റെയും യാഥാർത്ഥ്യം ഉണ്ടെന്നു് മനുഷ്യൻ പഠിക്കണം. ഈ യാഥാർത്ഥ്യത്തിന്റെ ബോധമില്ലാതെ ജീവൻ നഷ്ടപ്പെടുകയും ജീവിതം വെറും പൊള്ളയായിത്തീരുകയും നിരർത്ഥവും ഉദ്ദേശവിഹീനവും മൃതവുമെന്നപോലെ ആകുകയും ചെയ്യുന്നു. "ദിവ്യതയിൽ ജീവിക്കുകയെന്നതു് ഇന്ദ്രിയലോകത്തിന്റെ ഹ്രസ്വതയിൽ മരിക്കുകയെന്നതാണു്".

(തുടരും)

**For favours received**



**Inserted by**

Joy Chandanapally


## നിങ്ങളുടെ ആഘോഷങ്ങൾക്കു് മകുടം ചാർത്തുവാൻ

# സെൻറ തോമസ് ബാൻഡ്

## തുമ്പമൺ

തുമ്പമൺ മാമ്പിലാലി സെൻറ് തോമസ് പള്ളി ഇടവകാംഗങ്ങളായ വിദഗ്ദ്ധപരിശീലനം സിദ്ധിച്ച കലാകാരന്മാരെ അണിനിരത്തി ബ: വികാരിഅച്ചന്റെ രക്ഷാധികാരത്തിൽ സ്തുത്യർഹമാം വിധം നടത്തിവരുന്ന ബാൻറ സംഘം. നിങ്ങളുടെ ആഘോഷങ്ങൾക്കു് സൗന്ദര്യവും, ചൈതന്യവും പ്രദാനം ചെയ്യുന്നു. പള്ളിപ്പെരുന്നാളുകൾ, ഘോഷയാത്രകൾ, സ്വീകരണങ്ങൾ, ശവസംസ്കാര, വിലാപയാത്രകൾ മുതലായവയ്ക്കു് ബുക്കു ചെയ്യുവിൻ!!

**സി. ഡി. ശാമുവേൽ. ബാൻഡ്മാസ്റ്റർ**

C/o തോണ്ടവേലിൽ വീട്ട്

പോസ്റ്റാഫീസിനു കിഴക്കുവശം P. O. തുമ്പമൺ.

# കത്തോലിക്കാസഭയിലേക്ക്

## (റവ. കെ. ജേക്കബ് കിഴക്കേടത്ത്. തുവയൂർ)

ക്രൈസ്തവകാഹളം 1965 ജൂലൈ ലക്കത്തിൽ പുനരൈക്യപ്പെട്ട സഹോദരങ്ങളുടെ പുനരൈക്യത്തിനു പ്രേരകമായിതീർന്ന പ്രധാനസംഭവം അഥവാ കാരണം വിവരിച്ചു എഴുതി അയച്ചാൽ ആയതു് കാഹളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണെന്നുള്ള വാർത്ത ഞാൻ വായിക്കുകയുണ്ടായി. ആയതനുസരിച്ചു കർത്താവിൽ എളിയ ദാസനായ ഞാൻ വിശുദ്ധ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടവാനുണ്ടായ കാരണം അടിയിൽ ചേർക്കുന്നു.

ഞാൻ ജനിച്ചു വളർന്നതു് യാക്കോബായ സഭയിലാണ് ജന്മദേശം തുമ്പമൺ എന്ന സ്ഥലമാണ്. അവിടെനിന്നും പന്ത്രണ്ടാമത്തെ വയസ്സു മുതൽ കോന്നിയൂർ എന്ന സ്ഥലത്തു് പോയി താമസിച്ചു. ഇപ്പോൾ താമസിക്കുന്നതു് തുവയൂർ പടിഞ്ഞാറു് സെൻറു മേരീസ്സ് കത്തോലിക്കാപള്ളി ഇടവകക്കാരനായി കിഴക്കേടത്തു് വീട്ടിൽ ആണ്.

ആത്മരക്ഷ പ്രാപിക്കുവാൻ സഭയെഅനുസരിച്ചു ജീവിച്ചെങ്കിലേ സാധിക്കയുള്ളു എന്ന പരമാത്ഥം ചെറുപ്പത്തിൽ തന്നെ ദൈവകൃപയാൽ എന്നിൽ കുടികൊണ്ടിരുന്ന ഒരു സത്യമായിരുന്നു. ഇങ്ങനെ ഞാൻ എൻെറ കഴിവനുസരിച്ചുള്ള ഭക്തികൃത്യങ്ങളിൽ വിശ്വാസത്തോടെ പങ്കുകൊണ്ടു ജീവിച്ചുവന്നു.

കോന്നിയൂർ യാക്കോബായ ഇടവക നടത്തിക്കൊണ്ടുവന്നതു് ഓമല്ലൂർകാരായ പട്ടക്കാരായിരുന്നു. ഇപ്പോൾ നമ്മുടെ ഒരു വൈദികനായിരിക്കുന്ന ബ. ഫാദർ ജോഷ്വാ പീടികയിൽ അവർകളുടെ പിതാവു് പരേതനായ ഗീവർഗീസ്സ് പീടികയിൽ അവർകൾ ആ കൂട്ടത്തിൽ പെട്ട ഒരാളായിരുന്നു. അദ്ദേഹം 1926-ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഈ സമയത്തു് ഞാൻ കോന്നിയിൽ താമസിച്ചുവരികയായിരുന്നു. കോന്നിയിൽനിന്നും എൻെറ സ്നേഹിതനായ പച്ചത്തുവീട്ടിൽ പരേതനായ പി. കെ. സ്കറിയായും കുടുംബവും കൂടെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടുകയുണ്ടായി. ഇതിനെക്കുറിച്ചെല്ലാം സ്ഥലത്തുള്ള ഞങ്ങൾക്കു വലിയ വിരോധമുണ്ടാകയും ഇവരൊക്കെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതു് ഏതോ ചില ആദായമാർഗ്ഗത്തിൻെറ പേരിലാണെന്നു കരുതി പറയുകയും ചെയ്തുകൊണ്ടിരുന്നു. ഇതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല സഭയെക്കുറിച്ചു വേണ്ടതുപോലെ പഠിക്കുന്നതിനു യാക്കോബായസഭയിൽ വച്ചു എനിക്കു സാധിച്ചിരുന്നില്ല. സ

---

(302-ാം പേജിൻെറ തുടർച്ച)

ഹിതൃരജതജൂബിലി സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു. ജൂബിലിയാഘോഷങ്ങളിൽ അഭിവന്ദ്യ തിരുമേനിയും മോൺസിഞ്ഞോരന്മാരും അനേകം വൈദികസുഹൃത്തുക്കളും സംബന്ധിക്കുകയുണ്ടായി. 1940-ൽ കാൻഡിയിൽ നിന്നു വൈദികനായി വന്ന ബ. കരിയിലച്ചൻ, തിരുവനന്തപുരം പെററിസെമിനാരി വൈസ് റക്ടർ, റക്ടർ, പല പള്ളികളിലും വികാരി, മൈലപ്രാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, നാലാഞ്ചിറ മോഡൽസ്കൂൾ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ ആത്മാത്ഥമായ സേവനങ്ങളനുഷ്ഠിച്ചതിൻെറ ശേഷം രണ്ടു വർഷമായി പട്ടം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിക്കുകയാണ്. അദ്ദേഹത്തിൻെറ ഭരണകാലത്തു് പട്ടം ഹൈസ്കൂൾ എല്ലാ നിലകളിലും കാര്യമായ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്.


കുശാഗ്രബുദ്ധിയും മിതഭാഷിയും ഉത്തമവൈദികനുമായ പെ. ബ കരിയിലച്ചന് ക്രൈസ്തവകാഹളം സകല മംഗളങ്ങളും നേർന്നുകൊള്ളുന്നു.

ത്യം ഗ്രഹിച്ചാൽ ഞാൻ അതു സ്വീകരിക്കുമെന്നു് എന്റെ സ്നേഹിതനായ പി. കെ. സ്കറിയാച്ചു് എന്നേക്കുറിച്ചു ഒരു വിചാരമുണ്ടായിരുന്നു. ഞങ്ങൾക്കു തമ്മിൽ ഇടപെടേണ്ടതായ ചില കാര്യങ്ങളും വന്നുകൂടി. ഇക്കാലത്തു് മി. പി. കെ. സ്കറിയ സത്യദീപത്തിനു് ചില ലേഖനങ്ങൾ കൊടുത്തുകൊണ്ടിരുന്നു.

അദ്ദേഹം ഒരിക്കൽ എന്നോടു ചോദിച്ചു. ''സ്നേഹിതാ, നമ്മുടെ മശിഹാ തമ്പുരാൻ ഈ ലോകത്തിൽ സ്ഥാപിച്ച സഭ ദൃശ്യമോ അദൃശ്യമോ; എന്തു തോന്നുന്നു?'' ഞാൻ ഉത്തരമായി സഭ ദൃശ്യമാണു് എന്നു പറഞ്ഞു. രണ്ടാമതായി ആ സഭ ഏകമോ, പലതോ എന്നു ചോദിച്ചു. വിശ്വാസപ്രമാണം പഠിച്ചിട്ടുള്ളതുകൊണ്ടു് സഭ ഏകമാണു് എന്നു ഞാൻ പറഞ്ഞു. മൂന്നാമതായി ആ സഭയ്ക്കു് ദൃശ്യമായ ഭരണാധികാരികളുണ്ടോ എന്നു് ചോദിച്ചു. ഉത്തരം ദൃശ്യമായ ഭരണാധികാരികളുണ്ടു്. നാലാമതായി ദൃശ്യമായ ഭരണാധികാരികളിൽ ശ്രേഷ്ഠാധികാരിയായി മശിഹാ തമ്പുരാൻ ആരെയെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനു വേദപുസ്തകത്തിൽ വല്ല തെളിവുമുണ്ടോ എന്നു ചോദിച്ചു. ഞാൻ പറഞ്ഞു വി. പത്രോസിനെ സഭയുടെ പരമാധികാരിയായി മശിഹാതമ്പുരാൻ നിശ്ചയിച്ചിട്ടുള്ളതായി പല വേദതെളിവുകളുമുണ്ടു്. യഥാർത്ഥ യാക്കോബായ സഭയും അതിനെ വിശ്വസിക്കുന്നുണ്ടു് എന്നു പറഞ്ഞു.

അഞ്ചാമതായി മശിഹാതമ്പുരാൻ ഒരു ചരിത്രപുരുഷൻകൂടിയാകയാൽ താൻ സ്ഥാപിച്ച സഭാസ്ഥാപനത്തിനു് ഇട മുറിയാത്ത ഒരു പിൻതുടർച്ചക്കാരനുമുണ്ടായിരിക്കേണ്ടതു് ആവശ്യമോ എന്നു് ചോദിച്ചു. ഞാൻ ഉത്തരമായി ശ്ലൈഹികമായ കൈവയ്പ്പോടുകൂടിയ ഒരു പിൻതുടർച്ചക്കാരൻ ഉണ്ടായിരിക്കേണ്ടതു് ഏററവും ആവശ്യമായിട്ടുള്ളതാണു് എന്നു് മറുപടി പറഞ്ഞു. ഇത്രയും കാര്യങ്ങളെ ചിന്താവിഷയമാക്കി നിങ്ങൾ നില്ക്കുന്ന യാക്കോബായ സഭയ്ക്കു് ഈ ലക്ഷണങ്ങൾ എല്ലാം ചേരുന്നുണ്ടോ എന്നു് ചോദിച്ചു. അപ്പോൾ ഞാൻ ഒന്നും പറഞ്ഞില്ല. അന്നു മുതൽ ഞാൻ ചിന്തിക്കാൻ തുടങ്ങി. കൽക്കിദൂനാ സുനഹദോസിനെ നിഷേധിച്ചു് സഭയിൽനിന്നകന്നു നിൽക്കുതു് നല്ലതാണോ എന്നു്. അതോടുകൂടെ പല കത്തോലിക്കാ ഗ്രന്ഥങ്ങളും കൂടെ വായിക്കുവാൻ ഇടയായി. ശീശ്മ രക്ഷയ്ക്കു തടസമുള്ളതാണല്ലോ എന്നു് മനസ്സിലാക്കാൻ സാധിച്ചു. യാക്കോബായക്കാർ ഉപയോഗിക്കുന്ന ഒരു പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു. മറുതലിപ്പുകാർക്കും ചണ്ഡാലർക്കും ഒരിക്കിയിരിക്കുന്ന നരകം നേടുവാൻ ഞങ്ങൾക്കു് ഇടയാകരുതു്, എന്നു്. കുറച്ചു ദിവസം ഈ ചിന്തയിൽ കഴിഞ്ഞുകൂടി. ഒടുവിൽ തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷനായിരുന്ന കാലം ചെയ്ത മാർ തെയോഫിലോസു് തിരുമേനി കോന്നിക്കു് അടുത്തു് വലംചുഴിയിൽ ആരാധനയ്ക്കുള്ള തൽക്കാല ഷെഡു് തുറക്കുവാനായി വരികയും ഞാനും മിസ്റ്റർ പി. കെ. സ്കറിയായും അവിടെ പോകുകയും വന്ദ്യ തിരുമനസ്സിലെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു ഞാൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തു. മാർ ഈവാനിയോസു് തിരുമേനിയും മററും പുനരൈക്യപ്പെട്ടതിന്റെശേഷം രണ്ടു കൊല്ലം കൂടി കഴിഞ്ഞാണു് എന്റെ പുനരൈക്യം.

**For favours received**



**Inserted by**
Geevarghese Easow
Maruthureth House,
· Puthenpeedika.




## ക്രിസ്തുനാഥൻ

സുപ്രസിദ്ധഗ്രന്ഥമായ "ക്രിസ്തുനാഥാനുകരണ"ത്തിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു. "ഒരു ക്രിസ്ത്യാനിയുടെ പരമമായ ധർമ്മം കർത്താവായ യേശുക്രിസ്തുവിൻെറ ജീവിതത്തെക്കുറിച്ചു ധ്യാനിക്കുകയത്രേ" ഒരു ക്രിസ്ത്യാനിക്കു് യേശു സർവ്വസ്വമാണു്. താൻ "വഴിയും സത്യവും ജീവനു"മാകുന്നു." "മനുഷ്യ രക്ഷയ്ക്കായി ആകാശത്തിൻെറ കീഴിൽ കർത്താവായ യേശുക്രിസ്തുവിൻെറ നാമമല്ലാതെ ഒരു നാമവും നല്കപ്പെട്ടിട്ടില്ല" അതിനാൻ ക്രിസ്തുവിനെ നന്നായി അറിയാൻ നാം സർവ്വഥാ യത്നിക്കേണ്ടതാണു്. ക്രിസ്തു ആരു്? താൻ നമുക്കുവേണ്ടി എന്തുചെയ്തു? താൻ എപ്രകാരമുള്ള ജീവിതം നയിച്ചാണു നമുക്കു മാതൃകതരുന്നതു്? താൻ അരുളിച്ചെയ്ത ദിവ്യോപദേശങ്ങളേതെല്ലാം? ഇമ്മാതിരിക്കാര്യങ്ങളെക്കുറിച്ചു ഗ്രഹിക്കണമെങ്കിൽ യേശുവിൻെറ ജീവചരിത്രത്തിലേക്കു നാം കടന്നുചെല്ലേണ്ടതുണ്ടു്.

നലംതികഞ്ഞ പണ്ഡിതന്മാരും ഗവേഷകരും രചിച്ച "ക്രിസ്തുനാഥചരിത്ര" ഗ്രന്ഥങ്ങൾ പാശ്ചാത്യഭാഷകളിൽ ധാരാളമുണ്ടു്. ആബേഫൂവാ, ലഗ്രാഞ്ജു്, പപ്പീനി, കാൾ ആഡം, റിച്ചിയോത്തി, ഡാനിയൻ റോപ് തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധങ്ങളത്രേ. ഒരമേരിക്കൻ പണ്ഡിതനായ ഇസിദോർ ഒബ്രിയൻെറ കൃതിയും പ്രശസ്തിആർജ്ജിച്ചതാണു്.


മലയാളത്തിൽ "ക്രിസ്തുനാഥചരിത്രം" ദുർല്ലഭമാണെന്നുവേണം പറയാൻ. സ്വതന്ത്രകൃതികൾ നന്നേചുരുങ്ങും. ഏതാനും പരിഭാഷകളും കണ്ടേക്കാം. ഇക്കുറവെല്ലാം നികത്തുന്ന ഒരു ഗ്രന്ഥതല്ലജം ഇതാ മലയാളികൾക്കു് അനുഗൃഹീതതൂലികാകാരനായ ഫാദർ ജേക്കബ്ബ് ഞായല്ലൂർ കാഴ്ചവച്ചിരിക്കുന്നു. ഇതൊരു സ്വതന്ത്രകൃതിയല്ലന്നു സമ്മതിക്കണം. ഇസിദോർ ഓബ്രിയൻെറ മൂലകൃതിയുടെ വിവർത്തനംതന്നെ. എന്നാൽ എന്തൊരു മികച്ച വിവർത്തനം! തള്ളേണ്ടതു തള്ളിയും കൊള്ളേണ്ടതു കൊണ്ടും ചിലപ്പോൾ പരത്തിപ്പറഞ്ഞും പരിഭാഷകൻ വേണ്ട ഔചിത്യം ദീക്ഷിച്ചാണീ പരിഭാഷ നടത്തിയിരിക്കുന്നതു്. അതിനാൽ ഏതാണ്ടു് ഒരു സ്വതന്ത്രമലയാളകൃതിയുടെ സ്ഥാനത്തെത്തുന്നുണ്ടീഗ്രന്ഥം. അക്ലിഷ്ടമായ ശൈലിയും ലളിതസുന്ദരമായ ഭാഷയും ഈ ഗ്രന്ഥത്തിനു മാററുകൂട്ടുന്നു. വിവർത്തനം ക്ലേശകരമായ ഒരു ജോലിയാണു്. ഫാദർ ഞായല്ലൂർ ഈ ക്ലേശം വിജയപൂർവ്വം തരണംചെയ്യുകതന്നെ ചെയ്തു.

ഗ്രന്ഥത്തിൻെറ കെട്ടും മട്ടും തരക്കേടില്ല. ചിന്തയ്ക്കും ധ്യാനത്തിനും പററിയ ഈ ഗ്രന്ഥത്തിനു പ്രചുരപ്രചാരവും ഗ്രന്ഥകാരനു് ഭാവുകവും നേരുന്നു.

ഫാദർ ഡാനിയൽ അയ്യനേത്തു് **M. A.**

---

**For favours received**



**Inserted by**

K. P. MARYAMMA.

# അതിരൂപത വാർത്തകൾ.

തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ററ് മാർ ഗ്രീഗോറിയോസ് തിരുമേനി 21-ാം പൊതു സുനഹദോസിൽ സംബന്ധിക്കുവാനായി ഈ സെപ്ററംബർ 3-ാം തീയതി വിമാനമാർഗ്ഗം റോമിലേക്ക് പോയിരിക്കുന്നു.

കളീക്കവിള മുതൽ തെക്കോട്ട് മദ്രാസ് സ്റ്റേററിലുള്ള സ്ഥലങ്ങളിലെ സ്കൂളുകളിൽ മലയാളം നിറുത്തിക്കളയുകയും തമിൾ മാത്രം പഠിപ്പിക്കയും ചെയ്തുവരുന്നതിനാൽ അവിടെ മലയാളമറിയുന്നവർ വളരെ കുറഞ്ഞുവരുന്നു. അതുകൊണ്ട് അവിടെയുള്ള നമ്മുടെ ജനങ്ങളുടെ ഉപയോഗാർത്ഥം കുർബാനക്രമവും കുർബാന തക്സായും തമിഴിലേക്ക് വിവർത്തനം ചെയ്തിരുന്നു. ഈ സെപ്ററംബർ 21-ാം തീയതി ചെല്ലംകോണം പള്ളിയിൽ വച്ച് വന്ദ്യ റമ്പാച്ചൻ തമിഴിൽ കുർബാന ചൊല്ലി അവയുടെ ഉൽഘാടനകർമ്മം നിർവ്വഹിച്ചിരിക്കുന്നു.

മരിയാഗിരി പള്ളിയിലെ പെരുനാളോടനുബന്ധിച്ചുള്ള സുവിശേഷപ്രസംഗയോഗം പീലിപ്പോസ് റമ്പാച്ചന്റെ നേതൃത്വത്തിലും റവ. ഫാ. വി. പി എബ്രഹാം, ഫ്രാൻസിസ്കൻ ബ്രദേഴ്സ് എന്നിവരുടെ പരിശ്രമത്തിലും ഈ സെപ്ററംബർ 23 മുതൽ 26 വരെയുള്ള തീയതികളിലായി നടത്തപ്പെട്ടിരിക്കുന്നു.

ഓമല്ലൂർ റവ: ഫാദർ ജോഷ്വാ പീടികയിലിന്റെ പ്രിയ മാതാവ് വാർദ്ധക്യസഹജമായ രോഗം മൂലം ഈ 29-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം പെ. ബ. റമ്പാച്ചന്റെയും റവ. ഫാദർ ജോഷ്വാ പീടികയിലിന്റെയും പ്രധാന കാർമ്മികത്വത്തിലും ഒട്ടനേകം പട്ടക്കാരുടെയും ഇടവകജനങ്ങളുടെയും ബന്ധുമിത്രാദികളുടെയും സഹായസഹകരണത്തിലും പുത്തൻപീടിക സിറിയൻ കത്തോലിക്കാ പള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. പരേത നിര്യാതനായ ഫാദർ ഗീവറുഗീസ് പീടികയിലിന്റെ പ്രിയ പത്നിയായിരുന്നു എന്നതും സ്മർത്തവ്യമാണ്. പരേതയുടെ ആത്മാനുകൂലാർത്ഥം പ്രാർത്ഥിപ്പാറാകണം.

റവ. ഫാദർ മാത്യൂ ഇലഞ്ഞിക്കൽ ഉപരിപഠനാർത്ഥം ഈ സെപ്ററംബർ 29-ാം തീയതി വിമാനമാർഗ്ഗം റോമിലേക്ക് പോയിരിക്കുന്നു.

**For favours received**



**Inserted by**

ശാന്ത ജോൺ,

വലിയവീട്ടിൽ, തുമ്പമൺ.

ഇടമൺ ഇടവകയിൽപ്പെട്ട റവ: ബ്ര. തോമസ് പടിയംകുളം ഉപരിപഠനാർത്ഥം ഈ 29-ാം തീയതി ഇവിടെനിന്നും വിമാനമാർഗ്ഗം ജർമ്മനിയിലേക്ക് പോയിരിക്കുന്നു.

നേഴ്സിംഗിനു പഠിക്കുവാനായി നമ്മുടെ പല ഇടവകകളിൽനിന്നുമായി സ്കൂൾ ഫൈനൽ പാസായ ഏഴു പെൺകുട്ടികൾ ഈ

സെപ്റ്റംബർ 29-ാം തീയതി വിമാനമാർഗ്ഗം ജർമ്മനിയിലേക്ക് പോയിരിക്കുന്നു.

കാരമ്മാട്ടുപള്ളിയിലെ സൺഡേസ്കൂളിന്റെയും ലീജിയൻ ഓഫ് മേരിയുടേയും ഏറ്റു കോപിച്ചുള്ള വാർഷികസമ്മേളനം 11-9-65-ൽ വെരി. റവ. ഫാ. ജോർജ് പാലത്തുംപാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. മി. പി. സി. ഡാനിയേൽ ബി. ഏ. ബി എൽ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

തുമ്പമൺ മാമ്പിലാലി ഇടവകയിലെ സൺഡേസ്കൂൾ വാർഷികം വിവിധ പരിപാടികളോടുകൂടി സെപ്റ്റംബർ 5-ാം തീയതി റവ. ഫാ. തോമസ് പ്ലാവിലയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ. തോമസ് പൊൻമേലിയും ശ്രീ പി. വി. തോമസ് B. Sc B Ed-ഉം പ്രസംഗിച്ചു.

പൗവ്വധിക്കോണത്ത് നവീനമായി നിർമ്മിച്ചിട്ടുള്ള ദൈവാലയത്തിന്റെ കൂദാശാകർമ്മം അഭിവന്ദ്യ തിരുമേനി ആഗസ്റ്റ് 21-ാം തീയതി നിർവഹിച്ചു. കരക്കാരുടെയും ഇടവകക്കാരുടെയും വകയായി വികാരി റവ. ഫാ. ജോസ് മാത്യുവിന്റെ പ്രഗത്ഭ നേതൃത്വത്തിൽ തിരുമേനിക്കു ഒരു വമ്പിച്ച സ്വീകരണവും നൽകപ്പെട്ടു. പള്ളിക്കൂദാശയിലും അതിനു ശേഷം നടന്ന പൊതുയോഗത്തിലും വലിയ ഒരു ജനക്കൂട്ടം സംബന്ധിച്ചു.

## ഷഷ്ട്യബ്ദപൂർത്തി.

റവ. ഫാദർ ജോസഫ് വാഴപ്പിള്ളേത്തിന്റെ ഷഷ്ട്യബ്ദപൂർത്തി വടശ്ശേരിക്കരവച്ച് ആഘോഷിച്ചിരിക്കുന്നു. രാവിലെ പള്ളിയിൽവച്ച് വെ. റവ. ഫാ. തോമസ് പണിക്കരും വെ റവ. ഫാ. ഏബ്രഹാം തെക്കേടത്തും റവ. ഫാ. ഒ. കെ. വറുഗീസും ചേർന്നു വി. മൂന്നിന്മേൽ കുർബാന ചൊല്ലി. അതിനു ശേഷം നടന്ന യോഗത്തിൽ റവ. ഫാ. സ്റ്റീഫൻ ഒ. ഐ. സി. അദ്ധ്യക്ഷത വഹിച്ചു. ബ. അച്ചനു ഭാവുകങ്ങൾ നേർന്നുകൊണ്ടു പലരും പ്രസംഗിച്ചു. പല പാരിതോഷികങ്ങളും ബ. അച്ചനു ലഭിച്ചു. റവ. ഫാ. സാമുവേൽ തെങ്ങുവിളയും റവ. ഫാ. മാത്യു വാഴപ്പിള്ളേത്തും സന്നിഹിതരായിരുന്നു. ബ. അച്ചന്റെ വീട്ടിൽവച്ച് പ്രാർത്ഥനകളും സദ്യയും നടത്തപ്പെട്ടു. അച്ചന് സകല ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

---

**For favours received**



**Inserted by**
P. A. T.

---

## ശ്രദ്ധിക്കുക!


ക്രൈസ്തവകാഹളത്തിന്റെ വരിസംഖ്യ കുടിശിഖയുള്ളവർ അതുടനേതന്നെ അയച്ചുതന്നു സഹായിക്കണമെന്നപേക്ഷ. M. O. അയയ്ക്കുമ്പോൾ രജി. നമ്പർകൂടി കാണിച്ചിരിക്കണമെ. നന്ദി.

മാനേജർ,
ക്രൈസ്തവകാഹളം, തിരുവനന്തപുരം-4.

**Registered No: K. 405.**

## ഉടൻ ആവശ്യപ്പെടുക

# ‘ക്രിസ്തുനാഥൻ’

**റവ. ഫാദർ ഇസിദോർ ഓബ്രിയൻ** രചിച്ചതും ഫാദർ ജേക്കബ് ഞായല്ലൂർ പരിഭാഷപ്പെടുത്തിയതുമായ ഈ സുന്ദരകൃതിയുടെ ഒന്നാമത്തെ പതിപ്പ് മിക്കവാറും തീരാറായിരിക്കുന്നു. അറുന്നൂറിൽപരം പുറങ്ങളുള്ള ഈ ഗ്രന്ഥത്തിനു **വില അഞ്ചു രൂപ.** മുൻകൂർ പണമയയ്ക്കുന്നവർക്ക് പോസ്റ്റേജ് സൗജന്യം.

ഈ ഗ്രന്ഥത്തെക്കുറിച്ച് സുപ്രസിദ്ധ പണ്ഡിതനും ഗ്രന്ഥകാരനുമായ **മോൺ. തോമസ് വടശ്ശേരി** പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധിക്കുക.

> “ഗ്രന്ഥം ബൃഹത്തും ആകാരം മനോഹരവും ഭാഷ ലളിതസുന്ദരവും പ്രതിപാദനം സരസകോമളവും ആയിരിക്കുന്നു. സുവിശേഷങ്ങളിലെ കാര്യങ്ങൾ സുവ്യക്തമായി ഗ്രഹിക്കുന്നതിനും അവഗാഢം പഠനം ചെയ്യുന്നതിനും ഈ ഗ്രന്ഥം വളരെ ഉപകരിക്കും. ഗ്രന്ഥത്തിനു പ്രചുരപ്രചാരവും ഗ്രന്ഥകാരനു വിജയമംഗളങ്ങളും ആശംസിക്കുന്നു”.
>
> തിരുവല്ലാ,
> ൨൨—൮—’65.
>
> മോൺ. തോമസ് വടശ്ശേരി.

**കോപ്പികൾ അധികമില്ലാത്തതുകൊണ്ടു ഉടൻ ആവശ്യപ്പെടുക.**

**മാനേജർ,**
സെൻറ് മേരീസ് പ്രസ്സ്,
പട്ടം, തിരുവനന്തപുരം-4.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*